015:2122 2 32H1 SUBHADRA DHANANJAYAM GOPALANKUTTY MENON

015:2I22:2
32H1

2I22:2 32H1
UTTY MENON
r.
anja-

MUL
165500

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number

Accession Number

Available for loan from

This book should be returned on or be
the date last marked below.

O. 61

Subhadradhananjayam

# സുഭദ്രാധനഞ്ജയം

(ഭാഷാനാടകം)

UNIVERSITY LIBRARY
13 JUL 1955
MADRAS

Tr.

പരിഭാഷകൻ:

എം. ഗോപാലൻകുട്ടിമേനോൻ, ബി. എ.

M. Gopalankutty Menon, B.A.

PRINTED AT
THE VIDYA VINODINI PRESS,
TRICHUR.
1117

[PRICE 1 Re.] [വില 1ക.

1/8
7805

165500
38428
015:2I22:2
3241

# മുഖവുര

കേരളത്തിൽ കൂടിയാട്ടത്തിന്നുപയോഗിച്ചുവരുന്ന നാടകങ്ങളിൽവെച്ച് ഏററവും പ്രസിദ്ധമായതാണ് 'സുഭദ്രാധനഞ്ജയം.' കുലശേഖരമഹാരാജകൃതികളിൽ ഒന്നായ ഈ വിശിഷ്ടനാടകം ഇതേവരെ മലയാളത്തിൽ വന്നുകഴിഞ്ഞിട്ടില്ല. മൂലത്തിലെ അർത്ഥത്തിന്നും രചനാശില്പത്തിന്നും പറയത്തക്ക വിലോപം തട്ടാത്തവണ്ണം ഈ നാടകം തർജ്ജമചെയ്യുവാൻ വശ്യവാക്കായ ശ്രീ. എം. ഗോപ്ലൻകുട്ടിമേനോനു സാധിച്ചിട്ടുണ്ട്. ഇപ്പോഴും ഒരു കോളേജുവിദ്യാർത്ഥിയായിരിക്കുന്ന അദ്ദേഹത്തിന്റെ ഈ ഭാഷാന്തരീകരണം എല്ലാംകൊണ്ടും പ്രോത്സാഹനാർഹമാണ്.

പ്രസാധകൻ,

എം. മാധവൻ മൂസ്സത്.

# മംഗളാദ്യാനി

രക്തം നിസ്തുലചാരുകൌസ്തുഭമഹാ-
 രത്നപ്രദീപ്താഭയാ
മന്ദസ്മേരരുചാ ശ്രിയോ ധവളിതം
 വക്ഷഃസ്ഥലം ശാൎങ്ഗിണഃ
സന്ധ്യായാം ദിനനാഥചന്ദ്രകിരണൈ-
 ൎഭാസീവ രമ്യം നഭോ
നീലശ്യാമളമാതനോതു സതതം
 ശ്രേയാംസി ഭൂയാംസി നഃ. ൧

കല്പക്ഷ്മാരുഹഷണ്ഡമണ്ഡിതമഹോ-
 ദ്യാനേ ലസന്മണ്ഡപേ
ഹൈമേ സാന്ദ്രവിലാസിനീഭിരമലൈഃ
 പുഷ്പൈസ്സമഭ്യൎച്ചിതാ
വീണാപുസ്തകയുക്തഹസ്തകമലാ
 യാ ഭാസതേ ഭാസുരാ
താം ഭക്ത്യാ സമുപാസ്മഹേ ച വചസാം
 ദേവീം വിരിഞ്ചപ്രിയാം. ൨

ഹസ്തേ ന്യസ്തേ സ്തനകലശയോ-
 രിന്ദുചൂഡേന രാഗാത്
ഭൂയോ ഭൂയോ ബത! തദനുകൂ-
 ലാഽപി ലജ്ജാഭരേണ

പശ്ചാത്കൃത്വാ വദനകമലം
'മാസ്പൃശേ'ത്യാലപന്തീ
ഗൌരീ ഗൌരോജ്ജ്വലതരതനു-
ർവ്വിഘ്നശാന്തിം കരോതു. ൩

പ്രജ്ഞാമന്ഥമഹീധരേണ മഥിതാത്
ശാസ്ത്രാംബുധേസ്സഞ്ചിതൈ-
ർസ്സാരാർത്ഥവരാമൃതൈസ്സുമനസാം
മോദം വിധത്തേ പരം!
'സീതാരാമ'ഗുരോസ്സ തസ്യ ചരണോത്
ഭാസ്വന്നഖേന്ദുച്ഛവി-
സ്സമ്മോഹാന്ധ്യമനാരതം ഹരതു നഃ
കാവ്യാദ്ധ്വസഞ്ചാരിണാം. ൪

ഗോപാലകവിഃ

# നിവേദനാ

ശ്രീമാൻ സീമാധികഗുണഗണാംഭോധിരാസീന്നരേന്ദ്രഃ
സ്ഫീതാംഭോദദ്യുതിമുഷി ഹരൌ ഭക്തിഭാജാം വരിഷ്ഠഃ
വഞ്ചിക്ഷ്മാഭൃത്കുലജലധിസംഭൂതസമ്പൂർണ്ണചന്ദ്രഃ
സർവ്വേഷാമപ്യകലുഷധിയാം മൂർത്തിമാൻ പുണ്യപൂരഃ. ൧

കമലാഭിയുതോ ബുധാഭിപൂജ്യഃ
കുമുദോല്ലാസകരഃ കലാധിനാഥഃ
ക്ഷണദാപതിസന്നിഭോഽപ്യഹോഽഭൂ
ന്ന കദാചിത്തു ഭവിക്ഷയോന്മുഖോ യഃ. ൨

നൃപോത്തംസേ യസ്മിൻ ഗുണിനി സു-
തരാം ശാസതി ധരാ_
മസത്യോക്തിഃ കാവ്യേഷ്വതികടു-
മദോ ഹസ്തിഷു തദാ!
കളങ്കോഽപ്യേണാങ്കേ ബത! ചപ-
ലതാ വാരിദതടി-
ത്സ്വഭൂത് കേശേഷ്വിന്ദുപ്രതിഭട-
മുഖീനാം കുടിലതാ. ൩

സമാനയംസ്തേന കൃതം തു സംസ്കൃതേ
'ധനഞ്ജയം' കേരളവാചി രൂപകം
അതിപ്രയത്നേന പുരാ ഭഗീരഥഃ
ക്ഷിതൌ യഥാ നിർജ്ജരവാഹിനീം ദിവഃ. ൪

പ്രരൂഢദോഷാം ഖലു തസ്യ വാചഃ
പ്രകാശയേയുർന്നിതരാം ഗിരം നഃ.
കളങ്കയുക്താമപി ചന്ദ്രലേഖാം
യഥാ ഖരാംശോർഘൃണയോഽതിദീപ്താഃ. ൫

# സമർപ്പണം

'ശ്രീസീതാരാമനാമാ' സ ജയതി വസുധാ
ദേവ ചൂഡാവതംസഃ
ശ്രീമാൻ ശിഷ്യൌഘബോധാഭിധഫലദസുര
ക്ഷ്മാരുഹശ്ചാരുകീർത്തിഃ

സ്വർഗ്ഗംഗാതുംഗവീചിപ്രകടമഹദഹ
ങ്കാരഭംഗപ്രസംഗേ
ധത്തേ യസ്യാതിഃചലം മഹിതബലമിഹാ-
നർഗ്ഗളോ വാഗ്വിലാസഃ. ൧

തസ്യ പദാംബുജഭൃംഗ
ശ്രീഗോപാലോ ബഭൂവ കവിതിലകഃ
ഗൈർവ്വാണീകൈരള്യൗ
യം മോദാദനിശമനുവർത്തേതാം. ൨

പ്രഥിതപരിഭാഷേയം തേനാധുനാ കുലശേഖര-
ക്ഷിതിപരചിതപ്രോദ്യസീനാടകസ്യ കൃതാ മയാ
ചരണയുഗളേ ഭക്ത്യാ തസ്യാർപ്പിതാ സുധിയോ ഗുരോ
സ്സദയമനുഗൃഹ്ണാതു സ്വീകൃത്യ തത്രഭവാനിമം. ൩

ഇതി ഗോപാലകവിഃ.

# സുഭദ്രാധനഞ്ജയം

(ഭാഷാനാടകം)

UNIVERSITY LIBRARY
13 JUL 1955
MADRAS

## ഒന്നാമങ്കം

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ:—

നേത്രത്തെത്തെല്ലുചിമ്മി, പ്രഥമഘടനയോ-
ത്തിട്ടു, ലജ്ജാഭരം പൂ-
ണ്ടത്യന്തം പ്രേമമോടും, സ്തനകലശമതൊ-
ട്ടേറെ മർദ്ദിച്ചിടാതെ,
പ്രീത്യാ രോമാഞ്ചമുണ്ടാംപടി, മദനരസാൽ
പത്മജാകേശവന്മാ-
രാദ്യം ചെയ്തുള്ളൊരാലിംഗനവിധി ശുഭമേ-
കട്ടെ നിങ്ങൾക്കു മേന്മേൽ ൧

രധികം വിസ്തരിച്ചിട്ടാവശ്യമില്ല; അതിനാൽ പാരിപാശ്വികനെ വിളിച്ച് ഉദ്ദേശസിദ്ധിക്കായി പ്രയത്നിക്കുകതന്നെ. (ചുററിനടന്നു് അണിയറയിലേക്കു നോക്കി) മാരിഷ! ഇത്രത്തോളം—

പാരിപാശ്വികൻ:—(വന്നിട്ടു) ഭാവ! ഞാനിതാ.

സൂത്ര:—മാരിഷ! തീർത്ഥയാത്ര കഴിച്ചു മടങ്ങിവന്ന ഉടൻതന്നെ ഞാനീ പരിഷത്തിനാലിങ്ങിനെ നിർദ്ദി

ഷ്ടനായിരിക്കുന്നു:—"ഇപ്പോഠം പുതിയതും വിദ്വൽ ജനകൎണ്ണഭൂഷണവുമായ 'സുഭദ്രാധനഞ്ജയ'മെന്ന നാടകത്തെ ഭവാനഭിനയിച്ചാലു"മെന്നു്. അതിനാൽ നാമൊരുങ്ങുക.

പാരി:— ശാകുന്തളാദി ഉത്തമനാടകങ്ങളാൽമാത്രം വിനോദിപ്പിക്കപ്പെടാവുന്ന ഈ അഭിജ്ഞന്മാരെ തന്റെ പ്രബന്ധത്താൽ സന്തോഷിപ്പിക്കുന്ന ഈ കവി ആരാണു്?

സൂത്ര:—കേട്ടാലും. എല്ലായ്പോഴും ഹൃദയത്തിൽ കുടികൊള്ളുന്ന പത്മനാഭസ്വാമിയുടെ പാദപാംസുക്കളാൽ നശിപ്പിക്കപ്പെട്ട പാപങ്ങളോടു കൂടിയവനും, ബുദ്ധിയാകുന്ന മന്ദരത്താൽ മഥിതമായ മഹാഭാരതസാഗരത്തിൽ നിന്നും വിജ്ഞാനപീയൂഷത്തെ ആൎജ്ജിക്കുന്നവനും, സകല മിത്രസമൂഹത്താലും സ്വയം സ്വീകരിക്കപ്പെടുന്ന ധനത്തിന്നധീശനും, തപതീസംവരണനാടകപ്രണേതാവും കേരളരാജാവുമായ ശ്രീമൽകുലശേഖരവൎമ്മയുടെ ഈ നൂതനകൃതി ഇപ്പോഠം സൎവ്വവിദ്വജ്ജനഹൃദയങ്ങളേയുമാകൎഷിക്കുന്നു. ഈ കവിയാകട്ടെ പ്രതിദിനമിങ്ങിനെ ആശംസിക്കുന്നുമുണ്ടു്:—

"നിത്യം പീയൂഷപൂരംപടി സുമധുരമാം
ഗ്രാമരാഗങ്ങഠം കേഠക്കും
ശ്രോത്രം മേ കാളിദാസപ്രവിഹിതരചനാ-
രീതിയുഠംക്കൊണ്ടിടട്ടെ;

മദചിത്തത്തെസ്സുഖന്മാർ നിജധനമതുപോൽ
സ്വീകരിക്കട്ടെ മോദാൽ
ദൈത്യപ്രദ്വേഷിതാനും ഹൃദി മമ വിലസീ-
ടട്ടെ ജന്മങ്ങൾതോറും. ൨

പാരി:—ഭാവ! അങ്ങുന്നീപറഞ്ഞതെല്ലാമിതിൻെറ മൂല കൎത്താവിനെക്കുറിച്ചാണല്ലോ. എന്നാൽനാമിപ്പോൾ അഭിനയിക്കുവാൻ പോകുന്നതു് ഇതിൻെറ മലയാളതർജ്ജിമയല്ലേ? അതിനാലതിൻെറ കവിയെപ്പററിയും ഞാനറിവാനാഗ്രഹിക്കുന്നു.

സൂത്ര:—എന്നാൽ പറയാം. . കേൾക്കു.

ഭൂമണ്ഡലത്തിലഖിലം പുകൾപെററ 'സീതാ-
രാമാ'ഖ്യനാം ദ്വിജനെഴുന്നൊരു ശിഷ്യവൎയ്യൻ
സീമാതിരേകതരമാം രസപുഷ്ടിചേരു-
മീമഞ്ജുനാടകമുടൻ പരിഭാഷചെയ്തു. ൩

പാരി:—ഭാവ! ഇദ്ദേഹത്തെപ്പററി കുറച്ചുകൂടി കേട്ടാൽ കൊള്ളാമെന്നുണ്ടു്.

സൂത്ര:—കൈരളിയിലും ഗൈൎവ്വാണിയിലും ഒരുപോലെ കവനം ചെയ്യാൻ വിദഗ്ദ്ധനും 'വിധുവംശാ'ദി മലയാള കൃതികളുടേയും, 'ദ്രൌപദീപരിണയാ'ദി സംസ്കൃതരൂപകങ്ങളുടെയും കൎത്താവുമായ 'ഗോപാലകവി' തന്നെയാണിതിൻെറ വിവൎത്തകൻ.

പാരി:—ഈ പരിഷത്തിനാൽ നാമനുഗൃഹീതരായി. പക്ഷേ, ധൎമ്മപത്നിയുടെ അസാന്നിദ്ധ്യംകൊണ്ടു് അസമഗ്രസാമഗ്രികനായ അത്രഭവാനു് ഈ കാൎയ്യം കുറച്ചു ദുഷ്കരമല്ലയോ എന്നു ഞാൻ സംശയിക്കുന്നു.

സൂത്ര:—മാരിഷ! സംഗീതഗീതാദികലാവിദ്യകളിലദ്വിതീയയും എന്നിൽ പ്രേമവതിയും, ഒരുസഹോദരനൊഴിച്ചു മററുള്ളവരാൽ നിരസിക്കപ്പെട്ട വിവാഹത്തോടുകൂടിയവളും ഭരതകുലപ്രസൂതയുമായ ഒരു കന്യകയുണ്ടു്. അവളുടെ സഹായത്തോടുകൂടെ ഞാനിക്കാര്യം സാദ്ധ്യമാകും.

സ്ത്രീശ്ലാഘയാ,യധികമുഗ്ദ്ധയാകുമീ-
യുത്തമാംഗിയെ ഹരിക്കുവൻ ബലാൽ;
അദ്ദ്രശാർഹരെ ജയിച്ചു സത്വരം
ഭദ്രതന്നെയഥ പാർത്ഥനെന്നപോൽ. ൪

(രണ്ടുപേരും പോയി)

സ്ഥാപനകഴിഞ്ഞു.

---

(അനന്തരം ഒരു വൃദ്ധതാപസൻ പ്രവേശിക്കുന്നു)

വൃദ്ധതാപസൻ:— (മേല്പോട്ടു നോക്കി) ഹേ, സ്നാനത്തിനുള്ള സമയമടുത്തുതുടങ്ങി. വാർദ്ധക്യം നിമിത്തം മന്ദഗതിയായ എനിക്കു പ്രഭാസതീർത്ഥത്തിലെത്തുവാൻ വളരെനേരം വേണ്ടിവരും. അതുകൊണ്ടു് ഇപ്പോൾതന്നെ പുറപ്പെടട്ടെ. (ചുററിനടന്നു നോക്കി) ദേവാസുരമനുഷ്യന്മാരെയെല്ലാമതിശയിക്കുന്ന തേജസ്സോടുകൂടി നമ്മുടെ തപോവനത്തെ സനാഥമാക്കിച്ചെയ്യുന്ന ഈ മാന്യാതിഥി ആരായിരിക്കും?

കാലിൽ ചക്രമുഖാദിലക്ഷണഗണം
കാണുന്നു; മൂർദ്ധാവിലോ
ചേലഞ്ചുന്ന കിരീടമുണ്ടു; നയനം
നീണ്ടേററവും രക്തമാം;

ലോഹത്തിൻപടി, ഞാൺതഴമ്പൊട്ടലസി-
ക്കുന്നു പ്രകോഷ്ഠങ്ങളും;
ശ്രീമാനാമിവനാരുവാനപരനാം
നന്ദാത്മജൻപോലവേ? ൩

ഏയ്! ഈ വൈഖാനസന്മാർ മഹാഭാഗനായ ഇദ്ദേഹത്തെ യഥാവിധി പൂജിക്കുന്നതിൽ ഉദാസീനന്മാരായിരിക്കുന്നതെന്താണ്? ആട്ടെ, ഇവരെ ഇപ്രകാരമറിയിക്കുകതന്നെ. ഹേ! ഹേ! പ്രഭാസതീർത്ഥസമീപത്തിലുള്ള തപോവനത്തിൽ വസിക്കുന്ന മഹർഷിമാരേ! ശ്ലാഘ്യനായ അതിഥിയെ ലഭിച്ചിട്ടും ഭവാന്മാർ ശുഷ്കാന്തി കാണിക്കാത്തതെന്താണ്?

പറക, കപില, ഭംഗ്യാ സ്വാഗതം നീ, ദൃഢസ്യോ!
ത്വരിതമരുളുകർഘ്യം; പൈല! പാദ്യംകൊടുക്കു;
വിരവൊടു മധുപർക്കം നൽകെടോ, ധൌമ്യ!; വാത്സ്യാ-
യന! പശുവെ നയിക്കു കുട്ടിയോടും കറപ്പാൻ. ൪

(ആകാശത്തുനോക്കി) നിങ്ങളെന്തുപറയുന്നു— "ഞങ്ങളിദ്ദേഹത്തെ ഉചിതമായവിധത്തിൽ പൂജിച്ചുവെന്നോ? അതിനാൽ ഞാനും സുഗൃഹീതനാമാവായ ഇദ്ദേഹത്തെ ആശിസ്സുകളാലഭിനന്ദിച്ചിട്ട് എന്റെ കൃത്യങ്ങൾ നടത്താം. (പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം വില്ലുമമ്പും ധരിച്ച ധനഞ്ജയൻ പ്രവേശിക്കുന്നു)

ധനഞ്ജയൻ— (വിചാരത്തോടെ നിശ്വസിച്ചിട്ട്) ഏതാണ്ട് അവസാനിച്ചുവെങ്കിലും തീർത്ഥാടനത്താൽ മാത്രം കഴിച്ചുകൂട്ടേണ്ടതായ ഈ സംവത്സരത്തിൽ,

മാതാവിൻ സ്തന്യസംസേചന,മഥ ഗുരുവിൻ
ബാഷ്പ,മാവായുജൻതൻ
പാദാശ്ലേഷം, യമാശ്ലേഷണ,മിവകളുമാ
ദ്രൗപദിയ്ക്കുള്ള നോക്കും,
ജാതാമോദത്തൊടേല്ലാതിവനടനധുനാ-
കാമബാണങ്ങളേ,ററാ-
ശ്രീതാവിട്ടും സുഭദ്രാഹൃദയസുരതരുപു-
ഷ്പത്തെ മോഹിച്ചിടുന്നു! ൭

(പിന്നെയും ചിന്തിച്ച സന്തോഷത്തോടെ) അല്ലെങ്കിൽ ഞാൻ കാമനാൽ വഞ്ചിതനായിട്ടില്ല. എന്തെന്നാൽ,

താരാർനന്ദിനിതന്റെ കൊങ്കകളിൽപതി,
ഞ്ഞാടുന്നമുക്താസരം
ചേരും മത്സഖിതന്നുരസ്സു തരസാ
ചേ,ർത്തേററവും പുൽകിടാം;
ഏറും കൌതുകമോടു "ഫൽഗുന! സഖേ!"
യെന്നേവമമ്പോടുതേ-
നൂറുംമട്ടു തദാ മുകുന്ദനരുളും
വാക്യങ്ങളും കേട്ടിടാം. ൮

(പുറം നോക്കി) അഹോ! താപസന്മാരുടെ മഹാപ്രഭാവം! ഇവിടെയാകട്ടെ,

ഘോരവഹ്നിയതിൽ വീണിടുന്ന ശലഭം ദ-
ഹിച്ചിടുവതില്ലഹോ!
സൈ്വരമഞ്ജു പുലികൾക്കെഴും മുല കുടിച്ചി-
ടുന്നു മൃഗശാബകം,

കിരിതന്നെയിത, നക്കിയങ്ങിനെ യുറക്കി-
ട്ടുന്നിതഹിപോതകം,
വാരണം ബത! തൊട്ടുന്നു സിംഹിയുടെ ദംഷ്ട്ര-
പത്മവലയംപടി. ൯

ഇപ്പോഠ മദ്ധ്യാഹ്നസ്നാനത്തിന്നായി ആബാല വൃദ്ധം മഹഷിമാരും പ്രഭാസതീത്ഥത്തിലേയ്ക്കു പോയിരിക്കുന്നതിനാൽ ഈ ആശ്രമപ്രദേശം ശൂന്യമായി ക്കിടക്കുന്നു. എൻെറ സഖാവായ കൌണ്ഡിന്യൻ ക്ഷീണത്താൽ വഴിയിൽ താമസിക്കുകയാണ്. അതിനാലീ ആലിൻെറ ചുവട്ടിൽ ചെന്നു തപോവനത്തിന്നുത്തെത്തിയിരിക്കുന്ന അദ്ദേഹത്തെ കാത്തിരിക്കാം. (പ്രവേശം നടിക്കുന്നു)

(അണിയറയിൽ) ഹേ, ഹേ, ഭഗവാന്മാരായ മഹഷിമാരേ! ഭിക്ഷ തരുവിൻ; ഭിക്ഷ തരുവിൻ.

ധന—(കേട്ടിട്ട്) ഓ! കൌണ്ഡിന്യൻതന്നെയാണിങ്ങിനെ ഭിക്ഷയാചിക്കുന്നതു്!

(അനന്തരം കയ്യിൽ ഭിക്ഷാപാത്രത്തോടെ, ക്ഷീണിച്ച വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂഷകൻ—ഹേ ഹേ! ഭഗവാന്മാരായ മഹഷിമാരേ! ഭിക്ഷ തരുവിൻ. ഭിക്ഷ തരുവിൻ. (ചുററും നോക്കി) ഈ ആശ്രമദേശം ജനശൂന്യമായി കാണപ്പെടുന്നല്ലോ. (നിശ്വസിച്ച്) അധന്യനായ എൻെറ ഉദരഭാഗധേയത്തിൻെറ വൈഭവംകൊണ്ടുതന്നെയാണ് നിത്യം താപസസമ്പൂരിതമായ ഈ തപോവനമിന്നു വിജനമായിത്തീന്നതു്! അല്ലെങ്കിലിതു് എൻെറ ദോഷംകൊണ്ടുതന്നെയാണ്. പണ്ടു യുധിഷ്ഠിരൻെറ

രാജധാനിയിൽ അസംഖ്യം സ്നാതകബ്രാഹ്മണരുടെ മദ്ധ്യത്തിലിരുന്നു്, പാഞ്ചാലീകരസ്പൎശവിമലമായതും ചതുൎവ്വിധവിഭവങ്ങളുള്ളതുമായ ആഹാരത്തെ, സുവൎണ്ണപാത്രങ്ങളിൽ ഭുജിച്ചിരുന്ന ഞാൻ തീൎത്ഥയാത്രോത്സുകനായ അൎജ്ജുനന്റെ പിന്നാലെ ചാടിപ്പുറപ്പെട്ടതു്, അതിനാലല്ലേ? ഈ തപോവനത്തിലാകട്ടെ ഭക്ഷണത്തിന്റെ കഥപോലുമാലോചിക്കേണ്ടതില്ല. അതിനാൽ ജലാശയമുണ്ടോ എന്നു തിരഞ്ഞു ദാഹമെങ്കിലും മാററാൻ വഴി നോക്കട്ടെ. (ചുററിനടന്നു, സമീപത്തു നോക്കി സന്തോഷത്തോടെ) ഇതാ ഇവിടെ സമുദ്രംപോലെ വെള്ളം നിറഞ്ഞു നിൽക്കുന്നു; അവിടെ ചെന്നു യഥേഷ്ടം ജലപാനം ചെയ്യാം. (വേഗത്തിലടുത്തു ചെല്ലുന്നു)

ധന__കഷ്ടം! ഈ തപസ്വി മൃഗതൃഷ്ണികയാലാകൎഷിക്കപ്പെടുന്നു! അതിനാലിദ്ദേഹത്തെ തടുക്കട്ടെ. സഖേ! കൌണ്ഡിന്യ! വെറുതെ പാഴ്‌വേല ചെയ്യേണ്ട. ഇത്രത്തോളമൊന്നു വരൂ.

വിദൂ__ (കണ്ടിട്ടു്) വയസ്യൻ എന്തിനെന്നെത്തടയുന്നു? (സസംരംഭം) ദാഹത്താൽ ദഗ്ദ്ധവും ത്രിഭാഗമാത്രാവശിഷ്ടവുമായ നാവിനെ ഒന്നു നനയ്ക്കുവാൻപോലും തീൎത്ഥപിശാചായ ഭവാനെന്നെ സമ്മതിയ്ക്കാത്തതെന്താണു്?

ധന__മൂൎഖ! ഇതു ജലസമൂഹമല്ല. നോക്കൂ,

പാരൊക്കെയും പ്രോജ്വലമാക്കിടുന്നോരീ-
ഘോരാതപത്താലതിജാഡ്യമേൽക്കവേ

സൂരാംശുജാലത്തെ, ഭവദപിലോചനം
നീരെന്നു തേറുന്നു സഖേ! ഭ്രമത്തിനാൽ. ൧൦

വിദൂ—ശരിതന്നെ. എന്നാലിതു കേവലം മൃഗതൃഷ്ണികയല്ല, ഇന്നുമുതല്ക്കു ബ്രാഹ്മണതൃഷ്ണികകൂടിയായിത്തീൎന്നിരിക്കുന്നു. അതുകൊണ്ടെന്താണു്? വായുപുത്രസഹോദരനായ അങ്ങേയ്ക്കു കുറച്ചടികഠം മാത്രം നടന്നാൽ ഇഷ്ടമുള്ള ദേശത്തെത്താവുന്നതാണു്. എന്നാൽ നടക്കാൻ ശക്തിയില്ലാത്തവനും നിത്യബുഭുക്ഷിതനുമായ ഞാനാകട്ടെ, തീപോലെ പൊള്ളുന്ന സൂൎയ്യരശ്മികളാൽ തളൎന്നു്, ചൂടുപിടിച്ച പൊടിപടലത്താൽ നിറഞ്ഞിരിക്കുന്ന വഴിയിൽകൂടി ‘ഭൂലതാവിശേഷം’ പോലെ അങ്ങിങ്ങിഴഞ്ഞുകൊണ്ടു് ഒരുവിധം സഞ്ചരിക്കുന്നു. അതിനാലിനിയും ജലാശയത്തെത്തന്നെ അന്വേഷിക്കട്ടെ. (ചുററി നടന്നു മേല്പോട്ടുനോക്കി) ഹേ വയസ്യ! നോക്കൂ, നോക്കൂ. ആശ്ചൎയ്യംതന്നെ. ഇതാ ഒരു അകാലമേഘം അത്ഭുതപൂൎവ്വകാന്തിയോടുകൂടിയതും ശബ്ദമുണ്ടാക്കുന്നതുമായ ഒരു മിന്നൽക്കൊടിയോടൊന്നിച്ചു് ആകാശത്തിൽ ഗമിക്കുന്നു.

ധന—മാണവകൻ എന്തിനെ ഉദ്ദേശിച്ചാണു പ്രലപിക്കുന്നതു്? ആകട്ടെ, നോക്കാം (ചുററിനടന്നു മുകളിൽ നോക്കി) സഖേ! ഇതു മിന്നലോടുകൂടിയ മേഘമല്ല; ധൂമപ്രകരധൂമ്രനായ ഒരു ഭൂതം ഏതോ കന്യകയെ ബലാല്ക്കാരേണ കൊണ്ടുപോകയാണു്. (ദേഷ്യത്തോടെ) എടാ! ദയയില്ലാത്ത ദുരാത്മാവേ! നില്ക്കു്, നില്ക്കു്.

നാഥനററവൾകണക്കെ ഹന്ത! മമ മുന്നിൽനി
 ന്നുകരയുന്നൊരി-
ക്കാതരാക്ഷിയെ വിടായ്കി, ലഗ്നിശരനിർഗ്ഗ-
 തോജ്ജ്വലശിഖാളിയാൽ,
സ്ഥിതവേഗമുദയാദ്രിയോടുകിടയായ
 നിന്നുടലെരിച്ചു ഞാൻ
ഭൂതധാത്രിയെ, യതിന്റെ ഭസ്മമതിനാൽപ
 രം ധവളയാക്കുവൻ. ൧൧

(ശരം തൊടുക്കുന്നു)

വിദൂ—വയസ്യ! അത്ഭുതംതന്നെ. ഈ ദിവ്യാസ്ത്രത്തിന്റെ അഗ്രം ഞാണിൽ തൊടുത്തപ്പോൾതന്നെ ത്രിപുരദഹനത്തിലെന്നപോലെ ത്രിലോകങ്ങളും ശോഭായമാനങ്ങളായി ഭവിച്ചു. ഇതു വിട്ടാൽ സത്യലോകത്തിൽ വസിക്കുന്ന ബ്രഹ്മാവിനുപോലും പ്രാണനഷ്ടം വന്നേക്കാം. അതുകൊണ്ടു പിൻവലിക്കുക. ഈ ഭൂതമാകട്ടെ, സൌന്ദര്യവതിയായ ആ കുമാരിയെ അധോഭാഗത്തു വിമോചിച്ചിട്ടു് അതിവേഗത്തിലോടിപ്പോകുന്നു!

ധന—അങ്ങിനെതന്നെ. (അസ്ത്രം പിൻവലിക്കുന്നു)

(അണിയറയിൽ) എന്നെ രക്ഷിക്കുവിൻ! രക്ഷിക്കുവിൻ.

ധന—(പരിഭ്രമത്തോടെ) ഹാ! അത്യാഹിതം! ഭൂതഹസ്തവിമോചിതയായ ഇവൾ ഛിന്നപ്രായമായി വീഴുന്നു. അതിനാൽ താങ്ങാം (കൈകൾ ലമത്തിക്കൊണ്ടു നില്ക്കുന്നു)

(അനന്തരം വീഴുന്ന വിധത്തിൽ കന്യക പ്രവേശിക്കുന്നു)

(ധനഞ്ജയൻ വേഗത്തിൽ കൈകൾകൊണ്ടു
താങ്ങിയെടുത്തു നിലത്തു നിൎത്തുന്നു)

കന്യക— (പേടിച്ചു വിറച്ചുംകൊണ്ടു ധനഞ്ജയനെ നോക്കി ആത്മഗതം) എന്നെക്കുറിച്ചു ദയതോന്നിയ ത്രിഭുവനമ്മല്ലഭസൌന്ദൎയ്യശാലിയായ ഈ മഹാനുഭാവനാരായിരിയ്ക്കും?

ധന— (അനുഗ്രഹത്തോടും രോമാഞ്ചത്തോടുംകൂടി ആത്മഗതം)

ചാരുശ്രീയൊടു, മാടിടും കുവലയം
　　പോലുള്ളതാ, യഞ്ജനം
ചേരും ലോചനമാൎന്നു, ഭീ പെരുകുമി-
　　ത്തന്വംഗിയാരായ്വരാം;
സൌരഭ്യപ്രഭവത്തിനാലളികുലം
　　ചൂഴും മുഖാബ്ജം വഹി-
ച്ചോരിസ്സുന്ദരി ഭദ്രയിൽ പെട്ടവൊരെൻ
　　ചിത്തം ചലിപ്പിപ്പൂതേ. ൧൨

കന്യക—(നെടുവീൎപ്പിട്ടു ആത്മഗതം) അഹോ! ഭൂതകരമൎദ്ദനത്താൽ ക്ഷീണയും അന്യനിൽ പ്രേമവതിയുമായ ഈ ജനത്തെത്തന്നെ ബാണങ്ങളാൽ പീഡിപ്പിച്ചു പുംശ്ചലിയാക്കിത്തീൎക്കുവാൻ ശ്രമിക്കുന്ന മന്മഥന്റെ വിരുദ്ധശീലം വിസ്മയനീയംതന്നെ.

ധന— (സംശയത്തോടെ ആത്മഗതം)

ചേലംനീങ്ങി കുചത്തിൽ, ശ്വാസിതമതുകുറി
　　ക്കൂട്ടു നഷ്ടപ്പെട്ടതീ;
നീലാബ്ജശ്രീകടാക്ഷം സുരുചിരതരമാം
　　മട്ടിലൊട്ടൊട്ടു കൂമ്പീ;

ചേലോലും സ്വേദമാളും കവിളുകൾ പുളകം
  കൊണ്ടുതെല്ലൊന്നുയർന്നു
ചാലേഭീ മൂലമോ താനിതു? ബത! മദനാ-
  വേശമുണ്ടാകയാലോ? ൧൩

കന്യക—വീണ്ടും എന്നെ കഷ്ടിക്കുന്നതാരാണു്. (പോയി)

വിദൂ— (പരിഭ്രമത്തോടെ) ഏതോ ഒരു യക്ഷിയായ ഇവൾ നമ്മേ ഭക്ഷിക്കുവാൻവേണ്ടി ഇപ്പോൾ മറഞ്ഞതാണു്! ഹാ! എൻെറ ദുർഭാഗ്യം. ഭൂതസംഭ്രമത്താൽ വിശപ്പും ദാഹവും മറന്ന എനിക്കു് അന്യാദൃശമായ പ്രാണാപായശങ്ക നേരിട്ടിരിക്കുന്നു. അതിനാൽ നമുക്കോടിപ്പോവുക.

ധന— (ആത്മഗതം) ഭാഗ്യവിലാസങ്ങളെല്ലാം ക്ഷണഭംഗുരങ്ങളാണു്. എൻെറ കണ്ണുകൾ നിർവ്വിഘ്നമായി സുധാപാനോത്സവമനുഭവിക്കുവേ പെട്ടന്നു ദുർവ്വിധിയാലതിൽനിന്നും നിവാരിതങ്ങളായി (പ്രകാശം) സഖേ! ഇവൾ ദിവ്യസ്ത്രീയൊന്നുമല്ല.

എന്തെന്നാൽ—

തിണ്ണം കാൺമൂവിയപ്പാക്കവിളി, ലഥകുറി-
  ക്കൂട്ടമേ മാഞ്ഞിരിപ്പൂ,
കണ്ണിൻ പക്ഷ്മങ്ങൾതാനും പ്രതിനിമിഷമയേ!
  ചഞ്ചലിപ്പൂ നിനച്ചാൽ
മന്നിൽ താന്തുന്നിയിൽപ്പൂ സ്ഥലകമലപരി-
  ഭ്രാന്തിചേർക്കുന്ന പാദം,
പിന്നെബ്ഭൃംഗങ്ങൾ ചൂഴുന്നൊരു ചികുരലസ-
  ന്മാല്യവും വാട്ടമേൽപ്പൂ. ൧൪

വിദൂ— ഹേ പണ്ഡിതാഗ്രേസര! എന്നാൽ മനുഷ്യസ്ത്രീയ്ക്കു് എങ്ങിനെ തിരസ്കരിണീസംബന്ധം ഭവിയ്ക്കും?

ധന— ഇതുതന്നെയാണെനിയ്ക്കും സംശയം; അവൾ അന്തർഹിതമായ ഏതോ ഒരു ശക്തിയാൽ മറയ്ക്കപ്പെട്ടതായിരിക്കണം.

വിദൂ— ഇങ്ങിനെയാണെങ്കിൽ ഭാഗ്യത്താൽ ഞാൻ രക്ഷിതനായി. (ഭയയോടെ) മുമ്പിലത്തെ ഭൂതംതന്നെ ആ തപസ്വിനിയെ കൊണ്ടുപോയോ എന്നു ഞാൻ ശങ്കിക്കുന്നു!

ധന— സഖേ! അങ്ങിനെയാവില്ല. എന്റെ കയ്യിലുള്ള അമ്പിന്റെ രക്ഷയിലിരിക്കുന്ന അവളെ വീണ്ടും ഉപദ്രവിക്കുവാൻ ശത്രുക്കൾക്കു ധൈര്യമുണ്ടാവുന്നതല്ല. അതിനാൽ ബന്ധുജനങ്ങൾ കൊണ്ടുപോയതാകാനേ വഴിയുള്ളു.

വിദൂ— ഹാ! അതിപണ്ഡിതനും ചിലപ്പോളബദ്ധങ്ങൾ ജല്പിക്കുന്നു. അവൾ മനുഷ്യസ്ത്രീയാണെങ്കിൽ അവളുടെ ബാന്ധവന്മാർ അവളേയും തങ്ങളെത്തന്നേയും അന്യന്മാൎക്കു കാണ്മാൻ പാടില്ലാതാക്കിത്തീൎക്കുവാൻ തക്കവണ്ണമുള്ള ഈശ്വരപ്രഭാവത്തോടുകൂടിയവരായിരിക്കുമോ?

ധന— മൂർഖ! ഭൂമിയിൽ വസിക്കുന്ന സ്ത്രീകളെ ആപത്തിൽ ചില ദേവതകൾ രക്ഷിക്കാറുണ്ടു്.

വിദൂ— ഈ തൎക്കത്തിൽ ഭവാൻതന്നെ ജയിച്ചുവെന്നു ഞാൻ സമ്മതിക്കുന്നു. ഇനി ഒരു രഹസ്യം ചോദിക്കട്ടെ. അവളുടെ കാന്തിസന്ദോഹത്താൽ എന്റെ കണ്ണുകൾ രണ്ടും തീരെ മങ്ങിയതുകൊണ്ടു് എനിക്ക

വളെ കാണ്മാൻ കഴിഞ്ഞില്ല. തത്രഭവതിയുടെ രൂപാതിശയമെങ്ങിനെയിരിക്കുന്നു.

ധന— (നിശ്വസിച്ചു) സഖേ! അവളുടെ ലാവണ്യത്തെ വൎണ്ണിക്കുവാനെൻെറ വാക്കുകൾക്കു തീരെ പടുത്വമില്ല. എങ്കിലും പറയാം.

ആ മാധുൎയ്യം, സുകാന്തിച്ചുരുട, നിരുപമസൌ
ന്ദൎയ്യ,മാസ്സൌകുമാൎയ്യം,
ശ്രീമത്വം, സൎവ്വചേതോഹരത, മഹിമയി-
ത്യാദിയാം നന്മയെല്ലാം
ഈ മാൻകണ്ണാളിലാക്കീടിനവിധി,യിതുമ
ട്ടന്യയെത്തീക്കുവാനായ്
കാമിച്ചീടുന്നുവെന്നാലുടനവളൊടു താൻ
ചെന്നു യാചിച്ചിടേണം. ൧൫

വിദൂ:— (വിഷാദത്തോടെ ആത്മഗതം) ഹാ! ഇദ്ദേഹം മുമ്പു കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത സ്ത്രീയെ ആഗ്രഹിച്ചുതുടങ്ങിയിരിക്കുന്നതിനാൽ എനിയ്ക്കിനി സ്വപ്നത്തിൽപോലുമിന്ദ്രപ്രസ്ഥപ്രവേശനം സാദ്ധ്യമല്ല. ദ്വാരവതീപുരം സ്ത്രീമയമാണെന്നു കേൾക്കുന്നുണ്ടു്. അവിടെപ്പോയാലിദ്ദേഹത്തിന്നു് ഏതുതരത്തിലുള്ള ഉന്മാദമാണു സംഭവിയ്ക്കുക എന്നെനിയ്ക്കറിഞ്ഞുകൂടാ. അതിനാലിങ്ങിനെ പറയാം. (പ്രകാശം) വയസ്യ! ഞാനൊന്നു ചോദിച്ചാലങ്ങുന്നു കോപിയ്ക്കാതെ ഉത്തരം പറയുമോ?

ധന:—സഖേ! അങ്ങുന്നെൻെറ സ്വഭാവമറിയുന്നില്ലേ? അതിനാൽ യഥേഷ്ടം ചോദിയ്ക്കാമല്ലോ.

വിദൂ:—തത്ര ഭവതി പാഞ്ചാലിയുടെ വൃത്താന്തം ജലസംഗ്രഹമെന്നപോലെ വഴിയിൽവെച്ചുതന്നെ മോചിച്ചുകളഞ്ഞു. പിന്നെ ഒരു സുഭദ്രാശബ്ദമങ്ങയെ വിധുരനാക്കുവാൻ തുടങ്ങി. ഇതാ ഇപ്പോൾ വീണ്ടും ഏതോ ഒരു ആകാശസ്ത്രീയാലങ്ങുന്നു വിമോഹിതനായിരിക്കുന്നു. അപൂൎവ്വമായ ഈ ചാഞ്ചല്യത്തിന്നു കാരണമെന്താണു്?

ധന:—സഖേ! ഭവാൻ യഥാൎത്ഥം മനസ്സിലാക്കാത്തതുകൊണ്ടാണിങ്ങിനെ പറയുന്നതു്. ദ്രൌപദീകടാക്ഷശൃംഖലയാൽ നിബദ്ധമായ എന്റെ ഹൃദയത്തെ അതിൽനിന്നും വിഘടിതമാക്കുവാൻ അപരസ്ത്രീകളാലശക്യമാണു്. അതിനാൽ മററു രണ്ടു കന്യകമാരിൽ എനിയ്ക്കുള്ള ചേതോവൃത്തിയെപ്പററി മാത്രം പറയാം.

മങ്കപ്പൂണ്ണാമൊരുവളുടെ രൂപത്തെ ഞാൻ കേട്ടവണ്ണം
സങ്കല്പത്താലയി! ഹൃദയമാം ഭിത്തിയിൽ ചേൎത്തിരിപ്പൂ;
മംഗല്യാംഗീമണിയപരയെക്കണ്ടിരിക്കുന്നു കണ്ണാൽ;
തുംഗപ്രേമം പെട്ടമവരിലെൻ ഭാവമീവണ്ണമത്രേ. ൧൩

(വിചാരത്തോടുകൂടി നില്ക്കുന്നു)

വിദൂ:—വയസ്യ! ഇതു പറയു. അല്ലാ, ഭവാനുറങ്ങുകയാണോ? ഞാൻ പറയുന്നതൊന്നും കേൾക്കുന്നില്ലെന്നുണ്ടോ?

ധന:—സത്യം. എന്റെ മനസ്സു് വ്യാക്ഷിപ്തമായിരിക്കുന്നു. (തന്നത്താനുദ്ദേശിച്ചു്) സഖേ! ഇപ്പോഴും നോക്കുക.

മെത്തും ശ്രമാംബുകണമമ്പിനൊടങ്ങുമിങ്ങു-
മൊത്തുള്ളൊരാസ്സുതനു കണ്ടകപൂർണ്ണമത്രേ;
കാർത്താലവൾക്കുടയൊരാജ്ഞഘനസ്തനങ്ങൾ
താർത്തൂന്നു ഹന്ത! പരമെന്നുടെ വാഗ്വിലാസം!! ൧൨

(വീണ്ടും ചിന്തിച്ചു്) അത്രഭവാൻ മുമ്പു ചോദിക്കുവാൻ തുടങ്ങിയതെന്താണു്?

വിദൂ:—ഹാ! ഞാനതു മറന്നുപോയി. എന്റെ ബുദ്ധി അകാലാന്തരക്ഷമമാണെന്നറിഞ്ഞിട്ടും, ആ സമയത്തു കേൾക്കാത്ത ഭാവം നടിച്ചു. പിന്നീടു് ഇപ്പോൾ ചോദിക്കുന്നതു്, ജലലിഖിതങ്ങളായ അക്ഷരങ്ങളെ കാലാന്തരത്തിൽ വായിപ്പാൻ ശ്രമിക്കുംപോലെയാണു്.

ധന:—സഖേ! ഈ നർമ്മപ്രലാപങ്ങൾ മതിയാക്കൂ. സംഗമോപായത്തെപ്പററി മാത്രം നമുക്കാലോചിക്കുക.

വിദൂ:—(ആത്മഗതം) ഇദ്ദേഹത്തിന്നു് ആകാശയാനത്തിന്നവസരം കൊടുത്തുകൂടാ. അതിനാലിങ്ങിനെ പറയട്ടെ. (പ്രകാശം) വയസ്യ! ഇവളുടെ പേരെന്തെന്നോ, വംശമേതെന്നോ, എവിടുന്നു വരുന്നുവെന്നോ, എങ്ങോട്ടു പോകുന്നുവെന്നോ അറിയപ്പെടുന്നില്ല. ഭയാനകട്ടെ കാണാത്ത ഭ്രമംനിമിത്തം പര്യാകുലനായും ഭവിക്കുന്നു. ഈ ഉപായമെങ്ങിനെസിദ്ധിക്കും?

ധന:—സഖേ! ഇതു ശരിയാണു്. ഇവളുടെ പ്രാപ്തിക്കു ദൈവംതന്നെ പ്രമാണം. എന്നാലിനി സുഭദ്രാസമാഗമത്തിന്നായി നമുക്കീപുരത്തിൽ പ്രവേശിക്കുക.

വിദൂ:—വയസ്യ! അവിടെ ചെന്നിട്ടു നാമെങ്ങിനെയാണു സുഭദ്രയെ പ്രാപിക്കേണ്ടതു്? പ്രത്യക്ഷമായി ത്തന്നെ ചെന്നു് അവളെ യാചിക്കേണമോ, അതോ അർദ്ധരാത്രിയിൽ കള്ളന്മാരുടെ വേഷം ധരിച്ചു കൊണ്ടുവരേണമോ?

ധന:—(സസ്മിതം) അത്രഭവാൻ കണ്ടുപിടിച്ച മാർഗ്ഗം അതിവിചിത്രം തന്നെ. സുഹൃത്തായ വാസുദേവൻെറ അനുമതിയോടുകൂടെ, വൃഷ്ണികളെ തോല്പിച്ചു ഞാനെൻെറ പ്രിയതമയെ ഹരിക്കും. അതിന്നായി സന്യാസിവേഷം ധരിച്ചു് അവസരവും കാത്തിരിക്കേണ്ടതാണു്. അങ്ങുന്നാകട്ടെ ബ്രഹ്മചാരിയുടെ ചിഹ്നങ്ങളോടുകൂടെ എന്നെ ഈ പ്രവൃത്തിയിൽ സഹായിക്കുകയും വേണം.

വിദൂ:— (ആത്മഗതം) ഹാ! ഈ ഉദ്യമം യുദ്ധപര്യവസായിയായിത്തീരുമല്ലോ. (പ്രകാശം) വയസ്യ! ഇതുവരെ നമ്മുടെ ബന്ധുക്കളായ യാദവന്മാരെ അങ്ങുന്നു സ്വയം ശത്രുവായ ദുര്യോധനൻെറ പക്ഷത്തിലാക്കിത്തീർക്കുകയാണോ?

ധന:—സഖേ! സകലജന്മപുണ്യപരിപാകവും, ചരാചരഗുരുവുമായ സാക്ഷാൽ പരമാത്മാവു് എൻെറ അധീനത്തിലുള്ളപ്പോൾ, യാദവന്മാർ സുയോധനപക്ഷത്തിൽ ചേർന്നുകൊള്ളട്ടെ.

വിദൂ:—വരുന്നതു വരട്ടെ; എന്തിലും ഞാനങ്ങയെ അനുസരിക്കുവാൻ സന്നദ്ധനാണു്. തന്മൂലമാശ്രമത്തിൽ പോയി നമുക്കു വേണ്ടുന്ന വേഷോപകരണങ്ങളെ അന്വേഷിക്കട്ടെ. (ചുററിനടക്കുന്നു)

ധന:—(വിചാരിച്ചിട്ടു്) ഹാ! കഷ്ടം! കഷ്ടം!

'അദ്ധർമ്മജാനിലസുതന്മാൎക്കു സോദരൻ,അതി-
ഖ്യാതശാന്തനവനോ
നപ്ത്താവു, നിർജ്ജരപതിസ്സ്തോ തനുജ,നിഹ ബീ-
ഭത്സു,മാധവസഖൻ,
മാദ്രേയർ തന്റെ ഗുരു,വെന്നിത്ഥമുള്ളൊരിവ-
ഭൃത്യനായി, ദയിതാ- (രെൻ
പ്രാപ്തിക്കുവേണ്ടിയതിയാ'യെന്നതോൎത്തുപഹസി-
ച്ചീടുമേ സുമശരൻ!! ൧൮

വിദൂ:—(ഭയത്തോടെ നിന്നു്) വയസ്യ! രക്ഷിച്ചാലും, രക്ഷിച്ചാലും. ചുകന്ന നിറത്തോടുകൂടിയതും, മദ്ധ്യത്തിലുള്ള രത്നസമൂഹത്തിന്റെ പ്രഭയാലുജ്ജ്വലവും അതിഭീഷണവുമായ ഏതോ ഒരു വസ്തു എന്നെ ഭസ്മീകരിക്കുവാൻ തുടങ്ങുന്നു.

ധന—ഇദ്ദേഹത്തെ വ്യാമോഹിപ്പിക്കുന്നതെന്താണു്? (അടുത്തുപോയി നോക്കി) മൂർഖ! ഇതു മദ്ധ്യത്തിൽ മണികൾ പതിച്ചതും ജാംബൂനദമയിയുമായ ഗാത്രികയല്ലാതെ മറ്റൊന്നുമല്ല. ഇതു് പരിഭ്രമത്തിന്നിടയ്ക്കു് ആ കുമാരിയുടെ ദേഹത്തിൽനിന്നും വീണതാണെന്നു ഞാനൂഹിക്കുന്നു. (എടുത്തിട്ടു് ആദരവോടെ മാറിലണച്ചു്) ഹാ! വിനഷ്ടപുണ്യസഞ്ചയേ!

കിട്ടാ മേലിലയേ! നിനക്കു സുദൃഢം,
ചെങ്കുങ്കുമം തങ്കമ-
മ്മട്ടോലുംമൊഴിതന്റെ നൽ കുചസരോ-
ജത്തോടഹോ! സംഗമം;

ചട്ടററീടിന യൌവനാഖ്യദശയാൽ
സമ്പുഷ്ടമായോരതിൽ
കഷ്ടം! നിന്നവകാശമൊട്ടുമിനിയി-
ല്ലെന്നായി ഹാ! ഗാത്രികേ! ൧൯

വിദൂ—(മെല്ല പരിശോധിച്ച്) വയസ്യ! അതി ഭീരുവാണെങ്കിലും ഞാനിതിലൊരു വിശേഷം കണ്ടുപിടിച്ചിരിക്കുന്നു. ഇതിലേതോ ചില അക്ഷരങ്ങൾ കാണപ്പെടുന്നുണ്ടല്ലോ.

ധന—(നോക്കീട്ട് സന്തോഷത്തോടെ) എയ്! ഈ കാണുന്നതു് എന്റെ പത്തു പേരുകളാണു്. ഈ മദനവ്യാപാരം ഉഭയപ്രാത്ഥനാരമണീയമായിരിക്കുന്നു. ഒരു സമയം ഈ സ്ത്രീരത്നവും ദ്വാരകാനഗരത്തിൽ ആയിരിക്കാം വസിക്കുന്നതു്. അന്യോന്യസമാഗമസിദ്ധിക്കായി നമുക്കു പ്രയത്നിക്കുക. സഖേ, ഈ ഗാത്രികയെ വാങ്ങിക്കൊള്ളൂ.

വിദൂ—അങ്ങിനെയാവട്ടെ. (വാങ്ങീട്ട് മുകളിൽനോക്കി) വയസ്യ! നോക്കൂ, നോക്കൂ. ദുല്ലംഘ്യനഭോമാൎഗ്ഗത്തെ ലംഘിച്ചു ദുൎബ്ബലപാദസഞ്ചാരത്തോടുകൂടിയ സൂൎയ്യഭഗവാൻ എന്നെപ്പോലെ പിപാസാപീഡിതനായിട്ടു് ഇപ്പോഴിതാ കടലിൽനിന്നും ഉപ്പുവെള്ളം കുടിപ്പാൻ തുടങ്ങുന്നു.

ധന—(നോക്കീട്ട്) ഓ! സൂൎയ്യാസ്തമയസമയമായല്ലോ!

അസ്താദ്രിസ്ഥിതനായിട്ടും ദിവസമാ-
മജ്ജീവിതാധീശനോ-
ടൊത്തേററം നിജവാഞ്ഛപോലിനി നിശാ-
കാലത്തുമേളിക്കുവാൻ

സദ്രാഗാൽ ദിനലക്ഷ്മിസാമ്പ്രതമിതാ
നീലാഭ്രശോഭാഭരം
വർദ്ധിച്ചോരിരുളായ നൽപുടവയാൽ
മൂടുന്നുമെയ്യാകവേ. ൨൦

അതിനാൽ നമുക്കു് ആശ്രമത്തിൽപോയി വേണ്ടുന്ന ഒരുക്കങ്ങളെല്ലാം ചെയ്യുക.

(രണ്ടുപേരും പോയി)

ഒന്നാമങ്കം കഴിഞ്ഞു.

---

## രണ്ടാമങ്കം.

(അനന്തരം ഒരു ചേടി പ്രവേശിക്കുന്നു)

ചേടി—ഞാൻ ഭർത്തൃദാരികയായ സുഭദ്രയാലിങ്ങിനെ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു:—"അന്നു ഞാൻ ഭൂതത്തിന്റെ കയ്യിലകപ്പെട്ട അവസരത്തിൽ എന്റെ ഗാത്രിക പ്രഭാസതീർത്ഥത്തിന്റെ സമീപത്തു വീണു പോയി. നീ ചെന്നു് അതുതിരഞ്ഞുവരിക. കൂടാതെ എന്നെ രക്ഷിച്ച നേത്രാനന്ദകരനായ ആ മഹാഭാഗൻ അവിടെ ഉണ്ടോ എന്നും അറിയുക." ഞാൻ വളരെ തിരഞ്ഞുവെങ്കിലും ഗാത്രികയെയാകട്ടെ, പുരുഷനെയാകട്ടെ അവിടെയെങ്ങും കണ്ടില്ല. ഏതായാലും വിവരം ഭർത്തൃദാരികയോടറിയിക്കാം. കുമാരധനഞ്ജയന്റെ നാമധേയങ്ങളെഴുതപ്പെട്ടിരിക്കുന്നതു കൊണ്ടാണു സഖിക്കു് ഇതിനെക്കുറിച്ചിത്ര ബഹു

മാനം. എന്നാൽ പിന്നെ വേറൊരു പുരുഷനെ അന്വേഷിക്കുന്നതെന്താണു്? പ്രമഥവൃത്താന്തത്തിന്റെ യാഥാത്ഥ്യമറിയുവാനെന്താണു മാർഗ്ഗം? (അണിയറയിലേയ്ക്കുനോക്കി) ഇതാ ആര്യ്യവിനയപാലിതൻ ഇങ്ങോട്ടു വരുന്നുണ്ടു്. അദ്ദേഹത്തോടു ചോദിയ്ക്കാം.

(അനന്തരം കാഞ്ചുകീയൻ പ്രവേശിയ്ക്കുന്നു)

കാഞ്ചുകീയൻ—ഞാൻ ദേവകീപുത്രനായ ദേവനാലി പ്രകാരം നിർദ്ദിഷ്ടനായിരിക്കുന്നു:—"വിജനവും രൈവതകപ്രസ്ഥത്തിലുള്ളതുമായ കാഞ്ചനോദ്യാനത്തിൽ ഒരു പരമഹംസഭഗവാൻ വന്നിരിക്കുന്നുണ്ടു്. ആര്യ്യബലഭദ്രനോടുകൂടെ ഞാനദ്ദേഹത്തെ കാണ്മാൻ പോകുന്നതിനാൽ രഥം തെയ്യാറാക്കുക" എന്നു്. ഞാനിതു് ആര്യ്യദാരുകനോടറിയിക്കുകയും ചെയ്തു. വാർദ്ധക്യത്താൽ ക്ഷീണിച്ച കാലുകൾകൊണ്ടു തീരെ നടക്കാനും വയ്യ.

ജരയാൽപരം പഴകി,യെന്റെ മേനിയി-
ന്നുരുജാഡ്യമാന്നു ബത! പാതമേല്ക്കയാൽ
പരിഹാസപാത്രമതുമായ് ഭവിച്ചി;തി-
പ്പുരതന്ത്രവൃത്തിയപവാദദാത്രിതാൻ. ൧

ചേടി—(അടുത്തുചെന്നു്) ആര്യ്യൻ എന്നെക്കാണാതെ എങ്ങോട്ടാണു പോകുന്നതു്?

കാഞ്ചു—ആ, ഭവതി കല്പലതികയാണോ?

ചേടി—അതേ ആര്യ്യ! എനിക്കു് ആര്യ്യകൽനിന്നും

ചിലതു മനസ്സിലാക്കേണ്ടതുണ്ട്. പ്രമഥവൃത്താന്തം പരമാത്ഥമാണോ?

കാഞ്ചു—വത്സേ! ഇക്കഴിഞ്ഞ രാത്രിയിൽ സ്മിതവദന നായിക്കണ്ടിട്ടു സത്യഭാമയാൽ കാരണം ചോദിക്കപ്പെട്ട ഭഗവാങ്കൽനിന്നു് ഇത്രമാത്രം ഞങ്ങൾ കേട്ടു. എന്തെന്നാൽ—'ബലഭദ്രരുടെ അനുമതിലേശം ലഭിച്ചിട്ടു്, ഭത്തൃദാരികയിൽ അഭിനിവേശത്തോടുകൂടിയ ദുയ്യോധനന്റെ പ്രേരണയാലൊരു രക്ഷസ്സു് അവളെ അപഹരിച്ചു. ഉടൻതന്നെ ഭഗവദിംഗിതജ്ഞനായ ഗരുഡനാൽ കന്യാപുരം പ്രാപിക്കപ്പെട്ടുകയും ചെയ്തു' എന്നു്.

ചേടി—ഭാഗ്യത്താൽ പക്ഷിശ്രേഷ്ഠനവളെ വീണ്ടും ജീവിപ്പിച്ചു. ഇനി ആയ്യൻ പൊയ്ക്കൊണ്ടാലും. ഞാനും ഭത്തൃദാരികയുടെ അടുക്കൽ ചെന്നു കാണട്ടെ.

(രണ്ടു പേരും പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം സന്യാസിവേഷം ധരിച്ച ധനഞ്ജയൻ പ്രവേശിക്കുന്നു)

ധനഞ്ജയൻ — (ദീഘനിശ്വാസം ചെയ്തു്) ഹാ! ശുപ്പകശാസിതാവേ! പരോപദ്രവതല്പരന്മാക്കു ദുഃഖം അപരിഹരണീയമാണെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നതു സത്യമാണു്.

വ്രീളാഭാരം കുറയ്ക്കുന്നിതു; മനമതിലി-
ല്ലാതെയാക്കുന്നു ധൈയ്യം;
മാലേററം ചേത്തിടുന്നു; തപരിതതരമകറ്റുന്നു നൽപ്രശ്രയത്തെ;

നീലത്താർബാണ! നീയിങ്ങനെ പലതരമാ-
യുള്ള കർമ്മങ്ങൾ ചെയ്തി-
ട്ടാലസ്യത്താൽക്കുഴക്കുന്നിതു ബത! സതതം
സ്വാന്തമാത്മാവിനെത്താൻ. ൮

(വിചാരിച്ചിട്ട്) സുഭദ്രാസമാഗമസൌഖ്യം ലഭിച്ചിട്ടില്ലാത്ത എങ്കൽ നിൻെറ ഈദൃശവ്യാപാരമുചിതം തന്നെ. എന്നാൽ മററവളെ സംബന്ധിച്ചേടത്തോളം നിൻെറ പ്രവൃത്തി ന്യായരഹിതമാണ്. എന്തെന്നാൽ,

അന്നുടൻ പ്രമഥമുക്തയാമിവളെ ഞാനെ-
ടുത്തിതു കരത്തിനാ;-
ലെന്നുമല്ലവൾ പുണർന്നിതെന്നെ; രതിയുംഭ-
വിച്ചു മമ മാനസേ;
ഇന്നു വീണ്ടുമധുനാ ഭവാനുചിതമല്ല
യെങ്കിലുമിവണ്ണ, മെ-
ന്തിന്നു പീഡയരുളുന്നി?തിവ്യതികര-
ത്തിനെൻെറ സഖിസാക്ഷിയാം. ൯

(പിന്നെയും വിചാരിച്ചിട്ട്) എൻെറ വയസ്യനായ വാസുദേവൻ പ്രസ്തുത കാര്യനിർവ്വഹണത്തിന്നായി വേഷം മാറിയിരിക്കുന്ന എനിയ്ക്കിതിന്നനുജ്ഞതരുമോ? (ചെവിയോർത്ത്) ഹേ രഥശബ്ദം കേൾക്കുന്നതു് എവിടെ നിന്നാണ്? (മുമ്പിൽ നോക്കി സന്തോഷത്തോടെ) ഇതാ സങ്കർഷണവാസുദേവന്മാർ ഈ തേരിൽനിന്നിറങ്ങുന്നു. (പിന്നെ വാസുദേവനെ നോക്കി രോമാഞ്ചത്തോടെ) ഹാ! ഞാനിദ്ദേഹത്തെ ആലിംഗനം ചെയ്യാതിരിക്കുന്നതെങ്ങിനെ?

(അനന്തരം സങ്കഷ്ണവാസുദേവന്മാർ പ്രവേശിക്കുന്നു)

സങ്കഷ്ണൻ — ഇതാ നാം കാഞ്ചനോദ്യാനത്തിലെത്തിയിരിക്കുന്നു. ഹാ! ഇതിൻെറ ഒരു രാമണീയകം! ഇതിലാകട്ടെ,

സുരമ്യകനകപ്രസൂനമകരന്ദരേണുക്കളാൽ
ഹിരണ്മയമതായ് ഭവിച്ചിതിവിടെ ദ്വിരേഫാവലി;
പരംപരിണതാതപത്തിനെയുമിങ്ങു കണ്ടീടുവോർ
മരത്തണൽനിമിത്തമൊട്ടിളയതെന്നു ശങ്കിച്ചുപോം. ൪

വാസുദേവൻ — (ആത്മഗതം) ഗൌരവമേറിയ മിത്രകാര്യങ്ങൾ ഇഷ്ടമില്ലെങ്കിലും വ്യാജമാർഗ്ഗത്തിലേക്കുതന്നെ എന്നെ പ്രേരിപ്പിക്കുന്നു. എന്തെന്നാൽ,

പാത്ഥനിപ്പൊഴുതു ദോഷമററ യമിവേഷ-
മാന്നു നിജമാനസേ
ഭദ്രയെസ്സതതമോത്തിടും കഥനിനച്ചു
ഞാനഥ ഹസിക്കവേ
സ്നിഗ്ദ്ധരാഗമൊടു ശങ്കവിട്ടിതിനു ഹേതു-
വെ?ന്തിതി വദിക്കുമ-
സ്സത്യഭാമയൊടു മാറുവല്ലതുമുരച്ചു
ഞാനിതു മാപ്പതേ. ൫

(പ്രകാശം) ആര്യ്യ! ഇതാ ഭഗവാൻ ആശ്രമോപാന്തത്തിലുള്ള ഈ ഹേമശിലാതലത്തെ സ്വസാന്നിദ്ധ്യത്താൽ അലങ്കരിച്ചരുളുന്നു. നമുക്ക് അദ്ദേഹത്തിൻെറ അടുത്തുചെല്ലുക.

(രണ്ടുപേരും സമീപത്തു പോയി നമസ്കരിക്കുന്നു)

ധന—അത്രഭവാന്മാർ കുശലികളായി ഭവിച്ചാലും.

സങ്ക—ഞങ്ങൾ രണ്ടാളും ഏററവും അനുഗൃഹീതരായി;
എന്നാൽ ഭഗവൻ!

വന്മായം വിട്ടതായി പ്രകൃതിയിലുമയ-
ന്നുള്ളൊരാത്മാവെ വെന്ന-
ക്കണ്മഷ്ഹീത്താം ഭവന്മാനസമഥ ഭവിക-
ർമ്മങ്ങളിൽ ശ്രദ്ധയെന്യേ
സമ്മാന്യാത്മൻ! ഗുണങ്ങൾക്കടയൊരുപരി വ-
ർത്തിച്ചുപിന്നെ ക്രമത്താ-
ലെണ്മട്ടക്ലേശമെല്ലാം സപദി കളയുമ-
ദ്വൈതഭാവം വഹിപ്പു! ന്ന

ധന—ഈ ശ്രേയസ്സിനു യഥാശക്തി പരിശ്രമിക്കുകതന്നെ വേണം. എന്നാൽ സിദ്ധിയാകട്ടെ ഹൃഷീകേശന്റെ കരുണയെ അവലംബിച്ചാണു സ്ഥിതിചെയ്യുന്നതു്.

വാസു—ഭഗവാന്റെ സിദ്ധി അന്യാപേക്ഷകമല്ലല്ലോ.
അതിനാൽ,

ഇത്ഥം സമ്പ്രതി യോഗിയായി ഭഗവൻ!
തൻ 'കാമസിദ്ധി'ക്കുതാൻ
ചിത്തത്തിൽ പരമാഗ്രഹിച്ചു നിയതം
'യോഗം' ധരിക്കും ഭവാൻ,

ബദ്ധക്ലേശഭരം ജയിച്ചഥ ജവാൽ
സീമാധികാമോദവും
നിത്യം നിർവൃതിയും തനിക്കരുളിടും
'ഭദ്രാപ്തി' സാധിക്കുമേ. ൧

ധന—(സന്തോഷത്തോടെ ആത്മഗതം) ഭാഗ്യത്താലെനിക്കു മാധവിയെ ലഭിച്ചു. (പ്രകാശം) അങ്ങയുടെ അനുഗ്രഹത്താൽ ഞാനീ സിദ്ധിയെ പ്രാപിക്കുമെന്നുതന്നെ വിശ്വസിക്കുന്നു.

വാസു—(അപവാൎയ്യ) ആൎയ്യ! യോഗസിദ്ധിക്കായി ഭഗവാനു വിജനപ്രദേശമല്ലയോ ആവശ്യമായിട്ടുള്ളതു്?

സങ്ക—വാസുഭദ്ര! ഇദ്ദേഹത്തിന്റെ അഭിമതസിദ്ധിക്കനുരൂപവും അതിവിവിക്തവുമായ സ്ഥലം കന്യാപുരം മാത്രമാണു്. (പ്രകാശം) ഹേ അവിടെ ആരാണു്?

കാഞ്ചുകീയൻ—(വന്നിട്ടു്) ആൎയ്യന്മാർ ജയിച്ചാലും.

സങ്ക—വിനയപാലിത! ഈ ഭഗവാനെ കന്യാപുരത്തിൽ കൊണ്ടുചെന്നാക്കീട്ടു്, സുഭദ്രയോടു ഞാനിപ്രകാരം പറഞ്ഞതായി പറയൂ—"വിവിക്താഭിലാഷിയായ ഈ ഭഗവാനെ സ്വകരപോഷിതയായ മാധവീലതയുടെ മണ്ഡപത്തിൽ കൊണ്ടുചെന്നിരുത്തി യഥാവിധി ശുശ്രൂഷിക്കുക" എന്നു്. (വാസുദേവനെ നോക്കി) എന്തു വിചാരിക്കുന്നു?

വാസു—ഈദൃശകാൎയ്യങ്ങളിലാൎയ്യൻ തന്നെയാണല്ലോ പ്രമാണം.

കാഞ്ചു—ദേവന്മാരാജ്ഞാപിക്കുംപോലെ.

സങ്ക—ഭഗവൻ! പാദപാംസുക്കളാൽ കന്യാപുരത്തെ

പൂതമാക്കിച്ചെയ്യാലും. ഞങ്ങളും കൃത്യാന്തരങ്ങളെ നിർവ്വഹിക്കട്ടെ. (വാസുദേവനോടൊരുമിച്ചു പോയി)

കാഞ്ചു—(വന്ദിച്ചു) ഭഗവാനിതിലെ, ഇതിലെ.

ധന—ശരി—

(രണ്ടുപേരും ശൈലാവതരണം നടിക്കുന്നു)

ധന—(വിചാരത്തോടെ നിശ്വസിച്ചു്, ആത്മഗതം) 'വിശിഷ്ട ലക്ഷണസുഭഗമായ വചസ്സ് അഭീഷ്ടദായകമാ'ണെന്നുള്ള ലോകതത്വം പരമാത്ഥമാണു്. എന്തെന്നാൽ,

ഭ്രംഗത്തിൻപടിയുള്ള ചാരുതരളാ-
പാംഗം, മൃഗാക്ഷിയ്ക്കുഴം
കൊങ്കച്ചെപ്പുകളാൽ കുനിഞ്ഞൊരുടൽ, പ്ര-
ണ്ടഫ്ലാതമാം സൌരഭം,
അംഗസ്പർശ,മുദാരവാക്യ,മിവയെ-
ച്ചേക്കുന്നിതെന്മാനസ
ഭംഗംവിട്ടു, "സുഭദ്ര"യെന്നപദമാ-
യുള്ളോരു ചിന്താമണി. വൃ

(ധ്യാനിച്ചുംകൊണ്ടു ചുററിനടക്കുന്നു)

കാഞ്ചു—(വിനയപൂർവ്വം) ഇതാ ഈ കാണുന്നതാണു് കുമാരീപുരത്തിന്നു സമീപത്തുള്ള പ്രമദവനം. ഭഗവാൻ ഇവിടെ ക്ഷണനേരം വിശ്രമിച്ചാലും. ഞാൻ ചെന്നു ചിത്രകൂടപ്രസ്ഥത്തിലുള്ള ഭർത്തൃദാരികയായ സുഭദ്രയോടു് ഭവാന്റെ ആഗമനത്തെ അറിയിക്കട്ടെ. (നോക്കീട്ടു് ചിന്തയോടെ ആത്മഗതം) ഇദ്ദേഹത്തിന്റെ ദൃഷ്ടിപാതം മനോനുബന്ധാഹിതമായിരിക്കുന്നുവല്ലോ. അല്ലെങ്കിൽ ഈദൃശന്മാരും ആത്മാനുസന്ധാ

രണപരായണന്മാരുമായ ആത്മാരാമന്മാരുടെ ബാഹ്യേന്ദ്രിയങ്ങൾ നിദ്രാധീനങ്ങളായിരിക്കാം. (പ്രകാശം)
[“ഇതാ.........” ഇത്യാദി വീണ്ടും പഠിക്കുന്നു]

ധന—(കേട്ടിട്ട്) അങ്ങിനെയാകട്ടെ.

കാഞ്ചു—ഞാനനുഗൃഹീതനായി. (പോയി)

ധന—(പ്രമദവനപ്രദേശം നടിച്ചിട്ട് പുറം നോക്കി) ശൈശവം വിട്ടു യൌവനാവസ്ഥയെ പ്രാപിച്ചിരിക്കുന്ന ഈ വസന്തത്തിന്റെ ഒരു രാമണീയകം!

ചൂമരന്ദമൊരു തെല്ലിയന്നു, വിടരാന-
ട്ടത്തൊരു ദളത്തൊട്ടും,
മാമരങ്ങളുടെ നവ്യമാം കലിക മഞ്ജ-
രീതമിയലുന്നിതാ;
കാമമാംപടി രസാലമാധവി പരമാസ്വ-
ദിച്ചു കുതുകാൽ പിക-
സ്തോമവും തെളിവിയന്ന കണ്ണമൊട്ടു പാടി-
ട്ടുന്നു പല ഗീതികൾ. ൯

(ഓർമ്മനടിച്ച്) എന്റെ കണ്ണുകൾക്കു സുഭദ്രാസൌന്ദര്യപീയൂഷത്തെ ആസ്വദിപ്പാനവസരമെട്ടുത്തു. ഈ പുരത്തിൽ വെച്ചുതന്നെ പദാർത്ഥാന്തരത്തേയും ലഭിച്ചാൽ ഞാനതിഭാഗ്യവാനായി.

(അണിയറയിൽ)

സഖി, ഷട്പതികേ! ഷട്പതികേ!

ധന—(ചെവിയോർത്ത്) ഈ മാധവീലതാ മണ്ഡപത്തിൽ തന്ത്രീസ്വനസംവാദിയായ മധുരശബ്ദം കേൾക്ക

പ്പെട്ടന്നു. അതിനാലടുത്തുചെന്നു നോക്കട്ടെ. (അങ്ങിനെ ചെയ്യുന്നു)

(അനന്തരം ചേടിയോടുകൂടെ കാമചാരവശയായ സുഭദ്ര പ്രവേശിക്കുന്നു)

സുഭദ്ര—സഖി, ഷട്പതികേ! ഷട്പതികേ!

ചേടി—ഭർത്തൃദാരിക എന്നെ ആദ്യമൊരിക്കൽ വിളിച്ചുവല്ലോ. പിന്നെ രണ്ടാമതുമിങ്ങനെ വിളിക്കുന്നതെന്തിനാണു്?

സുഭദ്ര—സഖി! ഞാനാദ്യം നിന്നെ വിളിച്ചുവോ?

ചേടി—(ആത്മഗതം) ഭർത്തൃദാരികയ്ക്കെന്താണിങ്ങിനെ സമ്മോഹത്തിന്നു കാരണം? ഭൂതത്തിന്റെ കയ്യിലകപ്പെട്ടതുമുതൽക്കു് ഇവളുടെ മട്ടെല്ലാമൊന്നു മാറിയിരിക്കുന്നു. ഞാനിങ്ങനെ ചോദിക്കട്ടെ. (പ്രകാശം) ഉവ്വ്, വിളിച്ചു. സഖി എന്താണു് പറയുവാനാഗ്രഹിക്കുന്നതു്?

സുഭദ്ര—സഖി! ആലോചിച്ചു പറയാം. (ധ്യാനിക്കുന്നു)

ധന—ഇവളുടെ വാക്കുകൾക്കു് അന്യോന്യം സംബന്ധമില്ലാതിരിക്കുന്നതെന്തുകൊണ്ടായിരിക്കാം? ഒരുപക്ഷേ, ഇവൾ മന്മഥശരപീഡിതയാണെന്നു വരാം. ആകട്ടെ, എല്ലാം നോക്കി മനസ്സിലാക്കാം. (വള്ളിയുടെ ഇടയിൽകൂടി നോക്കി, സന്തോഷത്തോടും രോമാഞ്ചത്തോടുംകൂടെ) ഇതുതന്നെയാണു് അനിർണ്ണീതാകാരത്തോടുകൂടിയ മണി; ഇതിന്റെ ലാഭത്തിൽ ഞാൻ അനാശംസിയായിരിക്കുന്നു. (ചിന്തിച്ചിട്ടു്) വിധിവിലാസമാരാലും അറിയപ്പെടാവുന്നതല്ല. എന്തെന്നാൽ,

ശ്രീമന്മാനസമെത്തുവാനതിജവാൽ
പോകുന്ന ഹംസാധിപൻ
മാർഗ്ഗേ പത്മിനിയൊന്നുകണ്ടതിലണ-
ഞ്ഞേറെജ്ജലം കാങ്കയാൽ,
സമ്മോഹത്തൊടു ഹന്ത! മാനസമതിൽ
ചെല്ലാതെ, പിന്നെ ക്രമാ-
ലംഭസ്സമ്പൊടൊഴിഞ്ഞൊരന്നളിനിയിൽ
താനങ്ങു വാഴുന്നതേ. ൨൦

ചേടി—ഭർത്തൃദാരികേ! ആലോചിച്ചുവോ?

സുഭദ്ര—(നിർവ്വേദത്തോടെ ആത്മഗതം) ഹാ! പാർത്ഥനിലനുരക്തമായ എന്റെ ഹൃദയം ഒരന്യപുരുഷനെക്കൂടി കാമിക്കുന്നുണ്ടെന്നു ഞാനെങ്ങനെ സഖികളെപ്പോലുമറിയിക്കും? അതിനാലിങ്ങനെ പറയാം. (പ്രകാശം) പ്രമഥസംഗ്രഹണത്താൽ സംഭവിച്ച ആ ഭീതി ഇപ്പോഴും വിട്ടുപോകുന്നില്ല. അതാണ് ഈ അസ്വാസ്ഥതയ്ക്കു കാരണം.

ചേടി—ഭർത്തൃദാരികേ! ഷട്പതികയെ ഇപ്രകാരം വഞ്ചിക്കുവാൻ സാദ്ധ്യമല്ല. വാസ്തവം പറഞ്ഞേക്കൂ. മനോഹരവസ്തുക്കളിൽ വൈമുഖ്യം, അംഗങ്ങളിൽ പാണ്ഡുരത്വം, ക്ഷീണം എന്നിത്യാദികൾ പേടികൊണ്ടുണ്ടാകുമോ? ഇത്രകാലത്തോളം ഭവതിയുടെ ഹൃദയനിർവ്വിശേഷയായിരുന്നിട്ട്, ഇപ്പോൾ ദുഃഖത്തിൽ മാത്രം പങ്കുകൊള്ളുവാൻ പാത്രമല്ലാതായിത്തീർന്ന ഞാൻ ജീവിതസുഖങ്ങളൊന്നുമിനി അനുഭവിക്കുകയില്ല. (എഴുന്നേൽക്കുന്നു)

ധന — (പ്രത്യാശയോടെ) ഷട്പതിക പറഞ്ഞതു സത്യമാണ്. ഇപ്പോഴവളെന്തു പറയുമാവോ?

സുഭദ്ര — (സംഭ്രമത്തോടെ അവളുടെ കൈപിടിച്ച് ഗൽഗദസ്വരത്തിൽ) സഖി! സാഹസം പ്രവൎത്തിക്കേണ്ട. ഇതു കേട്ടാൽ നീ കൂടി എന്നെ ഉപേക്ഷിക്കും. എങ്കിലും കേട്ടുകൊള്ളുക.

ചേടി — ഞാനനുഗൃഹീതയായി. (രണ്ടുപേരുമിരിക്കുന്നു)

ധന — (സംശയത്തോടെ) ഇതിൻെറ പരിണാമമെന്തായിരിക്കാം?

സുഭദ്ര — സഖി! ജനനംമുതൽക്കേ പാൎത്ഥൻെറ പരാക്രമങ്ങളെപ്പററി കേട്ട് അദ്ദേഹത്തിലാസക്തമായ മനസ്സിനെ മദനഹതകൻ അപരങ്കലേക്കു പ്രേരിപ്പിക്കുന്നു.

ധന — (ഉദ്വേഗത്തോടെ) കഷ്ടം! കഷ്ടം! വിരുദ്ധശീലേ!

കുലീനത്വം, പാരം ചരിതവിമലത്വം, വിനയ,മ-
സ്സുലാളിത്യം, ശ്രീ,യെന്നിവയുടയ നിന്നംഗനിരയും,
വിലോലാംഭോജാക്ഷീമണി പലരിൽ നീ ചേൎത്തമനവും
ചലിപ്പിച്ചീടുന്നു മമ ഹൃദയമൊന്നിച്ചു രഭസം. ൧൧

സ്വകുലകളങ്കഭൂതയായ ഇവളെ ഇനി ഞാനാഗ്രഹിക്കയില്ല. അതിനാൽ മറെറാരു സ്ഥലത്തു ചെന്ന്, കഞ്ചുകിയെ കാത്തുനില്ക്കാം. (പോകുവാൻ തുടങ്ങുന്നു)

ചേടി: — (കൌതുകത്തോടെ) ഭൎത്തൃദാരികേ! ആ പുരുഷനാരാണ്?

സുഭദ്ര: — ആർ എന്നെ ഭൂതഹസ്തത്തിൽനിന്നും രക്ഷിച്ചുവോ അദ്ദേഹംതന്നെ.

ധന:—(സന്തോഷത്തോടെ) ഭാഗ്യത്താലിവൾ ഒരാളെത്തന്നെയാണു് രണ്ടുപേരെന്നു് ഭ്രമിക്കുന്നതു്.

ഇക്കല്യാണവചസ്സുകേട്ടിടുവതാ-
മിക്കണ്ണുമേ കണ്ണു; മ-
ല്ലൊല്ലൊളും തനുസൌഷ്ഠവം നുകരുവോ-
രീലോചനം ലോചനം;
അക്കല്യാംഗമതന്നു താങ്ങിയെഴുമീ-
മൈതന്നെയാം മെയ്യുമീ-
മയ്ക്കണ്ണാളെവഹിച്ചുകൊണ്ടമരുമീ-
ഹൃത്താണു ഹൃത്തും തഥാ. ൧൨

(ചിന്തിച്ചിട്ടു്) ഇനി അവശേഷിച്ചിരിക്കുന്ന സംഗമോപായസിദ്ധിയിൽ എനിക്കു സഹായം ആ കൌണ്ഡിന്യൻതന്നെ.

(അണിയറയിൽ)

അബ്രഹ്മണ്യം, അബ്രഹ്മണ്യം.

ധന:—(ചെവിയോർത്തു്) കൌണ്ഡിന്യനാണോ നിലവിളിക്കുന്നതു്? ഇദ്ദേഹത്തിന്നു് എന്തു വ്യസനമാണു് ഭവിച്ചതു്?

ചേടി—(കണ്ടിട്ടു്) ഭർത്തൃദാരികേ! ഇതാ കല്പലതിക, ആദ്യം പിടിച്ച കാട്ടുകുരങ്ങനെപ്പോലെ, ഏതോ ഒരു ബ്രാഹ്മണനെ കഴുത്തിൽ മുണ്ടിട്ടു് ഇങ്ങോട്ടു കൊണ്ടുവരുന്നു.

(അനന്തരം മുൻപറഞ്ഞപ്രകാരം വിദൂഷകനും, കല്പലതികയും പ്രവേശിക്കുന്നു)

കല്പലതിക:—വത്രു, ദുഷ്ടബ്രാഹ്മണ, (ശക്തിയോടെ വലിക്കുന്നു)

ധന:—കഷ്ടം! വയസ്യൻ ഈദൃശമായ ആപത്തിൽ നിപതിച്ചിരിക്കുന്നു. ഇതിൽനിന്നും ഇദ്ദേഹത്തെ എങ്ങിനെയാണു് വിമോചിപ്പിക്കേണ്ടതു്? അല്ലെങ്കിലധൎമ്മഭീരുവായ ഈ സാധ്വിതന്നെ രക്ഷിക്കും.

സുഭദ്ര:—(കോപത്തോടെ) സഖി! സൎവ്വാവസ്ഥകളിലും പൂജാൎഹനായ ബ്രാഹ്മണനെ എന്തിന്നിങ്ങിനെ ഉപദ്രവിക്കുന്നു?

കല്പ:—ഭൎത്തൃദാരിക· പ്രസാദിച്ചാലും—ഇതു് ചോരനാണു്, ബ്രാഹ്മണനല്ല.

സുഭദ്ര:—സഖി! ഇദ്ദേഹം മോഷ്ടിച്ചതെന്താണു്?

കല്പ:—ഭൎത്തൃദാരികേ! ഇതു നോക്കു. (വിദൂഷകന്റെ മടിയിൽനിന്നും ഗാത്രികയെടുത്തു കാണിക്കുന്നു)

വിദൂഷകൻ:—(ആത്മഗതം) ഹാ! വിധിയുടെ വൈഭവം. പണ്ടു് 'കുംഭീലൻ' എന്ന പേർ കേൾക്കുമ്പോഴേക്കും മരണഭയംകൊള്ളുന്ന ഞാനിപ്പോഴിതാ ആ കുംഭീലൻതന്നെ ആയിത്തീൎന്നിരിക്കുന്നു. (ദയനീയമാകുംവണ്ണം പ്രകാശം) അതിബ്രാഹ്മണ്യശീലേ! ഭവതി എന്റെ വാക്കുകൂടി കേട്ടിട്ടു്, പിന്നെ കണ്ണു കുത്തിപ്പൊട്ടിച്ചുകൊള്ളുക.

സുഭദ്ര:—(സസ്മിതം) ബ്രാഹ്മണ! കണ്ണിന്റെ കഥ ഇരിക്കട്ടെ. അങ്ങുന്നു് കാൎയ്യം പറയൂ.

വിദൂ:—(സന്തോഷത്തോടെ) ഭവതി! വാക്കില്ലാതെ ഞാനെങ്ങിനെ പറയും?

സുഭദ്ര:— എന്താണു് 'വാക്കില്ലാതെ' എന്നു പറഞ്ഞതു്?

വിദൂ:—വജ്രസമമായ പാശത്താൽ സംബദ്ധമായ എ

ൻെറ ഗളത്തിൽനിന്നും എങ്ങിനെ വാഗ്ധാര നിർഗ്ഗമിയ്ക്കും!

സുഭദ്ര:—(ചിരിച്ച്) ബ്രാഹ്മണ! എന്നാൽ ഇതുവരെ പറഞ്ഞ വാക്കുകഠം എങ്ങിനേയോ അബദ്ധത്തിൽ പുറപ്പെട്ടതായിരിയ്ക്കാം. (കല്പലതികയെ നോക്കി) സഖി! ഇദ്ദേഹത്തെ വിട്ടേയ്ക്കു.

കല്പ:—ഭർത്തൃദാരിക കല്പിയ്ക്കുംപോലെ (വിടുന്നു)

ധന:—(സഹർഷം) ഭാഗ്യവശാൽ കൌണ്ഡിന്യൻ വിമുക്തനായി. ഹാ! ഇവളുടെ പ്രകൃതിയും ആകൃതിയ്ക്കനുസരിച്ചുതന്നെയിരിക്കുന്നു.

ഷട്പദിക:—(അപവാര്യ) കല്പലതികേ! നമുക്കീ ബ്രാഹ്മണൻ ഒരുപകാരം ചെയ്തിട്ടുണ്ട്. എന്തെന്നാലിദ്ദേഹത്തിൻെറ അബദ്ധപ്രലാപങ്ങഠം നമ്മുടെ സഖിയെ അല്പം വിനോദിപ്പിച്ചിരിയ്ക്കുന്നു.

കല്പ:—അതു് വാസ്തവമാണു്.

വിദൂ:—(കഴുത്തു പിടിച്ച്) അത്രഭവതി കേട്ടാലും. ഞാൻ തീർത്ഥയാത്രാകാംക്ഷിയായ ഒരു പരമഹംസരുടെ യോഗസംഭാരങ്ങളെ ഒരുക്കുന്ന ശിഷ്യനാണു്. ഒരിക്കൽ പ്രഭാസതീർത്ഥത്തിന്നടുത്ത തപോവനത്തിൽ ഭിക്ഷാടനം ചെയ്തു മടങ്ങുമ്പോഠം, മാർഗ്ഗമദ്ധ്യേ ഞാനീ ഗാത്രിക കാണുകയാൽ ഇതെടുത്തു കൊണ്ടുവന്നു. അനന്തരം ഈ നഗരത്തിൽ ആ ഭഗവാനെ അന്വേഷിച്ചു നടന്നു് ഒടുവിൽ ഇവളുടെ കയ്യിലകപ്പെട്ടു. ഇനിയെല്ലാം അത്രഭവതിതന്നെ പ്രമാണം.

സുഭദ്ര:—(വിദൂഷകൻ കേഠക്കാതെ) കല്പലതികേ! ഗാത്രിക

യുടെ വൃത്താന്തം മനസ്സിലായി. എന്നാലദ്ദേഹം ഇപ്പോഴെവിടെയാണു്?

കല്പ:— ഭർത്തൃദാരികേ! ഞാൻ കണ്ടില്ല.

സുഭദ്ര:— (ആത്മഗതം) എന്നാൽ ഇപ്പോഴദ്ദേഹം എവിടെ പോയിരിയ്ക്കും?

ധന:— ഇവൾ 'അദ്ദേഹ'മെന്നു് പറയുന്നതാരെക്കുറിച്ചായിരിയ്ക്കാം.

ഷട്പ:— ഭർത്തൃദാരിക ഏതു പുരുഷനെയാണന്വേഷിക്കുന്നതു്?

സുഭദ്ര:— (നിശ്വസിച്ചു്) ആരെന്നെ ഭൂതഹസ്തത്തിൽ നിന്നും രക്ഷിച്ചുവോ അദ്ദേഹത്തെ.

ധന:— (സാമോദം) ഹാ! ദുഃഖഗർത്തത്തിൽ പതിച്ചു് ഞാൻ വീണ്ടും ക്ഷണത്തിൽ ഉദ്ധൃതനായി.

കാഞ്ചുകീയൻ:— (പ്രവേശിച്ചു്) ഭർത്തൃദാരികേ! സുഭദ്രേ! സകൃഷ്ണവാസുദേവന്മാർ ഭവതിയെ ഇപ്രകാരമറിയിയ്ക്കുന്നു.

ധന:— (സന്തോഷത്തോടും രോമാഞ്ചത്തോടും കൂടി) ഭഗവൻ! വിധേ! ഇത്രകാലമെന്നിൽ വിരുദ്ധശീലനായിരുന്നുവെങ്കിലും,

മുന്നമപ്രമഥപ്രമത്തനമോറൾ, വേപഥുതിങ്ങിടയാ-
രുന്നതസ്തനകുംഭമാർന്ന മദീയജീവിതനാഥയും,
ഇന്നതാംഗിയുമേകയെന്നു വരുത്തിയമ്പൊടയേ! ഭവാ-
നിന്നു വൈരമകന്നു മാമകബന്ധുവായി ഭവിച്ചതേ. ൧൩

വിദൂ:— (ആത്മഗതം) ഇന്നു് ഞാൻ സുഭദ്രയെക്കണ്ടു. വയ

സ്യന്റെ അഭിപ്രായം ഉചിതസ്ഥാനത്തു തന്നെയാണു്.

സുഭദ്ര:— (ബഹുമാനത്തോടെ) ആൎയ്യ! എന്താണാജ്ഞാപിക്കുന്നതു്?

കാഞ്ചു:—(ചെവിയിൽ പറയുന്നു)

സുഭദ്ര:—(സബഹുമാനം) എന്നാലാ ഭഗവാനെവിടെ?

കാഞ്ചു:—ഞാൻ കൂട്ടിക്കൊണ്ടുവരാം. (ചുററിനടക്കുന്നു)

ധന:—ഇദ്ദേഹമെന്നെ അന്വേഷിച്ചു വരികയാണു്. അതിനാൽ മുമ്പിലത്തെ സ്ഥാനത്തുതന്നെ ചെന്നു നില്ക്കട്ടെ. (അങ്ങിനെ ചെയ്യുന്നു)

സുഭദ്ര:—സഖി! ഷട്പദികേ! ഇദ്ദേഹത്തെ പൂജിപ്പാൻ വേണ്ടുന്ന ഉപകരണങ്ങളെല്ലാം കൊണ്ടുവരൂ.

ഷട്പ:—ഭൎത്തൃദാരികയുടെ കല്പനപോലെ (പോയി പ്രവേശിച്ചു്) ഇതാ പൂജാദ്രവ്യങ്ങൾ. (കൊടുക്കുന്നു)

കാഞ്ചു:—(അടുത്തു ചെന്നു്) ഭഗവൻ! ഇതാ സുഭദ്ര ഈ മാധവീലതാമണ്ഡപത്തിൽ വൎത്തിക്കുന്നു. ഭവാനവളെ ആത്മസന്ദൎശനത്താൽ പരിപൂതയാക്കിച്ചെയ്യാലും.

ധന:—അങ്ങിനെതന്നെ; ഉത്തമപക്ഷം; വഴികാണിയ്ക്കൂ.

കാഞ്ചു:—ഭഗവാനിതിലെ, ഇതിലെ, (രണ്ടുപേരും ചുററിനടക്കുന്നു)

സുഭദ്ര:—(സംഭ്രമിച്ചെഴുന്നേററു് ആത്മഗതം) വാസ്തവത്തിലിദ്ദേഹം പരമഹംസരല്ല. കാമദേവൻ തന്നെ മറെറാരു വേഷമെടുത്തെന്നെ പീഡിപ്പിക്കുവാൻ വന്നതായിരിക്കണം. ഇദ്ദേഹത്തെ കണ്ട മാത്രയിൽ തന്നെ

എന്റെ അവയവങ്ങളെല്ലാം തളൎന്നിരിക്കുന്നു. ഹാ! ഞാനെങ്ങിനെയാണു് ഉപചാരമാരംഭിക്കേണ്ടതു്! (വിറയ്ക്കുന്ന കൈകൾ കൂപ്പി ഗൽഗദത്തോടെ) ഭഗവൻ! ഞാൻ വന്ദിക്കുന്നു.

ധന:—ഭദ്രേ! അഭിമതഭൎത്തൃഭാഗിനിയായി ഭവിച്ചാലും.

സുഭദ്ര:—(നെടുവീൎപ്പിട്ടു് ആത്മഗതം) ഹാ! പ്രക്ഷീണപുണ്യയായ ഞാൻ മൂന്നു ഭൎത്താക്കന്മാരെ ആഗ്രഹിക്കുന്നു. ഇതു കുലസ്ത്രീകൾക്കു് യുക്തവുമല്ല. അതിനാലീവിധമുള്ള ആശീസ്സു് ഈ ജന്മത്തിൽ ഫലിയ്ക്കുകയില്ല.

കാഞ്ചു:—ഭൎത്തൃദാരികേ! ഞാൻ ചെന്നു് ആജ്ഞ നിൎവ്വഹിച്ചതായി ദേവന്മാരെ അറിയിക്കട്ടെ.

സുഭദ്ര:—അങ്ങിനെ തന്നെ.

(കാഞ്ചുകീയൻ പോയി)

വിദൂ:—(ആഹ്ലാദത്തോടെ ആത്മഗതം) ഭാഗ്യത്താലപമൃത്യുവിൽനിന്നും രക്ഷപ്പെട്ടു് എനിയ്ക്കിപ്പോൾ വയസ്യനെക്കാണ്മാൻ സംഗതി വന്നു. ഇനി യാതൊരു പ്രതിബന്ധവും കൂടാതെ ഒരു നൂററാണ്ടു് ജീവിച്ചിരിയ്ക്കാമെന്നു തോന്നുന്നു.

ഷട്പ:—(അപവാൎയ്യ) സഖി! കല്പലതികേ! നോക്കു. ഇദ്ദേഹത്തിന്റെ ചേഷ്ടിതങ്ങൾ യോഗിജനവിരുദ്ധങ്ങളായിരിയ്ക്കുന്നുവല്ലോ.

കല്പ:—ശരിയാണു്. ഇദ്ദേഹത്തെ കണ്ടതു മുതല്ക്കു് ഭൎത്തൃദാരികയുടെ മദനസന്താപം ഇരട്ടിയായി തീൎന്നിട്ടുണ്ടു്.

സുഭദ്ര:—ഭഗവാനേ! ഈ പീഠത്തെ സനാഥമാക്കിച്ചെയ്യാലും.

ധന:—അങ്ങിനെയാവട്ടെ. (ഇരിയ്ക്കുന്നു)

ഷട്പ:—ഭത്തൃദാരികേ! ഇദ്ദേഹത്തെ പൂജിക്കു.

ധന:—(ആത്മഗതം) കുസുമാസ്ത്രപരിപീഡിതയായ ഇവളെ ഈദൃശകമ്മത്തിന്നു നിയോഗിക്കുന്ന ഷട്പദികയുടെ അനൌചിത്യബുദ്ധി വിസ്മയിക്കത്തക്കതു തന്നെ.

സുഭദ്ര:—(ആത്മഗതം) ഹാ! മന്ദപുണ്യയായ ഞാനെന്തു ചെയ്യട്ടെ.

(വിറയ്ക്കുന്ന കൈകൾകൊണ്ടു് ഒരുവിധം പാദപ്രക്ഷാളനം ചെയ്യുന്നു)

ധന:—(രോമാഞ്ചത്തോടെ ആത്മഗതം)

ഝഷമിഴിയിവളെൻപദത്തിലപ്പി-
ച്ചൊരു മധുരാരുണപാണിപല്ലവങ്ങൾ,
പര,മവയിലെഴുന്ന രാഗപൂരം
കരളിലഹോ! ദ്രുതമേററിടുന്നു ചിത്രം! ൧൪

സുഭദ്ര:—സഖി! അഘ്യം കൊണ്ടുവരൂ.

ഷട്പ:—(അങ്ങിനെ ചെയ്യുന്നു)

കല്പ:—(നോക്കീട്ടു്) അഹോ! പ്രമാദത്താൽ ഭത്തൃദാരികയുടെ കയ്യിൽനിന്നും അഘ്യപാത്രം വീണുപോയി.

ധന:—സുകുമാരങ്ങളായ അംഗങ്ങളെ ഇനിയും ആയാസപ്പെടുത്തേണ്ട. ഞാൻ സൽകൃതനായി. അത്രഭവതിയ്ക്കു നിർബ്ബാധമായി ഇവിടെ ഇരിയ്ക്കാം.

(സുഭദ്ര ലജ്ജ നടിക്കുന്നു)

വിദൂ:—ആ ഭഗവാൻെറ ശിഷ്യനെന്ന നിലയ്ക്കു് ഈ ചോരനേയും കുറഞ്ഞൊന്നു പൂജിക്കേണ്ടതാണു്.

സുഭദ്ര:—(കല്പലതികയെ നോക്കി) സഖി! ഇദ്ദേഹത്തെയും പൂജിയ്ക്കു.

വിദൂ:—അയ്യോ! ഈ സ്വർഗ്ഗവൃക്ഷികയുടെ കയ്യിലെന്നെ നിക്ഷേപിയ്ക്കരുതേ.

കല്പ:—(ചിരിച്ച്) ഹേ! നാമധേയപണ്ഡിത! ഈ ഭഗവാൻെറ ശിഷ്യനെന്നറിഞ്ഞതു മുതല്ക്ക് ഭവാൻെറ ദേഹം സുരക്ഷിതമായിരിയ്ക്കുന്നു.

വിദൂ:—അത്രഭവതി സുഖിതയായിരിയ്ക്കട്ടെ.

സുഭദ്ര:—(ആത്മഗതം) അഹോ! ഇദ്ദേഹത്തിൻെറ മുമ്പിൽ ക്ഷണനേരമെങ്കിലും സ്വസ്ഥയായി നില്പാനെനിയ്ക്ക സാധിയ്ക്കുന്നില്ല. അതിനാലിങ്ങിനെ ചെയ്യാം. (പ്രകാശം) ഷട്പദികേ! കല്പലതികേ! വരുവിൻ നമുക്കു ചെന്ന് ഈ ഭഗവാന്നായി ഭിക്ഷ സമ്പാദിയ്ക്കുക. (തിരിഞ്ഞുനോക്കിക്കൊണ്ട് സഖിമാരോടുകൂടെ പോയി)

വിദൂ:—എയ്! ഏതു മൂഢനാണ് തസ്കരനെത്തന്നെ ഭണ്ഡാഗാരരക്ഷാധികാരിയാക്കി നിയമിച്ചതു്.

ധന:—(ചിരിച്ച്) സാക്ഷാൽ സങ്കർഷണവാസുദേവന്മാർ തന്നെ.

വിദൂ:—ആകട്ടെ, ഇനി അങ്ങേയ്ക്ക് നിത്യം സുഭദ്രയെ ക്കാണാമല്ലോ. എന്നാൽ ആകാശസ്ത്രീ ആകാശസ്ത്രീ തന്നെ ആയിരിക്കുന്നുവോ?

ധന:—സഖേ! ഈ സുഭദ്രയെത്തന്നെയാണ് ഞാനന്ന് പ്രമഥാംസത്തിൽനിന്നും വിമോചിപ്പിച്ചതു്.

വിദൂ—(സസ്മിതം) ഇപ്പോഴവൾ സുഭദ്രയായി. കുറച്ചുകഴിഞ്ഞാൽ യാജ്ഞസേനിയായി ഭവിക്കും.

ധന—സഖേ! ആ പ്രാണേശ്വരി രണ്ടായി ഭവിച്ചതുപോലെത്തന്നെ എനിക്ക് തോന്നുന്നു. എന്തെന്നാൽ—

ചിത്തേ മഹൽപ്രണയപാശനിബദ്ധയായി
വർത്തിച്ചിടുന്നിതിവളെപ്പൊഴു,മെങ്കിലും താൻ,
ഇത്തവ്വിലാശു കുചഭാരവിനമ്രമായ
മദ്ധ്യത്തൊടൊത്തു മമ മുന്നിലിതാ ചലിപ്പൂ. ൧൭

വിദൂ—വയസ്യ! ഇതു നിൽക്കട്ടെ; ഇനി എഴുന്നേററാലും. സൂര്യഭഗവാനിതാ ആകാശമദ്ധ്യത്തിലെത്തികഴിഞ്ഞു. നമുക്കു കുളി കഴിക്കുക.

ധന—അങ്ങിനെയാകാം. (എഴുന്നീററു ചുററിനടന്നു നോക്കി) അഹോ! ഈ നട്ടുച്ചയിലെ വെയിൽ ജലപക്ഷികളെക്കൂടി ക്ലേശിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ,

ഭീമമാം തപനതാപമേററു പരിശുഷ്ക-
മാകിയ ബിസത്തിനെ-
ത്താർമരന്ദമതിലാദ്യമായ് ബത! നനച്ചി-
ട്ടുന്നിതു മരാളകം;
വാമപക്ഷമതുകൊണ്ടു വീശി,യിതരച്ഛ-
ദം കുടയുമാക്കി നൽ-
പ്രേമമോടു നിജ വല്ലഭക്കു സുഖമേകി-
ട്ടുന്നിതു രഥാംഗവും. ൧൮

അതിനാൽ നമുക്കു കർത്തവ്യാനുഷ്ഠാനത്തിന്നായിപ്പോകുക.

(രണ്ടുപേരും പോയി)

രണ്ടാമങ്കം കഴിഞ്ഞു.

# മൂന്നാമങ്കം

(അനന്തരം ഒരു ചേടി പ്രവേശിയ്ക്കുന്നു)

ചേടി—ഭട്ടിനി എന്നോടിങ്ങനെ കല്പിച്ചിരിക്കുന്നു— "സഖി, ഗോവർദ്ധനികേ, എന്റെ വത്സയായ സുഭദ്ര കുറച്ചു ദിവസങ്ങളായി, അത്യധികം ക്ഷീണയും ദുസ്സഹദുഃഖത്താൽ ആഹാരത്തിലഭിരുചിയില്ലാത്തവളുമായിട്ടാണു കാണപ്പെടുന്നതു്. കന്യകമാരുടെ ദേവത ഇന്ദ്രാണിയത്രേ. അതിനാലാ ദേവിയെ പൂജിച്ചിട്ടു സൽഭൂഷണങ്ങളിൽ പ്രധാനപ്പെട്ടതിനെ ഒരു വിപ്രോത്തമനു ദാനം ചെയ്യുക" ഞാനെല്ലാം ഭർത്തൃദാരികയെ അറിയിച്ചു. ഭർത്തൃദാരികയാകട്ടെ സർവ്വവുമനുഷ്ഠിച്ചതിന്നുശേഷം ബ്രാഹ്മണനു കൊടുക്കുവാനുള്ള ഹാരത്തെ കാഞ്ചുകീയന്റെ കയ്യിലയച്ചിരിക്കുന്നു. അതിനാലിനി ആജ്ഞ നിർവ്വഹിച്ചുവെന്നു ഭട്ടിനിയെ അറിയിക്കട്ടെ. (ചുററിനടക്കുന്നു)

മറെറാരു ചേടി— (പ്രവേശിച്ചു്) രുഗ്മിണീദേവിയാൽ ഞാനിങ്ങിനെ ആജ്ഞാപിതയായിരിക്കുന്നു:— "സഖി! ലവംഗികേ! എന്റെ പുത്രിയായ സുഭദ്ര ആ ഭഗവാനു ഭിക്ഷ സമ്പാദിക്കുവാനശക്തയായിത്തീൎന്നിരിയ്ക്കുന്നതിനാലവളുടെ ഭാരം നീ ഏറെറടുക്കണമെന്നിപ്രകാരം ശുശ്രൂപാദങ്ങളെന്നോടു പറകയുണ്ടായി. അതിനാൽ നീ ചെന്നു സുഭദ്രയോടു വൃഥാ ആത്മാവിനെ ക്ലേശിപ്പിക്കേണ്ട എന്നും ഇനി മുതൽ അവൾ ആ ഭഗവാനു ചെയ്യേണ്ടതെല്ലാം ഞാൻ ചെയ്തുകൊള്ളാമെന്നും അറിയിക്കുക" എന്നാലിപ്പോൾ ഭർത്തൃദാരിക എവിടെയാണു്? (മുമ്പിൽ

നോക്കി) ഇതാ ഗോവർദ്ധനിക കന്യാപുരത്തിൽ നിന്നും വരുന്നു. അവളോട്ട ചോദിക്കാം. (അടുത്തു ചെന്നു) സഖി! ഭർത്തൃദാരിക എവിടെ?

ഗോവർദ്ധനിക— ആ, ലവംഗികയോ! സഖി! കാഞ്ചനവാപീതീരത്തുള്ള സഹകാരലതാമണ്ഡപത്തിലുണ്ട്.

ലവംഗിക— (പുറം നോക്കി) അതിരിയ്ക്കട്ടെ. മറ്റൊരു രഹസ്യം ചോദിയ്ക്കാം. ഈ കന്യാപുരം ഉപഹതശോഭമായി കാണപ്പെടുവാൻ കാരണമെന്തു്? കൂടാതെ, ഒരു കൈകൊണ്ടു കവിൾ താങ്ങി വിഷാദത്തോടെ സ്ത്രീകൾ അവിടവിടെനിന്നു് അന്യോന്യം ചിലതെല്ലാം മന്ത്രിക്കുകയും ചെയ്യുന്നു.

ഗോവ— സഖി! ഭർത്തൃദാരികയുടെ അസ്വാസ്ഥ്യത്തെക്കുറിച്ചു നീ കേട്ടിരിക്കുമല്ലോ. പിന്നെ എന്തിനാണിവരുടെ ശോകകാരണത്തെപ്പററി ചോദിയ്ക്കുന്നതു്!

ലവം— സഖി! നീ പ്രക്ഷുബ്ധമായ സമുദ്രത്തിലെ വീചികളെ കൈകൊണ്ടു തടുത്തുനിത്തുവാൻ ശ്രമിയ്ക്കയാണോ? ആ ഭഗവാനേയും ഭർത്തൃദാരികയേയും പററിയുള്ള പ്രസ്താവം നഗരവാസികളുടെ ഇടയിൽ മുഴുവൻ പരന്നിരിക്കുന്നു.

ഗോവ— ആ പാപികളുടെ പ്രലാപങ്ങൾക്കു് ഒട്ടും അടിസ്ഥാനമില്ല.

ലവം— ഇപ്പോഴുത്സവത്തിന്നായി യാദവന്മാരെല്ലാവരും ദ്വീപാന്തരത്തെ പ്രാപിച്ചിരിക്കുകയാൽ ഏതോ ഒരത്യാഹിതമാസന്നമായിരിയ്ക്കുന്നതുപോലെ തോന്നുന്നു. ഈ നഗരത്തിലാകട്ടെ സ്ത്രീകൾ മാത്രമേയുള്ളു.

സന്ന്യാസിവേഷധാരിയായി വന്നിരിക്കുന്നതു ദേവകുമാരനായ ധനഞ്ജയനുമാണു്. അതിനാലിനി എന്തെല്ലാം സംഭവിക്കുമെന്നെനിയ്ക്കറിഞ്ഞുകൂടാ.

ഗോവ— ജ്ജുകേ! ദേവപാദഭുജപരിപാലിതമായ ഈ നഗരത്തെക്കുറിച്ചു് ഒട്ടും ശങ്കയ്ക്കവകാശമില്ല. അതിനാലിനി നീ നിൻെറ പ്രവൃത്തിയ്ക്കു പോവുക. ഞാനും ഭട്ടിനിയെ ചെന്നു കാണട്ടെ.

(രണ്ടുപേരും പോയി)

പ്രവേശകം കഴിഞ്ഞു.

(അനന്തരം മദനപരവശനായ ധനഞ്ജയൻ പ്രവേശിയ്ക്കുന്നു)

ധനഞ്ജയൻ— (നെടുവീപ്പിട്ടു്) അല്ലയോ പുഷ്പചാപ! അപഹൃതഹൃദയലക്ഷ്യത്തോടുകൂടിയ എന്നിൽ പ്രയോഗിച്ചു വൃഥാ മലരമ്പുകളെ നശിപ്പിക്കേണ്ട. അതിനാൽ സ്വയം ധനുർദ്ധരനെന്നഭിമാനിക്കുന്ന നിന്നോടു് ഞാൻ കുറഞ്ഞൊന്നുപദേശിയ്ക്കാം. കേട്ടാലും,

കണ്ടകപ്രചുരമാം സുമാംഗിയുടെ മേനി
യിൽ, ശ്രുതിവരേയ്ക്കുമേ
നീണ്ടനേത്രമതിലോ, തനുജ! കുടിലതപ-
മാളുമളകത്തിലോ,
പാണ്ഡുഭാസ്സുടയചന്ദനാങ്കിതകുചത്തി
ലോ, മധുപർചൂഴ്ന്നുചോ-
പ്പാണ്ട പാദകമലത്തിലോ വഴിചമയ്ക്കു
കെന്മനമതിനു നീ. ൧

(ചിന്തിച്ചിട്ടു) പ്രണയിനിയുടെ രൂപാമൃതത്തെ ആസ്വ

ദിപ്പാൻ വിഘ്നം നേരിട്ടതുനിമിത്തം, അത്യധികം ദീഘമായി തോന്നുന്ന ഈ ദിവസത്തെ കഴിച്ചുകൂട്ട വാനിനി അവളുടെ സ്തനസമ്പക്കത്താൽ പവിത്ര മായ ഗാത്രികയും, എന്റെ സഖാവായ കൌണ്ഡി ന്യനും മാത്രമേ ശരണമായിട്ടുള്ളു. എന്നാലവരുടെ ദശ്നവും എനിയ്ക്കിന്നു ദുല്ല്ഭമായിരിക്കുന്നു.

(അനന്തരം ഗാത്രികയും കയ്യിലെടുത്തുകൊണ്ടു സന്തോ ഷത്തോടെ വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂഷകൻ— (ആശ്ചര്യത്തോടെ) ഈ ദ്വാരകയിലെന്ന പോലെ മറെറാരു നഗരത്തിലും ഇത്ര ബ്രാഹ്മണദുഭി ക്ഷമില്ല. അതിനാലാണല്ലോ എനിക്കുകൂടി ഇവിടെ ഈവിധമുള്ള ദാനങ്ങൾ ലഭിക്കുന്നതു്. കൂടാതെ, ഓഷ്ഠപരിസ്പന്ദംകൊണ്ടു മാത്രം ചേടികളെ വഞ്ചിക്കു വാനും, ഞാൻ ശക്തനായി ഭവിച്ചിരിക്കുന്നു. ഇനി ദിവസേന കുളിച്ചു് ആവശ്യങ്ങൾ നിവ്വഹിക്കണം. അതിനെന്താണു വഴി!? ആകട്ടെ, മനസ്സിലായി. ഞാൻ ഒരു പിത്തരോഗിയാണെന്നു് എല്ലാ ജനങ്ങ ളേയും വിശ്വസിപ്പിക്കണം. അതുവരെ ഈ ഗാത്രി കയാൽ സുഭദ്രാനുരാഗപരവശനായ വയസ്യനെ വിനോദിപ്പിക്കാം. (ചുററിനടന്നു നോക്കി) ഇതാ വയ സ്യൻ മാധവീലതാമണ്ഡപത്തിൽ മാധവിയെതന്നെ ധ്യാനിച്ചുകൊണ്ടു പ്രതിമയെപ്പോലെ സ്ഥിതിചെ യ്യുന്നു. അതിനാലടുത്തുചെല്ലാം. (അങ്ങിനെ ചെയ്തിട്ടു്) ഭവാൻ ജയിച്ചാലും.

ധന— (നെടുവീപ്പിട്ടു്) ഹാ! എന്റെ താപം അസഹ്യമാ യിരിക്കുന്നു. ഇവിടം വിട്ടു് തണുപ്പുള്ള മറെറാരു ദി

ക്കിലേയ്ക്കു പോയാലോ? (ആലോചിച്ച്) അല്ലെങ്കിൽ ഇവിടെത്തന്നെയാണു നല്ലതു്. എന്തുകൊണ്ടെന്നാൽ,

കാമാർത്തിചേർത്തിട്ടമിളങ്കാററിലാടിയ തളി-
ത്തൊത്തു തിങ്ങിടുവതായ്
പൂമാദ്ധ്വീചേർന്നു, മുരളുന്നോരു വണ്ടുകൾ നിറ-
ഞ്ഞിങ്ങു ശീതതരമായ്,
ആ മാന്മിഴിക്കുടയ പേരാന്മൂലമതി ധ-
ന്യത്വമേന്തിയെഴുവോ-
രീമാധവീലതിക ശോകം വളക്കുകിലുമേ-
കുന്നതല്ലു ധൃതി മേ. ൨

വിദൂ— കഷ്ടം! ഇദ്ദേഹം ഒന്നും കേൾക്കുന്നില്ല. അതി നാലിങ്ങിനെ പറയാം. വയസ്യ! അങ്ങയുടെ ചെവിയിൽ കാമബാണങ്ങൾ നിറഞ്ഞിരിക്കുന്നതിനാലാണോ അങ്ങു ബധിരനായിരിക്കുന്നതു്.

ധന— (നോക്കി) അല്ലാ, കൌന്ധിന്യനോ? സഖേ! ഇത്ര താമസിച്ചതെന്തിനാണു്?

വിദൂ— (ഗാത്രിക കാണിച്ച്) ഇതാണെന്റെ താമസത്തിന്നു കാരണം.

ധന— (സഹർഷം) സഖേ! ഇതു് എവിടെനിന്നു കിട്ടി?

വിദൂ— വയസ്യൻ കേട്ടാലും. തത്രഭവതി സുഭദ്രയുടെ വാക്കനുസരിച്ചു് ഒരു വൃദ്ധകഞ്ചുകി എന്റെ കാൽ കഴുകിച്ചു്, 'ഈ ഹാരം സ്വീകരിച്ചാലും' എന്നു പറഞ്ഞു് ഇതിനെ എനിക്കു തന്നിട്ടുപോയി. ഞാനാകട്ടെ ഇതു്, അന്ധത്വം നിമിത്തം അദ്ദേഹം ഭൂഷണത്തിന്നു പകരം തന്നതാണെന്നു കരുതി അങ്ങയുടെ വിനോദനത്തിന്നായിട്ടിങ്ങോട്ടു കൊണ്ടുവന്നു.

ധന—(സസന്തോഷം) സഖേ! ഭവാൻ വലുതായൊരു മിത്ര കൃത്യത്തെ അനുഷ്ഠിച്ചിരിക്കുന്നു. (ഗാത്രിക വാങ്ങി മാറിൽവെച്ച രോമാഞ്ചത്തോടെ)

ഇതിനുടയൊരു സംസ്പർശാ
മൃതരസമേററിട്ടുമെൻെറ ഹൃദയത്തിൽ,
അതിയാസ്സുത്തും മന്മഥ
ഹുതവഹനൻ കെട്ടതില്ലൊട്ടും. ൩

വിദൂ— (ദുഃഖത്തോടെ) വയസ്യ! ഈ ദുരവസ്ഥയുടെ പരിണാമമെന്തായിരിക്കും?

ധന— സഖേ! എനിക്കുതന്നെ അറിഞ്ഞുകൂടാ. നോക്കൂ,

അളിനിര, നയനത്തിൽ കാലപാശം കണക്കായ്;
കുളിർമതികര, മററംഗത്തെഴും സൂചിപോലായ്;
മലയഗിരിസമീരൻ മേനിയിൽ ക്ഷേളമെന്നായ്;
മലർവിശിഖനറിഞ്ഞീടുന്നു മാറവള്ളതെല്ലാം. ൪

വിദൂ—അനംഗൻെറ കഥ ഇരിക്കട്ടെ. അന്നു പ്രഥമദൎശനത്തിൽ തത്രഭവതി ഭവാങ്കൽ നിക്ഷേപിച്ച അപാംഗപ്രജാപതിതന്നെ ഭവാൻെറ സംഗമത്തിലുള്ള വാഞ്ഛയെ സഫലമാക്കിച്ചെയ്യുമെന്നു് എനിക്കു തോന്നുന്നു.

ധന—അങ്ങുന്നു പറഞ്ഞതു വാസ്തവമാണു്. ഞാനുമങ്ങിനെതന്നെ വിചാരിക്കുന്നു. എന്തെന്നാൽ:—

'പ്രേമം നൽകീട്ടു'കെന്നൎത്ഥനം; 'മമഗതി നീ'
യെന്നു സങ്കേതം;'മേററം
പ്രേയാന'ങ്ങെന്നു രാഗം; 'ബത! തവ സവിധേ
നിന്നിട്ട'ന്നെന്നു ലജ്ജാ;

ഈമട്ടോരോ വികാരങ്ങളെ,യവൾ, കുമുദശ്രീ-
യൊട്ടും, ഭ്രൂവുലച്ചി-
ട്ടെങ്കൽചേൎത്തുള്ളൊരമ്മഞ്ജുളചകിതകടാ-
ക്ഷങ്ങളിൽ പണ്ടു കണ്ടേൻ.

വിദൂ—അവളുടെ അനുരാഗം ഈ വിധത്തിലാണെങ്കിൽ പിന്നെ വൃഥാ ആത്മാവിനെ ആയാസപ്പെടുത്തുന്നതെന്തിനാണു്? അതിനാൽ ഉഭയാനുരാഗസുഭഗമായ സമാഗമസമയത്തെ പ്രതീക്ഷിച്ചുകൊണ്ടു സ്വൈരമായിരുന്നാലും.

ധന— സഖേ! ഞാൻ കാലംപ്രതീക്ഷിക്കാതിരിക്കുന്നില്ല. എങ്കിലും എന്നെ നിരോധിക്കുന്ന കാമദേവൻ കാലവിളംബനം സഹിക്കുന്നില്ല.

വിദൂ—വയസ്യ! അങ്ങക്കും ഈ ധൈൎയ്യക്ഷയം സംഭവിച്ചതെങ്ങിനെ? അന്നു് പാഞ്ചാലീസ്വയംവരസമയത്തു ക്ഷുഭിതരായ ക്ഷത്രിയന്മാരിൽ ഒരാൾപോലും അങ്ങയോടു നേരിട്ടെതിൎക്കുവാൻ സമൎത്ഥനായില്ല. അപ്രകാരമുള്ള അങ്ങുന്നു കുസുമശരന്റെ അതിസുകുമാരമായ പരാക്രമത്താൽ വിധുരനായി തീൎന്നതിലാണെനിക്കാശ്ചൎയ്യം!

ധന—(ചിന്തിച്ചു്) സഖേ! അതൊന്നും പറഞ്ഞിട്ടു ഫലമില്ല. നോക്കൂ:—

പരഭൃതപരിവാരം ചേൎന്നമാസങ്ങൾ മന്ത്രീ-
ശാരു;രലർനിര ചാപം; ഷട്പദശ്രേണി മൌൎവ്വീ;
വിരവിനൊടിവയൊത്തുള്ളോരു ചേതോഭവൻതാൻ
പരമിവനിലിവണ്ണം സാഹസം കാട്ടീടുന്നു! ന്ന

വിദൂ— വയസ്യ! ഭവാദൃശന്മാരായ കാമുകന്മാർ 'പഞ്ചാസ്ത്രൻ,' 'പുഷ്പചാപൻ,' 'മീനകേതനൻ' എന്നിങ്ങിനെ പലതും നിരത്ഥകമായി ജല്പിക്കുന്നു. എന്നാൽ യഥാൎത്ഥത്തിൽ കാമശബ്ദം ശൂന്യപൎയ്യായമാണു്.

ധന— സഖേ! ഇതു കളിപ്പാനുള്ള അവസരമല്ല ഇതുവരെ അവളെ നിത്യം കാണാമെന്നുള്ള എന്റെ ഹൃദയാശ്വാസത്തിന്നെങ്കിലും ഹേതുവായി തീൎന്ന ആരാധനാധികാരം ഹതവിധി ഇപ്പോൾ അവളിൽ നിന്നുമപഹരിച്ചു് തത്രഭവതി വൈദൎഭിയിൽ സ്ഥാപിച്ചിരിക്കുന്നു! ഇനി അവളുടെ ദൎശനം ദുൎല്ലഭമായതിനാൽ എന്റെ ഹൃദയം അഴിഞ്ഞു വീഴുന്നതുപോലെ തോന്നുന്നു.

വിദൂ— ഭവാനെന്തിനു വിഷാദിക്കുന്നു? വസന്തത്താൽ വികസിതങ്ങളായ ഈ വൃക്ഷങ്ങളെ നോക്കി വിനോദിച്ചാലും.

ധന— ചെയ്വാൻ സാധിക്കാത്ത ഒരു സംഗതിയാണു് അങ്ങുന്നുപന്യസിച്ചതു്. എന്തെന്നാൽ,

സമധികഭയത്താലേ ചേലാണ്ട വെണ്മതിയേയുമ-
ക്കമലനിചയത്തേയും നോക്കാതെഴുന്ന മദാക്ഷിയെ,
ഭ്രമരഗരളക്ഷോഭക്ലിഷ്ടങ്ങളായ്വിലസീട്ടുമി-
ദ്രുമസുമസമൂഹത്തിൽ ചേൎക്കുന്നതെങ്ങിനെ ഞാൻ
[സഖേ? ൧

അതിനാൽ ദുൎദ്ദൎശനങ്ങളായ പദാൎത്ഥങ്ങളെ വൎണ്ണിക്കാതെ, അങ്ങുന്നു പ്രിയതമയെ ഒന്നു കാണ്മാൻ വല്ല ഉപായവുമുണ്ടോ എന്നാലോചിക്കുക.

വിദൂ— വായുവിന്നുപോലും കടക്കുവാൻ കഴിയാത്ത ഒരു സ്ഥലത്താണിപ്പോഠം തത്രഭവതിയുള്ളതെന്നു ഞാൻ കേട്ടു. അതുകൊണ്ടു് ഈ ആഗ്രഹം ദുസ്സാധമാണു്. എന്നാൽ മറ്റൊരുപായം എന്റെ ബുദ്ധിയിൽ തോന്നുന്നുണ്ടു്. ശ്രദ്ധയുണ്ടെങ്കിൽ കേട്ടുകൊള്ളൂ.

ധന— (ആഗ്രഹത്തോടെ) സഖേ! പറയുക.

വിദൂ— ഭഗവാൻ വാസുദേവൻ കാമപ്രദമായ പാരിജാതവൃക്ഷത്തെ സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേയ്ക്കു കൊണ്ടുവന്നിട്ടുണ്ടല്ലോ. നാം ചെന്നു് ആ വൃക്ഷത്തോടു് ഒരു സുഭദ്രയെ യാചിക്കുക.

ധന— മൂർഖ! ഈദൃശമായ ഒരു കന്യകാരത്നം ആ വൃക്ഷത്തിൽനിന്നും ഉല്പാദിക്കുമോ? നർമ്മപ്രലാപത്താൽ പ്രയോജനമില്ല. എന്റെ ജീവൻ ദേഹം വിട്ടുപോവാറായിരിക്കുന്നു.

വിദൂ— (സസംഭ്രമം) വയസ്യൻ അമംഗളം പറയാതെ ആത്മാവിനെ അടക്കിനിത്തൂ.

ധന— സഖേ! അങ്ങയുടെ നിയോഗത്തെ ഞാനെങ്ങിനെ അനുഷ്ഠിക്കും? നോക്കുക—

പ്രാലേയാംശുകരങ്ങളേററു നിതരാം
മേന്മേൽപൊടിഞ്ഞും തഥാ
മാലേയാനില ശുഷ്കമായുമെഴുമീ
മൽപ്രാണചൂൎണ്ണം സഖേ!
ചാലേ സമ്പ്രതി മൂർച്ഛയേറിടുവതാം
പഞ്ചാസ്ത്രബാണോല്ക്കര-
ത്താ,ലേററം പഴുതാന്നമെയ്യിതിലഹോ!
വൎത്തിക്കുമെന്നോ ചിരം. വൃ

വിദൂ— (വിഷാദത്തോടെ ആത്മഗതം) മരിക്കുവാൻ മോഹിച്ചാണു് ഇദ്ദേഹം ഇങ്ങിനെയെല്ലാം പ്രലപിക്കുന്നതു്. അന്യാദൃശമായ ഏതോ വികാരത്താൽ സമ്മൂഢനായ ഇദ്ദേഹം സന്ധ്യ അതിക്രമിച്ചതുപോലുമറിയുന്നില്ല. ഞാനെന്തു ചെയ്യും? (വിചാരിച്ചു്) ആവട്ടെ, ഇങ്ങനെ പറയാം. (പ്രകാശം) വയസ്യ! കാരണം കൂടാതെ വ്യസനിക്കുന്നതെന്തിനാണു്? അങ്ങേയ്ക്കു വാസുദേവൻ സ്വയം നൽകിയെന്നു് അങ്ങുന്നു പറയുന്നു. കൂടാതെ തത്രഭവതിയ്ക്കു തന്നിൽ അനുരാഗമുണ്ടെന്നു് അങ്ങേയ്ക്കറികയും ചെയ്യാം. അതിനാൽ ഒട്ടും ദുഃഖിക്കേണ്ട. നമുക്കിപ്പോൾ കാഞ്ചനവാപീതീരത്തുള്ള സഹകാരമണ്ഡപത്തിലേയ്ക്കു പോവുക. അവിടെ ചെന്നാലങ്ങേയ്ക്കു താമരവലയത്തിൽ തട്ടിവരുന്ന ശീതവാതത്താൽ സുഖകരമായ ശിശിരോപചാരം സിദ്ധിയ്ക്കും.

ധന— (നിശ്വസിച്ചു്) അങ്ങയുടെ ഇഷ്ടംപോലെയാവട്ടെ.

(വിദൂഷകന്റെ ചുമലിൽ കൈവെച്ചു മെല്ലെ നടക്കുന്നു)

(അനന്തരം ദുസ്സഹമദനസന്താപത്തോടുകൂടിയ സുഭദ്ര പ്രവേശിക്കുന്നു)

സുഭ— (കണ്ണീർ വാർത്തു്) ഹാ! പ്രാണങ്ങളേ! എന്തിനെന്നെ വിട്ടുപോകുന്നു?

വിദൂ— (ചെവിയോർത്തു്) ഇതാ ഈ സഹകാരമണ്ഡപത്തിൽ ഏതോ ഒരു സ്ത്രീയുടെ വിലാപം കേൾക്കുന്നു. അതിനാൽ നാമിവിടെ മറഞ്ഞുനിന്നു്, ഇതാരാണെന്നറിയുക.

ധന— അങ്ങിനെതന്നെ (മറഞ്ഞുനിന്നു നോക്കി) സഖേ! നോക്കു, നോക്കു.

ഗണ്ഡങ്ങളിൽ ശ്രമജലം പരമാർന്നു, ബാഷ്പം
ചിന്നുന്നതാകിയൊരു ദീർഘതരാക്ഷിയോടും

ഖിന്നതചമേന്തി, നെടുവീപ്പുകളിട്ടുകൊണ്ടും
മന്ദം വരുന്നു വിധുരം ഹൃദയം മദീയം? ൯

വിദൂ—സഖേ! ബുദ്ധിപൂർവ്വകമല്ലെങ്കിലും ഞാനുപദേശിച്ച മാർഗ്ഗം അങ്ങേക്കു നേരിട്ട പ്രാണസംശയത്തെ ഇല്ലാതാക്കി. ഇനി ഭാവിയിൽ ബുദ്ധിപൂർവ്വകമായ മാർഗ്ഗം സംഗമഫലത്തേയും പ്രദാനം ചെയ്യുമെന്നു ഞാൻ വിചാരിക്കുന്നു.

സുഭ— ഹാ! പ്രാണങ്ങളേ! ഹീനചാരിത്രയായ എന്നോടുകൂടി നിങ്ങൾ വസിക്കയില്ലെന്നോ? ത്രൈലോക്യൈകചാപധരനും, മഹേന്ദ്രപുത്രനും, മഹേന്ദ്രസോദരമിത്രവും രൂപസമ്പത്തിനാൽ മന്മഥനെക്കൂടി ജയിച്ചവനുമായ അർജ്ജുനങ്കൽ നിങ്ങൾക്കു് അനുരാഗം അങ്കുരിച്ചതു യുക്തംതന്നെ. നിങ്ങളെ ഭൂതഹസ്തത്തിൽ നിന്നും രക്ഷിച്ച ആ മഹാനുഭാവനിലുള്ള സ്നേഹവും ദൂഷണീയമല്ല. എന്നാൽ ഇവിടെ വന്നിരിക്കുന്ന ആ യോഗിയിൽ സംഭവിച്ചതായ ദൃഢബന്ധമൂലമായ അഭിലാഷം അയോഗ്യമാണു്. അതിനാൽ യഥേഷ്ടം പൊയ്ക്കൊൾവിൻ.

ധന— (ഹർഷരോമാഞ്ചങ്ങളോടുകൂടെ) എന്റെ ഭാഗ്യപരിപാകം അത്യധികം രമണീയമായിരിക്കുന്നു. സ്നേഹമയമായ ഈ വചനാമൃതത്തെക്കേൾപ്പിച്ചു്, കന്ദർപ്പൻ, താൻ പണ്ടുചെയ്ത അപരാധങ്ങളെ നിശ്ശേഷം മാർജ്ജനം ചെയ്തു. (സുഭദ്രയെ സസ്പൃഹം നോക്കി) അയി മുഗ്ദ്ധേ!

ഏണാങ്കാകൃതിയേകമെങ്കിലുമഹോ!
സംഭിന്നമായ്ത്താപിയിൽ
കാണുന്നു ബഹുധാ തരംഗചലനം
കൊ,ണ്ടെന്നതിന്മട്ടു താൻ,
തേന്മൊഴി! മാനസാംബുവിലയേ!
വീക്ഷിപ്പു നീയെന്നെയും
നാനാമട്ടു, വിചാരവീചിനിചയ
ക്ഷോഭത്തിനാൽ സാമ്പ്രതം. ൫൦

വിദൂ— ഇവരും അങ്ങയെത്തന്നെ മൂന്നു പേരെന്നു ഭ്രമിച്ചു കാമിക്കുന്നു. അങ്ങനാകട്ടെ, പരിണയനം ചെയ്തു കഴിഞ്ഞുമിരിക്കുന്നു. എന്നാലിനി എന്റെ ഒരു ഉപദേശംകൂടി കേട്ടു പ്രവൎത്തിക്കുന്ന പക്ഷം അങ്ങയുടെ കാമം നിരുപദ്രവമായി തീരുന്നതാണു്.

ധന— (സസ്മിതം) സഖേ! ഉപദേശമെന്താണു്?

വിദൂ— ഇവളെ വെളിവായി ഇന്ദ്രപ്രസ്ഥത്തിലേയ്ക്കു കൊണ്ടുപോയാൽ, ആ വൃദ്ധയും ധൎമ്മപിശാചും കൂടി ഭവാന്റെ ബാഹുബലത്താൽ സിദ്ധിക്കപ്പെട്ട തത്രഭവതി ദ്രൌപദിയെ എന്നപോലെ എല്ലാവൎക്കും കൂടിയുള്ള പത്നിയാക്കിത്തീൎക്കും. അങ്ങനാകട്ടെ, അമ്മയുടേയും ജ്യേഷ്ഠന്റേയും ആജ്ഞ അനുസരിക്കാതേയുമിരിക്കുന്നതല്ല. ഇങ്ങിനെ അതിസങ്കടം നേരിടുകയും ചെയ്യും. അതിനാലിവളെ ആരും അറിയാത്തവിധത്തിൽ ഒരു മഞ്ജൂഷികയിലാക്കി സ്വനാമമുദ്രയും വെച്ചു കൊണ്ടുപോവുകയാണു നല്ലതു്.

ധന— മൂൎഖ! ഭവാൻ ഗുരുജനത്തെപ്പോലുമാക്ഷേപിക്കുന്നു.

സുഭ— (സബാഷ്പഗൽഗദം) എന്റെ ചേടികഠം വന്നു മരണവ്യവസായത്തിന്നു വിഘ്നമുണ്ടാക്കുന്നതിന്നു മുമ്പു തന്നെ, ബഹുപുരുഷാഭിലാഷത്താൽ കലുഷിതമായ ആത്മാവിനെ ഞാൻ പരിത്യജിക്കട്ടെ. (പോകാൻ തുടങ്ങുന്നു)

ധന— ഇവഠം എന്തു ചെയ്യാനാണാഗ്രഹിക്കുന്നതു്?

(അനന്തരം രണ്ടു ചേടികഠം പ്രവേശിക്കുന്നു)

ചേടികഠം— (അടുത്തു ചെന്നു വന്ദിച്ചു്) ഭത്തൃദാരികക്കു സുഖംതന്നെയോ?

സുഭ— (ആത്മഗതം) കഷ്ടം! ഞാൻ ശങ്കിച്ചതുപോലെ തന്നെ വന്നുചേൻനു. (പ്രകാശം) നിങ്ങഠം വന്നതെന്തിനാണു്? ഇന്നു മാത്രം ഇങ്ങനെ കുശലപ്രശ്നം ചെയ്യാൻ കാരണമെന്തു്?

വിദൂ— വയസ്യ! പ്രതിപത്തിമൂഢന്മാരായ നമുക്കിപ്പോഠം ഈ ചേടികഠം, ബുഭുക്ഷിതന്മാക്കു പായസമെന്നപോലെ ഭവിച്ചിരിക്കുന്നു.

ധന— (സാമോദം) വാസ്തവത്തിൽ ഇവരാൽ നാം ഉത്താരിതന്മാരായി.

കല്പലതിക— ഭത്തൃദാരിക പ്രസാദിച്ചാലും: 'ഭത്തൃദാരികക്കു സുഖം ഉപനതമായി' എന്നു കേട്ടതുകൊണ്ടു മാത്രം ഞങ്ങഠം ചോദിച്ചതാണു്.

സുഭ— എനിക്കെങ്ങിനെയാണു 'സുഖം ഉപനത'മായതു്?

ഷട്പദിക—ഭത്തൃദാരികയെക്കാണ്മാനായി ഞങ്ങഠം വരുംവഴിക്കു മാധവീമണ്ഡപത്തിൽ കാമപരവശനായ ആ ഭഗവാനും, ഗാത്രികാചോരനുംകൂടി ഭർത്തൃ

ദാരികയെക്കുറിച്ചു സല്ലപിക്കുന്നതു കേട്ടു. അദ്ദേഹത്തിന്റെ അവസ്ഥയിൽനിന്നും എത്രയോ ലഘുതരമാണു ഭർത്തൃദാരികയുടേതെന്നു ഞങ്ങൾക്കു തോന്നി.

വിദൂ— (ഓർമ്മ നടിച്ചു്) 'ഗാത്രികാചോരൻ' എന്ന ഇവളുടെ വാക്കിനാൽ മാധവീലതാമണ്ഡപത്തിൽ മറന്നുവെച്ച ഗാത്രികയെക്കുറിച്ചു് എനിക്കോർമ്മ വന്നു. അതിനാലതു ചെന്നെടുത്തു കൊണ്ടു വരട്ടെ. (പോയി)

സുഭ— (അവജ്ഞയോടെ) ഞാൻ ആ ഭഗവാനു് അധോഗതിവരുത്തി, എനിക്കും ശശാങ്കനിർമ്മലമായ കുലത്തിന്നും കളങ്കം ഉണ്ടാക്കുന്നതല്ല. മരണം വരേയ്ക്കും ഈ ദുഃഖസമുദ്രത്തിൽ മുഴുകിക്കൊണ്ടുതന്നെ വസിക്കും. ആകട്ടെ, നിങ്ങൾ താമസിക്കുന്നതെന്തിനാണു്?

ധന— (സബഹുമാനം) ഹാ! പ്രേയസി! നിന്നാൽ തന്നെയാണല്ലോ ഈ യാദവകുലം അലംകൃതമായിരിക്കുന്നതു്! കൂടാതെ—

സാരംഗചാരുതരളാക്ഷി! നിനക്കിലിന്നി-
ച്ചാരിത്രരൂഷിതമതാം ഗിരമെന്നപോലെ,
നിർവ്വേദവും കുതുകവും ഹൃദി ചേർപ്പതില്ല
പൂർവ്വം സുരാഗമൊടു നീയുരചെയ്ത വാക്യം. ൧൧

ഷട്പ—ഭട്ടിനി ഞങ്ങളെ വിളിച്ചു കല്പിച്ചിരിക്കുന്നു: "നിങ്ങൾ ചെന്നു ബാലയായ സുഭദ്രയോടു്, അവൾ നിത്യവൃത്തികളൊന്നും ശരിയായി നടത്താതിരുന്നാൽ ഞാനും ശരീരയാത്രയെ നിർവ്വഹിക്കുന്നതല്ലെന്നു ഞാൻ പറഞ്ഞതായിട്ടറിയിക്കണം" എന്നു്.

സുഭദ്ര—(സ്വഗതം) ആവട്ടെ. ഇങ്ങനെ പറഞ്ഞു് ഇവളെ

ഇവിടെ നിന്നകററാം. (പ്രകാശം) സഖി! ഷട്പ ദികേ! അമ്മയുടെ ആജ്ഞയെ ഞാൻ സർവ്വാത്മനാ സ്വീകരിച്ചതായി ചെന്നറിയിക്കു.

ഷട്പ—ഞാനനുഗൃഹീതയായി (പോയി)

സുഭദ്ര—(സ്വഗതം) ഇനി ഇവളെ എങ്ങിനെയാണകററേ ണ്ടതു്? ആകട്ടെ. മനസ്സിലായി. (പ്രകാശം) സഖി, കല്പലതികേ! എൻെറ സന്താപം അതിദുസ്സഹമാ യിരിക്കുന്നു. അതിനാൽ നീ ചെന്നു് അമൃതമയ ങ്ങളായ മുക്താഫലങ്ങളാൽ വിനിർമ്മിതവും, 'സർവ്വ സന്താപഹര'മെന്നു പേരുള്ളതുമായ ഹാരത്തെ എടു ത്തുകൊണ്ടുവരിക.

കല്പ—ഭർത്തൃദാരികയെ തനിച്ചാക്കി ഞാനെങ്ങിനെ പോകും?

സുഭദ്ര—(സകോപം) നിനക്കു ഞാൻ ജീവിക്കുന്നതും ഇഷ്ടമല്ലെന്നോ?

കല്പ—എന്താണു നിവൃത്തി? ഭർത്തൃദാരികയുടെ കല്പന പോലെ ചെയ്യാം. (ഇഷ്ടമില്ലാതെ പോയി)

ധന—ഈ ലതാമണ്ഡപമിതാ വിജനമായിത്തീൎന്നു. ഇനി ഇവൾ ആത്മത്യാഗത്തിന്നുള്ള ആരംഭമാണെ ന്നു തോന്നുന്നു. ഏതായാലും സശ്രദ്ധം സന്നദ്ധനായി നില്ക്കുകതന്നെ.

സുഭദ്ര—(ചുററം നോക്കി) ഭാഗ്യത്താലിപ്പോളിവിടെ ആ രുമില്ല. അതിനാൽ ഈ ബാലസഹകാരവൃക്ഷ ത്തിൻെറ കൊമ്പിൽ തൂങ്ങുന്ന വല്ലിയെക്കൊണ്ടു് എൻെറ ആഗ്രഹം സഫലമാക്കാം. ഹാ! അമ്മേ! ഹാ! താത! ഹാ! ആര്യബലഭദ്ര! ഹാ! എന്നിൽ സമ ർപ്പിതമായ നിത്യജീവിതസുഖത്തോടുകൂടിയ വാസു

ഭദ്രേ! ഹാ അമ്മേ! യശോദേ! ഹാ! താത! നന്ദഗോപ! ഈ ഞാൻ അനാഥയെപ്പോലെ നിങ്ങളുടെ ദൎശന സുഖത്തിന്നു് എന്നും അഗോചരമായ പശ്ചിമദശയെ പ്രാപിക്കുന്നു. ഹാ! അൎജ്ജുന! മനോരഥദയിത! ഭവാനിൽ അനന്യസാധാരണമായ അനുരാഗത്തോടുകൂടിയ ഇവൾ ജന്മാന്തരത്തിലെങ്കിലും ഭവാന്റെ പാദശുശ്രൂഷികയായി ഭവിക്കുമാറാകട്ടെ. (കഴുത്തിൽ വള്ളികെട്ടുന്നു)

ധന — (സംഭ്രമത്തോടുകൂടി വേഗത്തിലടുത്തുചെന്നു് ലതാപാശത്തെ അഴിച്ചു്)

വേണ്ടാ, സാഹസകൎമ്മമിങ്ങിനെവൃഥാ
ചെയ്യേണ്ടെടോ പിന്നയേ-
ല്ലേണ്ടാ, മാർദ്ദവമാന്നു മഞ്ജുതരമാ-
യീടും ഗളം വല്ലിയാൽ,
കൊണ്ടാടീട്ടിതു പുൽകുവാനുഴറമീ
മൽബാഹുവാം പാശമെൻ
വണ്ടാർവേണി! സഹിപ്പതില്ല കൊടുതാ-
മിക്കാലപാശാൎപ്പണം. ൫൨

സുഭദ്ര — (സരോഷം) ആരാണെന്റെ പ്രണയത്തിന്നു ഭംഗം വരുത്തുന്നതു്? ഭഗവാനേ! അങ്ങേക്കിതാ നമസ്കാരം. സമയവിരുദ്ധമായ ഈ പ്രവൃത്തിയാൽ സ്വമോക്ഷമാൎഗ്ഗത്തെ ദൂഷിപ്പിക്കരുതേ. മൂന്നു പുരുഷന്മാരെ കാമിച്ചതിന്നുള്ള പ്രതികാരമായ എന്റെ പരലോകഗതിയേയും അങ്ങുന്നു തടയാതിരിക്കേണമേ.

ധന — അയി! മുഗ്ദ്ധേ! അടിസ്ഥാനരഹിതങ്ങളായ ഈ സങ്കല്പവികല്പങ്ങളെയെല്ലാം വിട്ടേക്കുക.

മുന്നേ നിങ്കൽപ്രിയംപൂണ്ടൊരു വിജയനമ-
ന്നപ്രഭാസാന്തികത്തിൽ
പിന്നെ ത്വത്സംഗമത്താൽ പുളകിതതനുവാ-
യുള്ളൊരപ്പുണ്യവാനും,
നിന്നെ പ്രാപിപ്പതിന്നായിതുപടി യതിവേ-
ഷത്തെയാന്നോരു ഞാനും,
കുന്നേലും കൊങ്കയാളേ! ദൃഢതരമൊരുവൻ-
തന്നെയെന്നോൎക്ക ചിത്തേ. ൧൩

സുഭദ്ര — (സന്തോഷത്തോടെ ആത്മഗതം) അഹോ! എന്റെ ഹൃദയത്തെ അപഹരിച്ച മൂന്നുപേരും ധനഞ്ജയനേകൻതന്നെയായി ഭവിച്ചിരിക്കുന്നു. ഇപ്പോഴെന്റെ സന്തോഷം മുമ്പുണ്ടായ ശോകത്തേക്കാളും അസഹ്യമായി വന്നുകൂടി. പണ്ടു ഞാൻ പരിത്യജിക്കാൻ വളരെ പാടുപെട്ട ജീവൻ ഇപ്പോൾ സ്വയം നിൎഗ്ഗമിക്കുന്നതുപോലെ തോന്നുന്നു.

(അനന്തരം ഹാരവും എടുത്തുകൊണ്ടു് കല്പലതിക പ്രവേശിക്കുന്നു)

കല്പലതിക — (ലതാപാശം കണ്ടിട്ടു് സദുഃഖം) ഭൎത്തൃദാരിക എന്തു ചെയ്യാനാണാരംഭിച്ചതു്? (കണ്ണീർവാൎത്തു കാൽക്കൽ വീഴുന്നു)

സുഭദ്ര — (സംഭ്രമത്തോടെ എഴുന്നേല്പിച്ചു്) സഖി! വ്യസനിക്കേണ്ട. (ചെവിയിൽ പറയുന്നു)

കല്പ — ഭാഗ്യത്താൽ ഭൎത്തൃദാരിക എന്നെ പുനൎജ്ജീവിപ്പിച്ചു. ഈ ഹാരത്തെക്കൂടാതെ വേറൊരു പുരുഷനും

'സർവ്വ സന്താപഹര'നായി ഭവിച്ചല്ലോ. (അർജ്ജുനനെ നോക്കി) കുമാരൻ ജയിച്ചാലും. (വന്ദിക്കുന്നു)

ധന—പ്രിയേ! ക്ഷത്രിയജനോചിതമായ ഗാന്ധർവ്വവിധിപ്രകാരം ഇന്നു ഭവതിയുടെ പാണിഗ്രഹണം നടത്തിയല്ലാതെ ഞാൻ സംതൃപ്തനാകയില്ല. അതിനാൽ എന്റെ ഈ അഭിലാഷം പൂരിപ്പിച്ചാലും.

(സുഭദ്ര ആഗ്രഹപൂർവ്വം ധനഞ്ജയനെ നോക്കി, നെടുവീർപ്പിട്ടു്, കണ്ണീർ പൊഴിച്ചുകൊണ്ടു് നില്ക്കുന്നു)

ധന—(സംശയത്തോടെ ആത്മഗതം) ഇവൾ വാസുദേവന്റെ സമ്മതം ലഭിക്കാത്തതുനിമിത്തമാണു് എന്റെ പ്രാർത്ഥനയെ സ്വീകരിപ്പാൻ മടിച്ചു വിധുരയായി നില്ക്കുന്നതു്. ആകട്ടെ (പ്രകാശം) പ്രിയേ വിഷാദിക്കേണ്ട.

ഇന്നമ്മൾതൻ ദുർദ്ദശയെഗ്രഹിച്ചി-
ട്ടിന്നെൻ പിതാവാകിയ ദേവനാഥൻ
മുരാരിയെസ്സമ്പ്രതി ചെന്നു കണ്ടു
വരാംഗി! യാചിച്ചിട്ടുമാശുനിന്നെ. ൧൮

സുഭദ്ര—(ജനാന്തികം) സഖി! ഇപ്പോഴെന്റെ സങ്കടം തീർന്നു. (സുഭദ്രയും ധനഞ്ജയനും മാധവമഹേന്ദ്രന്മാരെ ധ്യാനിക്കുന്നു)

(അനന്തരം ഗാത്രിക കയ്യിലെടുത്തു് പരിഭ്രമത്തോടെ വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂഷകൻ—വയസ്യ! നോക്കൂ. നോക്കൂ. ഇതാ ചില രാക്ഷസന്മാരും പിശാചുക്കളും ആകാശത്തിൽനിന്നും ഇറങ്ങിവരുന്നു! അതിനാൽ നമുക്കു് ആപത്തില്ലാത്ത മറെറാരു ദിക്കിലേക്കു പോവുക.

015: 2J22:2
32H1



സുഭദ്ര—(സഭയം) ഹാ! കഷ്ടം! ഇതെന്തായിരിക്കാം?

ധന—ഭീരു! പേടിക്കേണ്ട. നാം സ്മരിച്ച മാത്രയിൽ തന്നെ എന്റെ പിതാവായ ദേവേന്ദ്രൻ ദിവ്യജനത്തോടൊന്നിച്ച് ഇങ്ങോട്ടു വരുന്നതു കണ്ടിട്ട്, കൌണ്ഡിന്യൻ സമ്മോഹത്താലെന്തെല്ലാമോ ജല്പിക്കുകയാണ്.

(അണിയറയിൽ)

ദേവസ്ത്രീകളോടും മുനീന്ദ്രരൊടുമ-
ദ്ദിൿപാലകന്മാരൊടും
ദേവാധീശ്വരനുണ്ടുതൻ പുരിയിൽനി-
ന്നദ്യാഗമിക്കുന്നതേ;

ധന—(കേട്ടിട്ട്) ആരാണിങ്ങിനെ ഉൽഘോഷിക്കുന്നതു്?

ദേവദൂതൻ—(പ്രവേശിച്ച് 'ദേവസ്ത്രീ.....' ഇത്യാദി വീണ്ടും ചൊല്ലി, മറ്റൊരു ദിക്കിൽ നോക്കീട്ട്)

ആവണ്ണം ബത! നൂതനാംബുദശ്യ
സ്ഥീതാഭയെത്താഴ്ത്തീടും
ശ്രീവത്സാങ്കനുമേ വരുന്നു പരിവ
രത്തോടുമിങ്ങോട്ടിതാ.

MUL
165500

കൂടാതെ കാശ്യപഭഗവാൻ മാധവീലതാഗൃഹത്തിൽ വൈവാഹികോപകരണങ്ങളെല്ലാം സംഭരിച്ചു ഹോമം കഴിപ്പാൻ സന്നദ്ധനായിരിക്കുന്നു. പൌലോമിയാകട്ടെ മാധവിയെ മംഗളസ്നാനം കഴിപ്പിച്ച്, വസ്ത്രാഭരണങ്ങളാലലങ്കരിക്കുവാൻ സമയം പ്രതീക്ഷിച്ച് വസിക്കുകയുമാണ്. അങ്ങുന്നും പിതാവിനെ വന്ദിച്ച്, പാണിഗ്രഹകർമ്മത്തിന്നൊരുങ്ങുക.

UNIVERSITY LIBRARY
13 JUL 1955

ധന—ഗുരുജനങ്ങളുടെ കല്പനപോലെ.

ദേവ—ഭവതി ഇതിലെ. ഇതിലെ. (സുഭദ്രയോടും കല്പലതികയോടുംകൂടി പോയി)

വിദൂ—വയസ്യ! ഇതെല്ലാമെന്താണു്.

ധന—(ചെവിയിൽ പറയുന്നു)

വിദൂ—(ആനന്ദത്തോടുകൂടെ) എന്നാൽ ഞാനും വയസ്യനെപ്പോലെത്തന്നെ വിഭൂഷകളെല്ലാം ധരിക്കേണ്ടതാണല്ലോ. അതിനാലീ ഗാത്രികയാൽതന്നെ ദേഹത്തെ അലങ്കരിക്കാം. (കഴുത്തിൽ കെട്ടുന്നു)

(അണിയറയിൽ)

തത്രഭവതി സുഭദ്രയ്ക്കു്-

മിന്നും മാണിക്യസന്മേഖല, ജഘനമതിൽ
ചേൎക്കെടോ മേനകേ, നീ,
മന്ദാരസ്രക്കിയററീടുക, കുടിലകച-
ത്തിങ്കലായു് മിശ്രകേശി!
നന്നായു് രംഭേ! കപോലങ്ങളിലഴകൊഴുകും
പത്രഭംഗം രചിക്കൂ;
കുന്നൊക്കും കൊങ്ക, നീ യുൎവ്വശി! വടിവൊടു
ഹാരങ്ങളാൽ ഭംഗിയാക്കൂ. ൧൩

വിദൂ—വയസ്യ! വധുവിനെ അലങ്കരിപ്പാൻ തുടങ്ങി ഭവാനും വേഗത്തിലൊരുങ്ങുകതന്നെ.

ധന—അങ്ങിനെയാവട്ടെ.

(രണ്ടുപേരും പോയി)

മൂന്നാമങ്കം കഴിഞ്ഞു.

## നാലാമങ്കം

(അനന്തരം ഷട്പതിക പ്രവേശിക്കുന്നു)

ഷട്പദിക — ഞാൻ നിയോഗം അനുഷ്ഠിച്ചതായി ഭർത്തൃദാരികയെ അറിയിക്കട്ടെ. (ചുററിനടന്നു നോക്കി) ഇതാ ഗോവർദ്ധനിക ഇങ്ങോട്ടു, പാഞ്ഞുവരുന്നു. ഇതെന്തായിരിക്കാം?

ഗോവർദ്ധനിക — (പ്രവേശിച്ച്) സഖി! എവിടെനിന്നു വരുന്നു?

ഷട്പ — ഭർത്തൃദാരിക 'സ്യന്ദനവ്രതം' എന്നുപേരായ ഒരു വ്രതം അനുഷ്ഠിച്ചിട്ടുണ്ട്. അതിൻെറ പാരണക്കായി സാംഗ്രാമികമായ ഒരു രഥത്തെ കൊണ്ടുവരുവാൻ ഉഗ്രസേനരാജാവിൻെറ സാരഥിയോടു ചെന്നു പറഞ്ഞിട്ടു വരികയാണു ഞാൻ. അദ്ദേഹമാകട്ടെ അപ്രകാരം ഭർത്തൃദാരികയുടെ അടുക്കലേക്കു രഥവുംകൊണ്ടു പോയിരിക്കുന്നു. ആകട്ടെ, നീ എങ്ങോട്ടു പോകുന്നു?

ഗോവ — ഭട്ടിനി എന്നോടു കല്പിച്ചിരിക്കുന്നു: "നീ ചെന്നു ഭഗിനിയായ യശോദയോട്, സുഭദ്രയുടെ അസ്വസ്ഥതാശാന്തിക്കായി അവർ കഴിപ്പാൻ നിശ്ചയിച്ച ഗിരിയജ്ഞം താമസിക്കാതെ അവൾക്കനുകൂലമായ നക്ഷത്രത്തിൽ ഗോപാലന്മാരോടൊരുമിച്ച് ആരംഭിക്കണമെന്നു ഞാൻ പറഞ്ഞതായി അറിയിക്കണ"മെന്ന്. അതിനാൽ വേഗത്തിൽ വന്നതാണ്. എങ്കിലും നിന്നോട് ഇത്രമാത്രം ചോദിക്കുവാനാഗ്രഹിക്കുന്നു.

ഷട്പ—യഥേഷ്ടം ചോദിക്കാമല്ലൊ.

ഗോവ—ഇതിന്നുമുമ്പ് കണ്ടിട്ടും കേട്ടിട്ടുമില്ലാത്തവിധത്തിൽ ഒരു പരിണയനം നടന്നുവെന്നു കേട്ടതു വാസ്തവമാണോ?

ഷട്പ—സഖി! കന്യാപുരത്തിൽ ചിരപരിചിതയാണെങ്കിലും നീ എപ്പോഴും ഉറങ്ങിയവളെന്നപോലെ കാണപ്പെടുന്നല്ലോ. ആ യതിവേഷധാരിയായ പുരുഷൻ കുമാരധനഞ്ജയനല്ലാതെ മററാരുമല്ല. ബലഭദ്രപ്രമുഖന്മാരായ ദാശാഹന്മാരെ അറിയിക്കാതെ ശ്രീകൃഷ്ണസ്വാമി ഭർത്തൃദാരികയെ പണ്ടുതന്നെ അദ്ദേഹത്തിന്നു കൊടുത്തിരിക്കുന്നു.

ഗോവ—(സസന്തോഷം) ഇതു വാസ്തവമാണെങ്കിൽ നീ എന്നെ ശകാരിച്ചതു് ഉചിതമായി. ഭാഗ്യത്താൽ കളഹംസി യദൃച്ഛയാ പത്മാകരം പ്രാപിച്ചു.

ഷട്പ—നീ നിന്റെ കാൎയ്യം നോക്കുക. ഞാൻ ഭർത്തൃദാരികയുടെ അടുക്കലേക്കു പോകട്ടെ. (പോയി)

ഗോവ—(ചുററിനടന്നുനോക്കി) ഇതാ താതനായ നന്ദഗോപരുടെ പരിജനമായ ഋഷഭകൻ ഇങ്ങോട്ടു വരുന്നു.

(അനന്തരം ഋഷഭകൻ പ്രവേശിക്കുന്നു)

ഋഷഭകൻ—ഹേ ഹേ ഗോപാലകന്മാരേ! നന്ദഗോപസ്വാമി നിങ്ങളോടിങ്ങിനെ കല്പിക്കുന്നു: "ഈ പശുക്കൂട്ടത്തെ പച്ചപ്പുല്ലു നിറഞ്ഞ ഒരു ദിക്കിൽ കൊണ്ടുചെന്നാക്കി, ഗിരിയജ്ഞം കൊണ്ടാടുവാൻ രൈവതകപ്രസ്ഥത്തിലേയ്ക്കു വരുവിൻ" എന്നു്.

ഗോവ— ഋഷഭക! സ്വാമിനി യശോദ എവിടെയാണു്?

ഋഷ—അല്ലാ ഗോവർദ്ധനികയോ? ഗോവർദ്ധനികേ! അവരിപ്പോൾ ഗിരിയജ്ഞം തുടങ്ങിയിരിക്കുന്നതിനാൽ നന്ദഗോപസ്വാമിയോടുകൂടെ രൈവതകത്തിന്റെ താഴ്‌വരയിലുള്ള കാഞ്ചനോദ്യാനത്തിലേയ്ക്കു പോയിരിക്കുന്നു.

ഗോവ—അല്ലാ ഗിരിയജ്ഞം ആരംഭിച്ചുകഴിഞ്ഞോ? ആകട്ടെ, ഏതായാലും ഞാൻ കല്പന അനുഷ്ഠിക്കുകതന്നെ (പോയി)

ഋഷ—(നോക്കീട്ടു്) ഇതാ മഹിഷകൻ പേടിച്ചു് അങ്ങുമിങ്ങും നോക്കിക്കൊണ്ടു പാഞ്ഞുവരുന്നു. ഇതിന്നു കാരണമെന്തായിരിയ്ക്കാം?

(അനന്തരം മുമ്പു പറഞ്ഞപ്രകാരം മഹിഷകൻ പ്രവേശിക്കുന്നു)

മഹിഷകൻ—(സഭയം) എടോ! ഋഷഭക! ഓടാതെ മിഴിച്ചുനില്ക്കുന്നതെന്താണു്?

ഋഷ—(തട്ടുത്തുനിർത്തി) എടോ! എന്തിനിത്ര പരിഭ്രമിക്കുന്നു?

മഹി—എടോ! നീ കാണുന്നില്ലേ? ഇതാ ഒരാൾ അരിശത്താലിരുണ്ട പുരികത്തോടും നോക്കാൻ പാടില്ലാത്ത നെററിത്തടത്തോടുംകൂടിയവനായി ഉറയിൽനിന്നും വാളൂരുന്നു; മാറെറാരാൾ വില്ലിന്റെ ഞാൺ വലിക്കുന്നു; മൂന്നാമതൊരുവൻ തേരിലേറുന്നു; ഒരുവൻ ആവനാഴിയിൽനിന്നും അമ്പെടുത്തെയ്യുന്നു; ഒരുവൻ സൈന്യത്തോടുകൂടെ വരുന്നു. എന്തിനധികം? ഈ ദ്വാരകാപട്ടണം കള്ളുകുടിച്ചു മദിച്ച ഒരു സ്ത്രീയെപ്പോലെയായിത്തീൎന്നിരിക്കുന്നു.

(അണിയറയിൽ കളകളശബ്ദത്തിന്നുശേഷം)

ഹേ! ഹേ! ശ്രീകൃഷ്ണസ്വാമിയുടെ ഭുജവനച്ഛായയിൽ

വസിച്ചു, പരിഭവവും ധർമ്മാവലേപവും ലേശംപോലും അറിയാതെയുള്ള യാദവന്മാരേ! ഇദംപ്രഥമമായി സംഭവിച്ച ഈ മാനഭംഗത്തിൽ നിങ്ങൾ മൌനം ദീക്ഷിക്കുന്നതെന്താണു്?

അസ്ത്രസഞ്ചയമെടുക്കുവിൻ, ബത! തൊടുക്കു-
വിൻ, സ്വരഥമേറുവിൻ,
സത്വരം നിജ പരാക്രമങ്ങളിഹ കാട്ടു-
വിൻ! യദുകുലേന്ദ്രരേ!
നിസ്തുലപ്രഭയിലീശകേശവകൃശാനു
തുല്യനൊരു പൂരുഷൻ
ഭദ്രയെസ്സപദി കട്ടു നമ്മളെയുമിന്നു
കാമിനികളാക്കിനാൻ. ൧

ഉഷ—(നോക്കി പരിഭ്രമത്തോടെ) എടോ, ഇതാ ഏതോ ഒരു മഹാപുരുഷൻ കയ്യിൽ വില്ലേന്തി, പിൻഭാഗത്തു് ആവനാഴിയും തൂക്കി, സ്വാമിനിയായ സുഭദ്രയാൽ തന്നെ തെളിക്കപ്പെട്ടുന്ന തേരിൽ കയറി പോകുന്നു. ഇദ്ദേഹത്തിൻെറ ഞാണൊലി കേട്ടപ്പോൾ തന്നെ യദുസൈന്യം പിന്തിരിഞ്ഞോടുവാൻ തുടങ്ങിയിരിക്കുന്നു.

മഹി—(നോക്കി ചിരിച്ചു്) ഇത്രയെല്ലാം സംഭ്രമത്തിനുള്ള കാരണമെന്താണു്? വാസുദേവസ്വാമിതന്നെയാണല്ലോ സോദരിയെക്കൊണ്ടു പോകുന്നതു്.

(അണിയറയിൽ)

ഹേ! ഹേ! വാസുഭദ്രഭഗവാൻെറ നഗരത്തെ പരിപാലിക്കുന്നതിൽ ബദ്ധകങ്കണന്മാരും ഏതോ ചില അ

സ്ത്രങ്ങളുടെ മാത്രം ലാഭത്താൽ ദുഃശ്ലാഘ്യക്കു പാത്രീഭൂത ന്മാരും ആയ വൃഷ്ണ്യന്ധകപ്രമുഖവീരന്മാരേ! നിങ്ങൾ ഓടുകയല്ലാ വേണ്ടതു്.

പാൎത്ഥൻ ഞാൻ തീൎത്ഥലബ്ധോജ്ജ്വലവിശിഖസമൂ-
ഹത്തൊടൊത്തുള്ള ധീരൻ,
ചീൎത്തിടും ഞാൺതഴമ്പാൽ ഘനകിണമിയലും
നൽപ്രകോഷ്ഠം വഹിപ്പോൻ
ഇത്തവ്വിൽ സീരപാണിയ്ക്കുടയ സഹജയെ-
ക്കൊണ്ടുപോകുന്നുവേഗാൽ;
ശക്തന്മാരെങ്കിലോ താനരിപട പൊടിയാ-
ക്കിടുമെന്നെത്തടുപ്പിൻ.

ജൃഷ:— എടോ! ഇതു് വാസുദേവസ്വാമിയല്ല. അദ്ദേഹത്തെപ്പോലെയുള്ള രൂപസമ്പത്തോടുകൂടിയ അർജ്ജുനനാണു്. ഈ വീരന്റെ അമ്പിൽനിന്നു് ആൎക്കും ഒഴിവു കിട്ടുകയില്ല.

മഹി:—എടോ! ഇതാരാണു് വാനരനെപ്പോലെ അതി വിരൂപനായ മറെറാരാൾ തേരിന്റെ കൊടിമരത്തിൽ പിടിച്ചു് പേടിയാലങ്ങിങ്ങു നോക്കിക്കൊണ്ടിരിക്കുന്നതു്? കൂടാതെ ഒരുവൾ സ്വാമിനിയുടെ സമീപത്തിരുന്നു് വെഞ്ചാമരം വീശുകയും ചെയ്യുന്നു.

ജൃഷ:—(നല്ലവണ്ണം നോക്കി) എടോ! അതു് അദ്ദേഹത്തിന്റെ വയസ്യനായ ഏതോ ഒരു ബ്രാഹ്മണനായിരിക്കണം. മറേറതാകട്ടെ, ഞാൻ മുമ്പു കണ്ടിട്ടുള്ള 'ഷട്പദിക' എന്ന സഖിയാണു്.

മഹി:—എടോ! അത്ഭുതം തന്നെ. ഈ നഗരത്തിൽ

ഇദ്ദേഹത്തിന്റെ അമ്പേല്ക്കാതെ അംഗുലിയോളംകൂടി സ്ഥലമില്ല.

ഋഷ:—എടോ! അജ്ജുനന്റെ കാൎയ്യത്തിലിതാശ്ചൎയ്യമല്ല. ഇദ്ദേഹമിതാ ഗോപുരവാതിൽ കടന്നുകഴിഞ്ഞു. വിപൃഥുമുതലായ യാദവവീരന്മാരും പിന്നാലെ ഓട്ടുന്നു. അതിനാലിനി വലുതായൊരു യുദ്ധമുണ്ടാകുമെന്നാണു തോന്നുന്നതു്. അജ്ജുനന്റെ വിക്രമം കാണ്മാൻ പണ്ടേ എനിക്കാഗ്രഹമുണ്ടു്. അതിനാൽ നമുക്കീ രൈവതകപർവ്വതത്തിന്റെ മുകളിൽ കയറി നോക്കാം.

(രണ്ടുപേരും ചുററി നടന്നു് പൎവ്വതാരോഹണത്തെ നടിക്കുന്നു)

ഋഷ:—എടോ! ഞാനിതാ ഇതിന്റെ മുകളിൽ കയറി ക്കഴിഞ്ഞു. താനാകട്ടെ വല്ലികരം പിടിച്ചുകൊണ്ടു് ഓരോ അടിവെയ്ക്കുംതോറും ഇടറിവീഴുന്നു. ഇതാശ്ചൎയ്യം തന്നെ. എന്തെന്നാൽ ഋഷഭത്തെക്കാരം മഹിഷത്തിന്നു് ശക്തിയില്ലെന്നു വന്നല്ലോ.

മഹി:—(പണിപ്പെട്ടു കയറി നോക്കീട്ടു്) ഇതാ നോക്കു. പിന്നിൽ വരുന്ന ശത്രുസൈന്യത്തെ കണ്ടിട്ടു് അർജ്ജുനൻ തേർ തിരിച്ചു. മററൊരാശ്ചൎയ്യമെന്തെന്നാൽ പാററകരംപോലെയുള്ള ഇദ്ദേഹത്തിന്റെ അമ്പുകരം കുട, തഴ, കൊടി, കങ്കടം, കിരീടം ഇത്യാദിയെ മാത്രം നിലത്തു വീഴ്ത്തിയതല്ലാതെ, ആളുകരക്കോ, തേർ, കുതിര, മുതലായവയ്ക്കോ യാതൊരു പരുക്കും ഏല്പിച്ചിട്ടില്ലെന്നുള്ളതാണു്. വിപൃഥുവാകട്ടെ അടുത്തു ചെന്നു് 'ശൈബ്യസുഗ്രീവമേഘപുഷ്പവലാഹകന്മാരെന്നു പേരുള്ള കുതിരകളെ കെട്ടീട്ടുള്ള ദേവന്റെ

ഉൽകൃഷ്ടരഥത്തെ ദാനമായി കൊടുത്തു് അദ്ദേഹത്താലാലിംഗനം ചെയ്യപ്പെട്ടവനായി മടങ്ങിവരുന്നു.

ജൂഷ:—എടോ! വിപൃഥു വളരെ ഭീരുതന്നെ. അതിനാലാണല്ലോ ശത്രുവിനെ ശരണം പ്രാപിച്ചതു്.

(അണിയറയിൽ)

സ്വല്പദൂരം മാത്രം കേൾക്കപ്പെടാവുന്നതായ ഈ ദുന്ദുഭിസ്വനത്താൽ പ്രയോജനമില്ലാ. എന്തെന്നാൽ—

ദിക്കുംഭീന്ദ്രക്കുടയകടുതാം
കർണ്ണരന്ധ്രം പിളന്നും,
ചൊല്ലേറുണ്ടീടും പ്രഥമകിടിതൻ
ഘോരനാദത്തെ വെന്നും,
ഉൾക്കമ്പത്തെജ്ജനതയിലിയ-
റവന്ന ചാപാരവം താൻ
വെക്കം നിദ്രാവശഗരെയുണ-
ർത്തീടുമമ്പോടിദാനീം. ൩

മഹി:—എടോ! ആരാണിങ്ങിനെ കൊട്ടിഗ്ഘോഷിക്കുന്നതു്?

ജൂഷ:—(നോക്കീട്ടു്) എടോ! ഇതു് സഭാപാലൻെറ ഭേരി കൊട്ടുവാനുള്ള പുറപ്പാടാണു്. നാം ചെന്നീ വൎത്തമാനം നന്ദഗോപസ്വാമിയെ അറിയിക്കുക.

(രണ്ടുപേരും പോയി)

പ്രവേശകം കഴിഞ്ഞു

(അനന്തരം സഭാപാലൻ പ്രവേശിക്കുന്നു)

സഭാപാലൻ— ('സ്വല്പദൂരം' ഇത്യാദി വീണ്ടും പഠിച്ചിട്ടു്) അല്ലെങ്കിൽ രാജകല്പനകൾ ശരിയായി അനുഷ്ഠി

ക്കേണ്ടവയാണല്ലോ. അതിനാൽ ഭേരികൊട്ടുക തന്നെ. (അങ്ങിനെ ചെയ്യുന്നു)

(അനന്തരം സുഭദ്ര തെളിക്കുന്ന തേരിൽ ധനഞ്ജയനും വിദൂഷകനും ഷട്പദികയും പ്രവേശിക്കുന്നു)

ധനഞ്ജയൻ:—(സുഭദ്രയെ നോക്കി) അയി പ്രേയസി!

ദൂരത്തായ് വൃഷ്ണിയോധപ്രവരർ; വിപൃഥുവും
    പോയി; നീയാകയാലേ
സാരംഗക്കണ്ണി! മന്ദം തുരഗപതികളെ-
    ശ്ശങ്കയെന്യേ തെളിയ്ക്കൂ;
ഭൂരിക്ലേശം നിമിത്തം ശ്രമകണികകളാ-
    കുന്ന മുക്താഫലൌഘം
പൂരിക്കും നിൻകപോലം ഹൃദി മമ നിതരാം
    ഖേദമുണ്ടാക്കിടുന്നു! (൪)

സുഭദ്ര:—(ആത്മഗതം) ആര്യപുത്രന്റെ മുഖത്തുതന്നെ എല്ലായ്പോഴും നോക്കിക്കൊണ്ടിരിക്കുവാനുള്ള ഔത്സുക്യത്താൽ എന്റെ മനസ്സ് മററൊന്നും ശ്രദ്ധിക്കുന്നില്ല; ഭ്രാതാവായ വാസുഭദ്രന്റെ ശിക്ഷാസാമർത്ഥ്യത്താൽ എന്റെ കൈകൾ താനെ തേർതെളിക്കുന്നുവെന്നേയുള്ളൂ. (പ്രകാശം) ആര്യപുത്രന്റെ കല്പനപോലെ.

(തേർ മെല്ലെ തെളിക്കുന്നു)

വിദൂഷകൻ:—(ജനാന്തികം) വയസ്യ! അങ്ങേയ്ക്കു് കലഹോപദംശകം കൂടാതെ കാമരസാസ്വാദനമൊന്നുമുണ്ടായിട്ടില്ല. ആദ്യം പാഞ്ചാലീസ്വയംവരാവസരത്തിൽ ദേവാസുരന്മാർ തമ്മിലെന്നപോലെയൊരു പോരാട്ടം നടന്നു. ഇപ്പോഴാകട്ടെ വാസുഭദ്രഭഗവാ

നങ്ങേക്കു് സഹായമായുള്ളതിനാൽ യുദ്ധമൊന്നുമുണ്ടാകയില്ലെന്നാണു് ഞാൻ വിചാരിച്ചതു്. എന്നാൽ മുമ്പിലത്തേതിലും ഇരട്ടി ക്ഷോഭമിപ്പോഴുണ്ടായി. എന്തുകൊണ്ടും എനിക്കു അപമൃത്യുവിൽ നിന്നു മോചനം സിദ്ധിപ്പാൻ തരമില്ലെന്നു വന്നുകൂടി.

സുഭദ്ര—സഖി! വളരെ മുറുക്കിക്കെട്ടിയിരിക്കുകയാൽ ഈ ഗാത്രിക എന്റെ സ്തനയുഗത്തെ പീഡിപ്പിക്കുന്നു. അതിനാൽ തെല്ലൊന്നു് അയക്കുക.

ഷട്പദിക—ഭർത്തൃദാരികേ! പരിണയനാവസരത്തിൽ പല ദിവ്യഭൂഷണങ്ങളുമുണ്ടായിരുന്നെങ്കിലും, കുമാര ധനഞ്ജയന്റെ നാമധേയങ്ങൾ എഴുതപ്പെട്ടതുകൊണ്ടു മാത്രമുള്ള ആദരത്താൽ ഭവതി ആര്യകൌണ്ഡിന്യന്റെ കയ്യിൽനിന്നു വാങ്ങി ധരിച്ച ഈ ഗാത്രികയിൽ ഇത്ര ക്ഷണത്തിൽ മാത്സര്യം വരുവാൻ കാരണമെന്താണു്?

സുഭദ്ര—(വിദൂഷകനോടു്) ആര്യ! ഇതൊന്നു് അയക്കു.

വിദൂ—ആകട്ടെ. (അങ്ങിനെ ചെയ്യുന്നു)

(അണിയറയിൽ)

ഇതാ അക്രൂരൻ, അനിരുദ്ധൻ, ചാരുദേഷ്ണൻ, വിശാൻ, വിഡൂരഥൻ, സാംബൻ, സാരണൻ, സാത്യകി, പ്രസേനൻ, പ്രദ്യുമ്നൻ മുതലായ വീരനേതാക്കന്മാരോടുകൂടെ, തമ്മിൽ കൂട്ടിമുട്ടുന്ന പട്ടാംബരം, മകുടം, കടകം, കവചം, കേയൂരം മുതലായവയിൽനിന്നുൽഭൂതമാകുന്ന പൊടിപടലത്തോടുകൂടി ചേന്ന ഭൂരേണുക്കളാൽ ദിക്ചക്രവാളത്തെ പാണ്ഡുരമാക്കി, സംഭ്രമിച്ചു് 'ഞാൻ ഞാൻ മുമ്പി'ലെന്നവിധത്തിൽ സാത്വതഭടന്മാർ പാഞ്ഞുവരുന്നു.

സഭാ— (പരിഭ്രമത്തോടെ അണിയറയിലേക്കു നോക്കി,) അഹോ, സമരസംരഭത്തിന്നു് ബദ്ധകങ്കണനായ കൃതവൎമ്മാവിനാൽ അനുഗമിക്കപ്പെട്ടവനായി കൃതാന്തനെന്നപോലെ വരുന്ന ഇദ്ദേഹമാരാണു്? ആകട്ടെ, മനസ്സിലായി.

പാദക്ഷേപങ്ങളാലേ ഗിരികളൊട്ടുമുടൻ
ക്ഷോണിഭാഗം കുലുക്കി-
സ്സ്ഫീതശ്രീ രക്തനേത്രോൽഗ്ഗത ശിഖി ശിഖയാൽ-
ദ്ദിക്കുകൾക്കാഭ കൂട്ടി,
സ്വേദം പൂ,ണ്ടുഗ്രഭീമഭ്രുകുടിവിഷമിതാ-
സ്യത്തോ,ടെല്ലാം മുടിപ്പാൻ
ക്രോധം വൎദ്ധിച്ച രുദ്രൻപടി ഹലവുമെടു-
ത്താഗമിക്കുന്നു സീരി. ൫

ധന—(കേട്ടിട്ടു് കോപത്തോടെ) എന്തു്? എന്തു്? കാമപാലൻ എന്നെ തടുക്കുവാൻ വരുന്നുവെന്നോ! പ്രിയേ! എല്ലായ്പോഴും കള്ളുകുടിച്ചു് മത്തനായി, കൃത്യാകൃത്യവിവേചനശക്തിയില്ലാത്ത നിന്റെ ഭ്രാതാവായ ബലഭദ്രന്റെ നേരെ രഥം നടത്തുക.

ചിത്തവൎത്തിരിപു ധാൎത്തരാഷ്ട്രവരസഖ്യ
സഞ്ചലിതമായൊരാ-
നിസ്തുലപ്രണയസാരപൂരിത മുരാരി-
തന്നുടയ മൈത്രിയെ,
ഉത്തമാംഗി! മടിവിട്ടുടൻ സപദി സീര-
പാണിയുടെയൎഗ്ഗളം
ദീപ്തശസ്ത്രനിരയെയ്തുരത്തഥ ദൃഢീക-
രിച്ചിടുവനിന്നു ഞാൻ. ൬

(വില്ലിൻെറ ഞാൺ വലിക്കുന്നു)

സുഭദ്ര—(സബാഷ്പഗൽഗ്ഗദം) ശൈശവം മുതൽക്കേ എനിക്കു് അങ്ങയുടെ ചരണകമലത്തിൽ അങ്കുരിച്ച അനുരാഗത്തെ ഓൎത്തിട്ടെങ്കിലും, ഈയുള്ളവൾ കുലദ്ധ്വംസിനിയെന്ന ലോകാപവാദത്തിന്നു പാത്രീഭവിക്കാത്തവിധത്തിൽ അങ്ങുന്നു പ്രവൎത്തിക്കേണമേ. (കാൽക്കൽ വീഴുന്നു)

ധന—(സംഭ്രമത്തോടെ എഴുന്നേല്പിച്ചു്) പ്രിയേ! വിഷാദിക്കേണ്ട. നിൻെറ കുവലയസദൃശങ്ങളായ നയനയുഗളത്തിൽനിന്നും വിഗളിച്ച അശ്രുബിന്ദുക്കൾ ബലഭദ്രനെ മൃത്യുവിൽനിന്നും രക്ഷിച്ചിരിക്കുന്നു. എന്നാൽ വൃഷ്ണികൾ ഇനിയും നമ്മുടെ രഥത്തെ അനുധാവനം ചെയ്യുന്നതായാൽ, എൻെറ അസ്ത്രാഗ്നി, നിൻെറ ബാഷ്പസലിലപൂരത്തിന്നുപോലും കെടുത്തുവാൻ സാധിക്കാത്തവിധത്തിൽ ഉജ്ജ്വലിക്കുന്നതാണു്. അതിനാൽ ഇച്ഛാനുസൃതം തേർ തെളിച്ചുകൊള്ളൂ.

വിദൂ—ഭവതി! ഇനിയും വല്ലവരും വരുന്നതായി കേട്ടു്, ഇദ്ദേഹം ഞാണൊലികൊണ്ടു നമ്മുടെ ചെവി പൊട്ടിക്കുന്നതിന്നു മുമ്പിൽ നമുക്കിവിടെ നിന്നും വേഗത്തിൽ പോകാം.

സുഭദ്ര—ആൎയ്യപുത്രനാൽ ഞാനനുഗൃഹീതയായി. (തേർ തെളിക്കുന്നു)

ധന—(വിസ്മയത്തോടെ) സുന്ദരി! നിൻെറ സാരഥ്യശിക്ഷാസാമൎത്ഥ്യം അതി കേമംതന്നെ. എന്തെന്നാൽ—

ഇന്നോർത്താൽ കാണ്മതില്ലാ ശരനിരയെയഹോ!
ഭൂവിലും ദ്യോവിലുംതാ-
നെന്നല്ലാ പൊക്കിട്ടന്നില്ലയി! നിജപദ,മ-
ശ്വങ്ങൾ, താർഷ്ട്രനുമില്ല:
നന്നായ് ചാരത്തു കാണായ്വരുമൊരു ലതികാ-
വൃക്ഷസന്ദോഹമെല്ലാ
മന്നേരം തന്നെവേഗാലധികമകലെയാ-
യെന്നു തോന്നുന്നു കണ്ണിൽ. ൭

(പരിവാരത്തോടുകൂടി പോയി)

(അണിയറയിൽ)

എടാ! ദുരാത്മാവേ! പാണ്ഡുകുലപാംസന! പരമഹംസവേഷം ധരിച്ച് എന്റെ സോദരിയെ അപഹരിച്ചു സ്വവീര്യവിപര്യാസം വെളിപ്പെടുത്തിയ ഫൽഗുനാധമ! നീ എങ്ങോട്ടു പോകുന്നു?

സുഭ—(സഭയം) ഇതാ സമരസന്നാഹിയായ കൃതവർമ്മാവിനാൽ അനുഗതനായി കൃതാന്തനെപ്പോലെ ക്രുദ്ധനായ ഹലായുധൻ വരുന്നു. ഇദ്ദേഹം ഉരുട്ടിമിഴിക്കുന്ന കോപാഗ്നിപ്രദീപ്തമായ നേത്രത്താൽ സർവ്വ ജീവലോകവും പരിവർത്തിതമെന്നപോലെ കാണപ്പെടുന്നു.

(അനന്തരം കൃതവർമ്മാവിനോടുകൂടെ മുൻ വിവരിച്ചവിധത്തിൽ കോപാക്രാന്തനായ ഹലായുധൻ പ്രവേശിക്കുന്നു)

ഹലായുധൻ—(എടാ! ദുരാത്മാവേ! ...... ഇത്യാദി വീണ്ടും പഠിച്ച്)

പാതാളമാർന്നവിടെ നീ വാഴ്കിലസ്ഥലമട-
ച്ചീടുവൻ ഗിരികളാൽ;
ശ്രീതാവുമിന്ദ്രഭവനത്തിൽഗ്ഗമിക്കിലതുക-
ഷിപ്പനാശു കരിയാൽ;

ഏതാദൃശം വളരെ യോത്തുന്നതെന്തിഃനെവിടെ
 പ്പോകിലും രിപുനിണ-
സ്സ്ഥീതാരുണാഭപെട്ട മീലാംഗലം വിട്ടകയി-
 ല്ലിന്നു നിന്നെയധുനാ. വൃ

കൃതവമ്മാവു്—(ഉദ്വേഗത്തോടെ) വിധിയുടെ ഗതി ആ
ക്കും മനസ്സിലാക്കുവാൻ സാധിക്കുന്നതല്ല.
എന്തുകൊണ്ടെന്നാൽ—

ഇന്നുവ്വീപാലകന്മാർ ബലഹരികളഹോ!
 ദ്വാരകാപൂരിനോത്താ;-
ലെന്നല്ലീ ഞങ്ങളെല്ലാ ഭുവനതലവുമേ
 വെന്ന വൃഷ്ണിപ്രവീരർ;
എന്നിട്ടും ഭദ്രയെക്കട്ടിത്തു ഹരിതനയൻ,
 കഷ്ടമയ്യോ! കുരംഗം
ചെന്നദ്ദിക്കുംഭികുംഭം വടിവിനൊട്ട തക-
 ത്തിട്ടു നമ്മുത്തെടുത്തു! ൻ

സഭാ—(പേടിച്ച്) പാത്ഥകൃതപരിഭവത്താൽ അത്യധി
കം ക്രുദ്ധനായ ഇദ്ദേഹം മുമ്പിൽ സവ്വലോകങ്ങളും
ഭസ്മമാക്കും. അതിനാൽ ഞാൻ ചെന്നു് ഈ വൃത്താ
ന്തത്തെ ശ്രീകൃഷ്ണസ്വാമിയോടു് അറിയിക്കട്ടെ.

(പോയി)

ഹലാ—(അവജ്ഞയോടെ) കൃതവമ്മാവേ! ഈ ഫൽഗുന
ഹതകനെ മാത്രം കൊന്നിട്ടെന്തുഫലം? അതിനാൽ-

സീരത്താലേ പൊടിഞ്ഞീടിന ഘടകളക-
 ന്നാജിഭൂവിൽപതിച്ചു-
ള്ളോരക്കുന്തീസുതന്മാക്കുടയ വികൃതദേ-
 ഹങ്ങൾ കാറും, കടിച്ചും,

നീരംപോൽപാഞ്ഞൊലിക്കും ചുടുനിണമഖിലം
    മേൽക്കുമേലേകുടിച്ചും,
പാരം ശോഷിച്ച പൈശാചികവനിതകള-
    മ്പോടു മോദിച്ചിടട്ടേ. ൧൦

സൂത—ദേവ! കൌരവന്മാക്കിപ്പോഠം ഏഴാഴി ചൂഴുന്ന ഊഴി മുഴുവനും സിദ്ധിക്കുവാൻ ഭാഗ്യമുദിച്ചിരിക്കുന്നു. അതിനാലാണല്ലോ പാണ്ഡുപുത്രന്മാർ ഇത്ര കാല ത്തോളം മിത്രമായിരുന്ന അത്രഭവാനെ ഇപ്പോഠം ശ ത്രുവാക്കിച്ചെയ്യുതു്.

ഹലാ—സകല ക്ഷത്രിയന്മാക്കും അവജ്ഞക്കു ഹേതുഭൂത ന്മാരായ ആ കൌരവപശുക്കഠം ഈ പാണ്ഡവാപ ശദന്മാരുടെ പിതൃവ്യൻെറ മക്കളല്ലേ. രിപുജീവിത മാകുന്ന മരത്തെ പാടേ എരിക്കുന്ന എൻെറ കോപ വഹ്നി ഉജ്ജ്വലിക്കുമ്പോഠം,

വീഴ്ത്തിത്താഴേകിരീടം, മുടിയതുപിടിപ്പെ-
    ട്ടഞ്ജസാ കൈമടക്കി_
കുത്തി,ശ്ശത്രുക്കഠം തൻമാറിടമനിലശിഖാ
    ശ്രേണിസംശോണമാക്കി,
ഹൃത്തട്ടിൽ ഭീ വളക്കുംപടി, ഭുവി കൊട്ടതാം
    ദ്വന്ദ്വയുദ്ധം നടത്തും
ധൂത്തന്മാർ ധാത്തരാഷ്ട്രാധമരിനി വിഹരി-
    ച്ചീടുമോ പോക്കളത്തിൽ? ൧൧

അല്ലെങ്കിൽ ഈ ഭൂതലനിവാസികളിൽ എൻെറ ഭുജ വീയ്യപരാക്രമത്തെ പ്രകടിപ്പിക്കുവാൻ സാദ്ധ്യമല്ല. അതിനാൽ,

അരാതിനിണശോണസീരമുഖകോ-
　　ടിയാൽ, താമസം
വരാതെ,യിഹ സന്ധിബന്ധമകലെ-
　　ക്കള,ഞ്ഞിന്നു ഞാൻ,
സുരാരിസുരമുഖ്യരാം സകല ലോ-
　　കർ തന്നേയുമേ
പരാദ്ധ്യമുസലത്തിനാലുടനടി-
　　ച്ചോടിച്ചീടുവൻ. ൮൨

സൂത—ദേവ! കോപത്തെ അടക്കിനിൎത്തേണമേ! ദൈവദത്തമായ ആയുസ്സിൻെറ പ്രഭാവത്താൽ ഇപ്പോഴാ പാൎത്ഥപശു വളരെ ദൂരത്ത് എത്തിയിരിക്കും. അതിനാൽ നാം വാസുഭദ്രസ്വാമിയോടുകൂടെ ഇനി വേണ്ടുന്ന കാൎയ്യത്തെക്കുറിച്ചാലോചിക്കുക.

(അനന്തരം സന്തുഷ്ടനായ വാസുഭദ്രനും സാത്യകിയും പ്രവേശിക്കുന്നു)

വാസുദേവൻ—(സാനന്ദം) സാത്യകേ! തൻെറ അസ്ത്രാഗ്നിജ്വാലയാൽ അന്ധകാദികളെ അന്ധന്മാരാക്കി മാധവിയെ ഹരിച്ച ധനഞ്ജയൻ എന്നെ കൃതകൃത്യനാക്കിയിരിക്കുന്നു. കൂടാതെ—

വെണ്ണിലാവു ശശിയോടു, മാഭ രവിയോടു,
　　മാഹുതിഹുതാശനൻ
തന്നൊടും, ദൃതി സരസ്സൊടും സുമസമൃദ്ധി
　　ചൈത്രസമയത്തൊടും,
മിന്നലജ്ജലധരത്തൊടും ഘടിതമാക്കി-
　　യോരുവിധിതന്നെയാ-
ശ്ശുന്നു ഞാൻ സപദി ഭദ്രയെസ്സുരവരാത്മ-
　　ജാതനിലണയ്ക്കയാൽ. ൮൩

സാത്യകി—ദേവൻ പറഞ്ഞതു വാസ്തവമാണ്. അത്രഭവാൻ സങ്കൎഷണന്റെ കോപം അസ്ഥാനത്തിലാണെന്നുള്ളതിന്നു സംശയമില്ല.

ഏണാങ്കവംശമണിയായ്, ഹരിസൂനുവായ്, തൻ
പ്രാണാധികപ്രണയമാണ്ട കിരീടിതന്നെ,
ഏണാക്ഷി, ഭദ്ര, വരനായി വരിച്ചതിങ്കൽ
പ്രീണിച്ചിടാതെ ഹലി മോഹിതനായിടുന്നു! ൧൪

അതിനാലവിടുന്നുതന്നെ രൌഹിണേയന്റെ അമൎഷത്തെ മാൎജ്ജനം ചെയ്യേണ്ടതാണ്.

ഹലാ—കൃതവൎമ്മാവേ! അങ്ങിനെ പറയേണ്ട. ആ ദുരാത്മാവ് എത്ര ദൂരത്താണെങ്കിലും എന്റെ സീരകോടിയ്ക്കു് എത്താൻ കഴിയാത്ത ദിക്കിലല്ല. അതിനാൽ ഞാനവനെത്തന്നെ പിന്തുടരട്ടെ.

(ഔദ്ധത്യത്തോടുകൂടെ ചുററി നടക്കുന്നു)

വാസു—(അടുത്തുചെന്നു വന്ദിച്ച്) ആര്യൻ പ്രസാദിച്ചാലും. ആര്യ! സ്വജനത്തിൽ ഈ കക്ഷ്യാബന്ധം അനുചിതമാണല്ലോ. അതിനാൽ അതിതീവ്രമായ ഈ കോപവഹ്നിയെ അവിടുന്നു പ്രതിസംഹരിച്ചാലും.

ഹലാ—(നോക്കി) എന്തു്! എന്തു്! സ്വജനത്തിലെന്നോ!

പാരിച്ചുള്ളമദത്താൽ
കൌരുകുചീവൃത്തിയാൎന്നു, യമിയായി,
ഭദ്രയെ വന്നു ഹരിച്ചൊരു
പാൎത്ഥാധമനെങ്ങു? ഹന്ത! നാമെങ്ങോ? ൧൫

വാസു—ഇതിലാരാണ് പിഴച്ചതു്? അന്നു് ആര്യന്റെ

ന്നെ സന്യാസിവേഷധാരിയായ ഇദ്ദേഹത്തെ കന്യാപുരത്തിൽ കൊണ്ടുചെന്നാക്കി. ഇപ്പോഴാരുടെ നേരെ കോപിക്കുന്നു!

ഹലാ—വാസുഭദ്ര! പരവഞ്ചനാപടുക്കളായ പാപാത്മാക്കളുടെ ദുശ്ചേഷ്ടിതങ്ങൾ ആക്കും അറിവാൻ സാദ്ധ്യമല്ല. അതുകൊണ്ടുതന്നെയാണ് വഞ്ചകൻ വദ്ധ്യനാകുന്നതും. അങ്ങുന്നു പാണ്ഡവന്മാരുടെ പേരിലുള്ള ആകസ്മികപ്രണയത്തെ പരിത്യജിച്ചാലും.

അസ്രൌഘാതത്തിനാലേ പെരുകിയ നിണമാ-
 കുന്ന നേപത്ഥ്യമാന്നും,
വിദ്യുത്തിന്നൊത്ത വാളേററഥ വിഘടിതമാ-
 മുത്തമാംഗത്തൊടൊത്തും,
പാത്ഥന്മാർ തൻകബന്ധങ്ങളെ, നിജഭുജമ-
 ക്കാന്തമാർ തൻഗളത്തിൽ
ചേത്താരാൽ കണ്ടിടട്ടേ, നിശിചരരധുനാ,
 നൃത്തമാട്ടും ദശായാം. ഹന്ത

സാത്യകി—ദേവ, അവിടുന്നു ഭ്രാതാവായ വാസുഭദ്രസ്വാമിയുടെ അനുനയത്തെ അനുസരിച്ചു നിഷ്ഫലമായ ഈ ദുർഭരാമഷഭാരത്തെ ലഘൂകരിക്കേണമേ.

കൃത—(സകോപം) സാത്യകേ! അകാര്യകരമായ വാക്കാണ് ഭവാൻ പറഞ്ഞതു്. അപൂർവ്വപരിഭവം നിമിത്തം ഉജ്ജൃംഭിച്ചതും സമുചിതസ്ഥാനവത്തിയുമായ ഇദ്ദേഹത്തിൻെറ ക്രോധഭാരത്തെ മനസ്വിയായ ഏതൊരു യാദവനാണ് നിവാരണം ചെയ്യാൻ ശ്രമിക്കുക!

വെന്നു സർവ്വരിപുമുഖ്യരേയുമിഹ ഭീതി-
തന്നുടയ 'ഗന്ധ'മെ-
ന്തെന്നുപോലുമറിയാത്ത യാദവരെയും തൃ-
ണം പടി നിനച്ചഹോ!
ഇന്നൊരല്പശരവിദ്യയാൽപ്രമദമാന്നു,
നമ്മുടെ ശിരസ്സുലം
തന്നിലംഘ്രിയെ യണച്ചപാത്ഥപശു പാൎക്കി-
ലെങ്ങിനെയുപേക്ഷ്യനാം.' ൧൨

സാത്യകി—(ദ്വേഷ്യത്തോടെ) എടാ! ദുരാത്മാവേ! ശത്രുക്കളിൽ അപ്രതിഹതമായ പരാക്രമത്തോടുകൂടിയ സങ്കർഷണഭഗവാൻ ഫൽഗുനന്റെ നേരെ യഥാകാമം കോപിച്ചുകൊള്ളട്ടെ. എന്നാൽ ജനനം മുതല്ക്കു വീരപഥമെന്തെന്നറിയാത്ത നിന്നെപ്പോലെയുള്ളവർ ത്രൈലോക്യൈകധനുർദ്ധരനും, യുധിഷ്ഠിരസഹോദരനുമായ എന്റെ ആചാര്യനെ അധിക്ഷേപിക്കുന്നതിനാൽ തങ്ങളുടെ ആത്മജ്ഞാനവിഹീനതയെ മാത്രമാണു വെളിപ്പെടുത്തുന്നതു്!

സാന്ദ്രശ്രീബലഭദ്രചക്രധരരി-
ങ്ങില്ലായിരുന്നെങ്കിലോ,
തുണ്ണംശക്രസുതങ്കൽ നിന്നുമിഹ മേ
സിദ്ധിച്ച ബാണങ്ങൾ താൻ
ഇന്നെൻദേശികനായൊരസ്സുമതിയെ-
പ്പാരം വിനിന്ദിച്ചിട്ടും
നിന്നോടോതിടുമായിരുന്നു നൃപശോ!
വേണ്ടുന്നമട്ടുത്തരം. ൧൩

കൃത—(സാമർഷം) എടാ! എടാ! വൃഷ്ണികുലപ്പുഴുവേ!

ആരിൽനിന്നു ശരാംശമൊട്ടു ലഭി-
ച്ചിദം പ്രലപിപ്പു നീ,
പോരിലാച്ഛലയോഗിയാം വിജ-
യാധമന്റെ ശിരസ്സിനെ
വാരിവാഹപഥംകണക്കതി നീ-
ലമാകിയ വാളിനാൽ
ഭൂരിവേഗമറുക്കുവൻ തവ ക-
ണ്ണനാളമൊടൊത്തു ഞാൻ. ഫൻ

വാസു—(രണ്ടുപേരേയും നോക്കി) പാർത്ഥനെ സംബന്ധിച്ചു, നിങ്ങൾ രണ്ടുപേരും തമ്മിൽ കലഹിക്കുന്നതെന്തിനാണു്? മിണ്ടാതിരിക്കുവിൻ. (സാത്യകിയും കൃതവർമ്മാവും പണിപ്പെട്ടു കോപമടക്കി മൌനമവലംബിക്കുന്നു)

വാസു—ആര്യ! ക്രോധാന്ധകാരത്തെ അകററി ഹൃദയത്തെ പ്രശാന്തമാക്കി അവിടുന്നു് ഇതൊന്നാലോചിക്കേണമേ.

ചേലുററ നന്മകളിണങ്ങി, മനോരഥത്തി-
നാലും പരക്കു ഭുവി ദുർല്ലഭനായ പാർത്ഥൻ
ഇമ്മട്ടു മാധവിയെയങ്ങു ഹരിച്ചതിങ്കൽ
നമ്മൾക്കു കുട്ടു വരുവാനവകാശമുണ്ടോ? ഫം

ഹലാ—വാസുഭദ്ര! ഭവാൻ ശത്രു കാണിച്ച ധിക്കാരത്തേയും അനുഗ്രഹമായി കരുതുന്നു. ലോകരാകട്ടെ, നാം പ്രതികാരം ചെയ്വാനസമർത്ഥരാണെന്നു് ഉൽഘോഷിക്കുകയും ചെയ്യും.

വാസു—ആര്യ! ദയവുചെയ്തു് ഉത്തരോത്തരകഥാപ്രസംഗം മതിയാക്കി, പിതൃസഹോദരിയായ കുന്തീദേവിയിൽ ഇവനുള്ള പുത്രതയും മിത്രതയും ആലോചിച്ചി

ട്ടെങ്കിലും ധനഞ്ജയനിൽ പ്രസാദിച്ച് അവിടുന്ന്
ഈയുള്ളവനെ അനുഗ്രഹിക്കുമാറാകേണമേ!

ഹലാ—(കൈകൾ തിരുമ്മി) കഷ്ടം! ഹാ! കഷ്ടം!

പരിഭവമഹാസ്ത്രകൃതമാം
പരിക്ഷതം ചെററുമേ സഹിപ്പാനും,
മൊഴി തവ കേൾക്കായ്പതിനും
കഴിയാതെ കുഴങ്ങിടുന്നു മമചിത്തം! ൭൧

(പ്രയാസപ്പെട്ടു കോപത്തെ അടക്കീട്ടു കൃതവർമ്മാവി
നോടുകൂടി പോയി)

സാത്യകി—ദേവ! രൌഹിണേയൻെറ അന്തഃക്ഷോഭമ
ഹാൎണ്ണവസമുത്ഥിതമായ കോപബഡവാനലൻ ഇ
പ്പോൾ പ്രശാന്തമായ വിധത്തിലായിരിക്കുന്നു.

വാസു—അങ്ങിനെതന്നെ. ഭവാനിനി ചെന്ന് ആൎയ്യ
സങ്കൎഷണൻെറ കോപത്തെ ഞാൻ ശമിപ്പിച്ചിരിക്കു
ന്നതായി യദുക്കളെ അറിയിച്ച വിവിധ സ്ത്രീധനങ്ങ
ളോടുകൂടി ഉടൻ ഇന്ദ്രപ്രസ്ഥത്തിലേയ്ക്കു യാത്രപോകു
ന്നതിന്നായിട്ടവരെ ഒരുക്കുക. ഞാനും പോയി,

അനുനയവചനത്താലിന്നിനിത്തെല്ലുശേഷി-
ച്ചിട്ടമരിശമശേഷം ഹൃത്തിൽനിന്നങ്ങകററി,
മുദിതയദുവരന്മാരോട്ടുമേ യാത്രപോകു-
ന്നതിനു ഹലധരൻ തൻ സമ്മതം വാങ്ങിടട്ടേ. ൭൨

സാത്യകി—ദേവൻെറ കല്പനപോലെ.

(രണ്ടുപേരും പോയി)

നാലാമങ്കം കഴിഞ്ഞു.

# അഞ്ചാമങ്കം

(അനന്തരം പ്രതിഹാരകൻ പ്രവേശിക്കുന്നു)

പ്രതിഹാരകൻ— ഹേ! ഹേ പൌരന്മാരേ! പുണ്ഡരീകാക്ഷൻേറയും പുണ്ഡരീകാക്ഷസഹോദരീസഹിതനായ ഇന്ദ്രപുത്രൻേറയും ആഗമനമഹോത്സവലാഭത്താൽ ആനന്ദപരവശനായ യുധിഷ്ഠിരമഹാരാജാവു് ഈ നഗരത്തെ അനവദ്യതരമാക്കി തീൎക്കുവാൻ നിങ്ങളോടു് ആജ്ഞാപിക്കുന്നു. ആകയാൽ—

ചൂൎണ്ണത്താൽ ധൂസരശ്രീദിനരുചിയുളവാ
ക്കീടുവിൻ; ദിക്കുതോറും
ചിന്നും ധൂമം പരത്തീടുവിനരിയ മണം
ചേൎന്ധൂപങ്ങളാലേ;
ഉന്നിദ്രത്വം മികക്കും ധ്വജപടനിരയാൽ
താഴ്ത്തുവിൻ വാനിടത്തെ;
തൂൎണ്ണം ഭൃംഗങ്ങൾ ചൂഴും മലർ വിതറീടുവിൻ
രാജമാൎഗ്ഗങ്ങൾ തോറും. ൧

(അനന്തരം ഒരു ചേടി പ്രവേശിക്കുന്നു)

ചേടി— പാഞ്ചാലീദേവി എന്നോടിങ്ങനെ ആജ്ഞാപിച്ചിരിക്കുന്നു. 'സഖീ! നന്ദിനികേ! നീ ചെന്നു് എൻെറ ഭൎത്താവു് എപ്പോഴാണിന്ദ്രപ്രസ്ഥത്തിൽ പ്രവേശിക്കുന്നതെന്നറിഞ്ഞുവരിക. കൂടാതെ സപത്നീമത്സരം ഭയന്നു് എൻെറ ഭഗിനിയായ സുഭദ്ര, ഗോപാലികാവേഷത്തിലാണു വരുന്നതെന്നും കേട്ടു. കേട്ട മാത്രയിൽതന്നെ ആ ശീലവതിയിൽ എനിക്കു പ്രീ

തിയുണ്ടായിരിക്കുന്നു. അതിനാൽ ആ വേഷവിശേഷം അവൾക്കു ശോഭാകരമോ അല്ലയോ എന്നും കണ്ടു മനസ്സിലാക്കുക് എന്നു്. എന്നാൽ കുമാരധനഞ്ജയനും ആ ഭത്തൃദാരികയും എവിടെയായിരിക്കാം? (മുമ്പിൽനോക്കി) ഇതാ ആൎയ്യപ്രതിഹാരകൻ വാതില്ക്കൽ നില്ക്കുന്നു. അദ്ദേഹത്തോടു ചോദിക്കാം (അടുത്തുചെന്നു) ആൎയ്യ! ഇപ്പോൾ രാജവംശത്തിലെ വിശേഷവൎത്തമാനങ്ങളെന്തെല്ലാമാണു്?

പ്രതി— അല്ല, നന്ദിനികയോ? നന്ദിനികേ! കുമാരധനഞ്ജയൻ ബാഹ്യോദ്യാനത്തിൽ നഗരപ്രവേശത്തിന്നു മുഹൂൎത്തം കാത്തുകൊണ്ടു വസിക്കയാണു്. ദ്രൌപദീദേവിയെ പ്രണമിപ്പാനായി ഗോപാലികാവേഷം ധരിച്ച ഭത്തൃദാരികയായ സുഭദ്രയാകട്ടെ ഭഗവതീഭജനാൎത്ഥം ക്ഷേത്രത്തിലേക്കു പോയിരിക്കുന്നു. കൂടാതെ അസംഖ്യം സ്ത്രീധനങ്ങളോടുകൂടെ തന്നെ അനുഗമിക്കുന്ന സങ്കൎഷണസനാഥമായ സാത്വതസേനയെ വഴിയിൽ ഒരിടത്തു നിൎത്തി വാസുഭദ്രഭഗവാൻ അജാതശത്രുവിനെ കാണ്മാൻ രാജധാനിയിലേക്കു വന്നിട്ടുമുണ്ടു്. ഇതെല്ലാമാണു വൃത്താന്തങ്ങൾ. ഇനി ഞാനീ മഹോത്സവത്തെ ദേവനോടറിയിക്കട്ടെ. ഭവതിയും ആത്മകാൎയ്യമനുഷ്ഠിച്ചാലും.

ചേടി— ആൎയ്യൻ പൊയ്ക്കൊള്ളുക. ഞാനും ദുൎഗ്ഗാക്ഷേത്രത്തിലേയ്ക്കു പോവട്ടെ.

(രണ്ടുപേരും പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം ധനഞ്ജയനും വിദൂഷകനും പ്രവേശിക്കുന്നു)

ധനഞ്ജയൻ— (ആനന്ദത്തോടെ) അഹോ! വിസ്മയംതന്നെ. തീർത്ഥയാത്രാദിവസം മുതൽക്കു് എനിക്കുണ്ടായ ക്ലേശങ്ങളെല്ലാം തന്നെ അവസാനത്തിൽ അത്യാനന്ദപ്രദായകങ്ങളായി വന്നുകൂടി. എന്തെന്നാൽ—

മദചക്ഷുസ്സോടിണക്കീ പൃഥുകുചമിയലും
ഭദ്രയെക്കാമദേവൻ,
വർദ്ധിച്ചീടുന്ന രാഗാൽ ദ്രുപദതനയയെ-
പ്പുല്കുവാൻ കാലമെത്തീ;
പ്രീത്യാ പ്രാപിച്ചിടാറായ് സഹജരുടെ ചിരാ
ശ്ലേഷം; എന്നാകിലും താൻ
(നിമിത്തം നടിച്ചു വിഷാദത്തോടെ)
അത്യാപത്തൊന്നിദാനീം വരുമടനിദമോ-
തുന്നു ഹാ! വാമഹസ്തം. ൩

വിദൂഷകൻ— (ആത്മഗതം) ഇദ്ദേഹത്തിന്റെ ഇടംകൈ തുടിച്ചതിന്നുള്ള കാരണമെനിക്കു മനസ്സിലായി. രഥവേഗം നിമിത്തം ഗാത്രിക എന്റെ കയ്യിൽനിന്നും വഴിയ്ക്കെങ്ങോ വീണുപോയിരിക്കുന്നു. ആ അനിഷ്ടസംഭവത്തെയാണു് ഈ നിമിത്തം സൂചിപ്പിച്ചതു്. (പ്രകാശം) വയസ്യ! വിഷാദിക്കേണ്ട. ശരീരത്തിന്റെ ആദ്യഹേതുക്കൾ വായുവും ആകാശവുമാണെന്നുള്ള താർക്കികസിദ്ധാന്തത്തെ ഭവാൻ കേട്ടിട്ടില്ലയോ? അതിനാൽ ശരീരത്തിൽ വായുപരിസ്പന്ദത്തെ ആർക്കാണു നിരോധിക്കുവാൻ സാധിക്കുക.

(അനന്തരം ഗാത്രികയും എടുത്തുകൊണ്ടു
ദീർഘാധ്വഗൻ പ്രവേശിക്കുന്നു)

ദീൎഘാധ്വഗൻ — (ശ്രൽക്കാരത്തോടെ) ഈ കഴിഞ്ഞ സംവത്സരം മുഴുവനും വത്സധനഞ്ജയനെ കണ്ടുപിടിപ്പാൻ സാധിക്കാതെ വന്നതിനാൽ എന്റെ അദ്ധ്വഗമന പരിശ്രമമെല്ലാം നിഷ്ഫലമായി ഭവിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വൎത്തമാനം അറിഞ്ഞുവരുവാൻ യുധിഷ്ഠിര മഹാരാജാവിനാൽ നിയുക്തനായ ഞാൻ പാണ്ഡ്യജനപദത്തിലും മലയാദ്രിയിലും കുമാരീ തീൎത്ഥത്തിലും ഗോകൎണ്ണത്തിലും കേരളഭൂമിയിൽ സഹ്യപൎവ്വതപ്രാന്തത്തിലും സമുദ്രതീരത്തുള്ള മററു തീൎത്ഥസ്ഥാനങ്ങളിലും അന്വേഷിച്ചുതൃപ്തനാകാതെ ഒടുവിൽ ദ്വാരകയിൽ ചെന്നു. അവിടേയും കുമാരനെ കണ്ടില്ല. അതിനുശേഷം, അദ്ദേഹം ഇന്ദ്രപ്രസ്ഥത്തിലാണെന്നറിഞ്ഞു് ഇങ്ങോട്ടു തിരിച്ചു. ഇവിടെ വന്നപ്പോഴാകട്ടെ നഗരബാഹ്യോദ്യാനത്തിലുണ്ടെന്നാണു കേട്ടതു്. ഇതാകുന്നു ആ ഉദ്യാനം. അതിനാൽ ഉള്ളിൽ കടക്കുകതന്നെ. (പ്രവേശനം നടിച്ചു്) കുമാരൻ ജയിച്ചാലും.

ധന— (നോക്കി) ഏയ്! അങ്ങുന്നു് ആൎയ്യന്റെ ചാരനായ വാനജവനല്ലേ? എന്തു ശാസനയുംകൊണ്ടാണു വന്നിരിക്കുന്നതു്?

ദീൎഘാ— (വന്ദിച്ചിട്ടു്) കുമാര! മഹാരാജാവിന്റെ കല്പനപ്രകാരം കുമാരനെ അന്വേഷിച്ചു ലോകം മുഴുവനും ചുററിത്തിരിഞ്ഞു, വഴിക്കു കുമാരനാമധേയാങ്കിതമായ ഒരു ഗാത്രിക കണ്ടിട്ടു്, അതു കുമാരന്റേതായിരിക്കാമെന്നു കരുതി ഞാനിങ്ങോട്ടു കൊണ്ടുവന്നിട്ടുണ്ടു്.

ധന— സഖേ! ഇതു നഷ്ടമായിട്ടും ഭവാനിത്ര കാലം അനാകുലനായിരുന്നതെങ്ങിനെ?

വിദൂ— ഇതു വീണുപോകത്തക്കവണ്ണം അത്ര വേഗത്തിൽ തേർ നടത്തിയ തത്രഭവതിയോടാണ് അങ്ങുന്നു കോപിക്കേണ്ടത്; എന്നോടല്ല.

(അണിയറയിൽ കളകളശബ്ദത്തിന്നുശേഷം)

കഷ്ടം! ഹാ! ദുഷ്ടരാത്രിഞ്ചരവരനൊരുവൻ
മേനി ഖണ്ഡിച്ചുവാളാൽ
പുഷ്ടശ്രീ ഫൽഗുനൻതൻപ്രണയനിലയമാം
കൃഷ്ണസോദര്യതന്നെ,
ദംഷ്ട്രാഗ്രത്താൽക്കടിച്ചുഗ്ഗഗനഭുവി ഗമി
ച്ചീടിനാ;നദ്രിപുത്രി-
യ്ക്കൊട്ടും കാരുണ്യമി;ല്ലിദ്ധരണിയിലമരും
ഞങ്ങളാലെന്തു സാദ്ധ്യം? ൩

ധന— (ദുഃഖത്തോടെ കേട്ടിട്ട്) ഹാ! പ്രേയസി! (മൂൎച്ഛിച്ചു വീഴുന്നു)

വിദൂ— (സാസ്രഗൽഗദം) ഹാ! കൃതാന്തഹതക! മഹേന്ദ്രപുത്രനും ഭുവനൈകചാപധരനും വാസുഭദ്രമിത്രവും ധൎമ്മാനുജനുമായ ഇദ്ദേഹത്തിന്നുപോലും ഈ വിധമുള്ള ആപത്തുവരുത്തി നീയിപ്പോൾ ഈശ്വരനായിത്തീൎന്നിരിക്കുന്നു. (വിചാരിച്ച്) അഹോ! ഇദ്ദേഹത്തെ സമാശ്വസിപ്പിക്കാതെ ഞാൻ ഓരോന്നു ജല്പിക്കാൻ തുടങ്ങിയതു മൂഢതകൊണ്ടുതന്നെയാണ്. വയസ്യ, ആശ്വസിച്ചാലും, ആശ്വസിച്ചാലും.

ദീൎഘാ— അഹോ! അത്യാഹിതം! കഷ്ടം! ഇദ്ദേഹത്തിന്നിനിയും ബോധംവന്നിട്ടില്ല. ദൈവമേ! കുമാരൻ്റെ ഈദുൎദ്ദശാവസ്ഥയെ കാണ്മാനാണോ എന്നെ ഇപ്പോളിവിടെ എത്തിച്ചതു്!

വിദൂ— ഹാ! ഇദ്ദേഹം ഉണരാത്തതെന്താണ്! വയസ്യ! അന്നിതരസാധാരണമായ ഭുജപരാക്രമത്താൽ യാദവസൈന്യമഹാർണ്ണവത്തിൽനിന്നും സമുദ്ധൃതയും, ഇപ്പോൾ രാക്ഷസഗോഷ്ഠദത്തിൽ നിമജ്ജിച്ചു കിടക്കുന്നവളുമായ മാധവിയെ അങ്ങുന്നിപ്പോൾ ഉപേക്ഷിക്കുകയാണോ! വാനജവ! ഭവാൻ അമ്മയായ കുന്തിയോടും ഭ്രാതാക്കളോടും യാജ്ഞസേനിയോടും ഇദ്ദേത്തിൻെറ അവസ്ഥയെ അറിയിക്കാതെ നില്ക്കുന്നതെന്താണ്? ഹാ! അമ്മേ! കുന്തീദേവി! ദീർഘകാലപ്രവാസം കഴിഞ്ഞു മടങ്ങിവന്നിട്ടു ഭവതിയുടെ പാദപ്രണാമം ചെയ്യാതെ, പൂർവ്വാചാരം ലംഘിച്ച് ഈ പ്രിയതനയനിതാ പരലോകയാത്രയാരംഭിച്ചിരിക്കുന്നു!

ദീർഘ— ആര്യൻ പറഞ്ഞതു ശരിയാണ്. ഒരു പക്ഷേ, സോദരന്മാരുടെ സാന്നിദ്ധ്യത്താൽ ഇദ്ദേഹത്തിന്നു ബോധം ഉണ്ടായെന്നു വരാം. ഹാ! ഈ ദുഃഖവൃത്താന്തം അറിയിപ്പാൻ ഹതവിധി ഈയുള്ളവനെയാണല്ലോ നിയോഗിച്ചതു്! (കരഞ്ഞുംകൊണ്ടു പോയി)

വിദൂ— പരലോകയാത്രാഭിമുഖനായ വയസ്യനെ അനുഗമിക്കാതെ ഞാനെന്തെല്ലാമോ ചെയ്വാൻ തുടങ്ങി! കഷ്ടം! അല്ലെങ്കിൽ തത്ര ഭവതിയുടെ അംഗസംസ്പർശത്താൽ സുഭഗമായ ഈ ഗാത്രിക പലപ്പോഴും ഇദ്ദേഹത്തിന്നു സന്താപഹരമായി കാണപ്പെട്ടിട്ടുണ്ടല്ലോ. ഒരു സമയം അതിപ്പോൾ മോഹാലസ്യവും തീർത്തേക്കാം! ഏതായാലും ഈ പരീക്ഷയുംകൂടി നടത്തീട്ടു പിന്നെ എൻെറ ജീവനെപ്പരിത്യജിക്കാം. (ഗാത്രിക മാറിലണയ്ക്കുന്നു)

ധന— (പെട്ടെന്നാശ്വസിച്ച സസന്തോഷമാലിംഗനം ചെയ്തു") അയി സുന്ദരി! നീ മടങ്ങിവന്നുവോ? (വീണ്ടും നോക്കി സവിഷാദം) അല്ല! ഇതു ഗാത്രികയാണോ! (ബാഷ്പത്തോടെ) ഹാ! ഗാത്രികേ! ഏകാകിനിയായി പോകുന്ന ജീവിതേശ്വരിയെ അനുധാവനം ചെയ്യുന്ന എന്നെ നീ എന്തിന്നു തടുത്തുനിൎത്തുന്നു? (മേലോട്ടു നോക്കി കണ്ണീർ വാൎത്തു കൈ കൂപ്പ )

ഹാ! മൽതാത! മഹേന്ദ്ര! താവകപുര
 ത്തിങ്കൽ പ്രവേശിച്ചൊര-
ശ്രീമന്മാധവിയായിട്ടും വധുവിനെ
 സ്വാങ്കത്തിലേററിബ്ഭവാൻ
പ്രേമത്താൽ ശചിയംബയൊത്തനുനയി
 ച്ചീടേണമേ, ഞാനുമി-
ന്നീമന്നാശു പരിത്യജിച്ചു വഴിയേ
 വന്നീടുമങ്ങോട്ടു താൻ. ൪

വിദൂ— (സന്തോഷത്തോടെ ആത്മഗതം) ഭാഗ്യത്താൽ അവശേഷിച്ചിരിക്കുന്ന സുകൃതം നിമിത്തം ഇദ്ദേഹത്തിനു ബോധം വന്നു. ഇനിയും മോഹിക്കാതിരിക്കത്തക്കവണ്ണം സംഭാഷണമാരംഭിക്കുകതന്നെ. (പ്രകാശം) വയസ്യ! ഭവാൻെറ ബാഹുബലത്താലായത്തമായ പുരുഷാൎത്ഥങ്ങളോടുകൂടിയ ജ്യേഷ്ഠനായ യുധിഷ്ഠിരനേയും, മാതാവിനേയും മററു സഹോദരന്മാരേയും കാണുന്നതിന്നു മുമ്പേ ഭവാൻ ജീവത്യാഗത്തിന്നു തുനിഞ്ഞതെന്താണു്?

ധന—സഖേ! നാശിക്കപ്പെട്ട ജീവിതസുഖത്തോടുകൂടിയ ജനത്തിന്നു ബന്ധുജനദൎശനത്തിൽ ആഗ്രഹമുണ്ടാ

കുമോഃ(സകരുണം) മാതാവേ! കുന്തീദേവി! ഇന്നു മുതൽ, അജ്ജുനനിൽ ഭവതിക്കുണ്ടായിരുന്ന പുത്രവാത്സല്യത്തെ മററു നാലു മക്കൾക്കുംകൂടി വിഭജിച്ചുകൊടുത്താലും.

ചേൎത്തില ധൎമ്മതനയങ്കൽ കുരുക്കളുടെ സ
    ല്ലക്ഷ്മിയെ; ബ്ബത തഥാ
സപ്താബ്ധിമേഖലയണിഞ്ഞുള്ള ഭൂമിയെയണ-
    ച്ചീല തൽഭുജമതിൽ,
പൃത്ഥ്വീപതീന്ദ്രരുടെ മൂർദ്ധാവിലേററിയതുമി-
    ല്ലാ തദീയചരണം;
പാൎത്താൽ പൃഥേ! ഭവതിയെന്തീവൃഥാരുജഭവി
    ച്ചീടുവാൻ മമഭരം. ൫

വിദൂ— വയസ്യ! ആത്മഹത്യ ഇഹത്തിലും പരത്തിലും ഒരുപോലെ സുഖഹാനിയെ ചെയ്യുന്നതാണെന്നു് അങ്ങേയ്ക്കു ഞാൻ പറഞ്ഞു തരേണമെന്നുണ്ടോ?

ധന— സഖേ! ഇതു വാസ്തവംതന്നെ. എനിക്കു പ്രാണനെ ഉപേക്ഷിക്കുവാൻ ലേശം മോഹമില്ല. എന്നാൽ—

മുന്നോട്ടു തെല്ലടിനടന്നു, മുഖം തിരിച്ചാ-
സ്സുന്നാംഗിയെന്മനസി ചേൎത്ത കടാക്ഷപാശം
ഇന്നെന്റെ ജീവനെയുമായതിനോടു ചേൎത്തി-
ട്ടൊന്നായ് സഖേ! ബത! പിടിച്ചു വലിച്ചിടുന്നു. ൬

വിദൂ— (സ്വഗതം) ബന്ധുജനസ്നേഹത്താലും മററും ഇദ്ദേഹത്തെ ശരിയായ വഴിയ്ക്കു കൊണ്ടുവരുവാൻ പ്രയാ

സമാണ്. എങ്കിലും ഇദ്ദേഹത്തെപ്പോലെയുള്ളവർ ശത്രുകൃതപരിഭവത്തെ സഹിക്കുന്നവരല്ലല്ലോ! അതിനാൽ ഇദ്ദേഹത്തിന്നു മനഃക്ഷോഭത്തെ ഉണ്ടാക്കുക തന്നെ. (പ്രകാശം) വയസ്യ! ത്രൈലോക്യത്തിൽ ശോകപാരവശ്യത്തെപ്പോലെ അലംഘനീയമായി മറെറാന്നുമില്ല; അതുകൊണ്ടാണല്ലോ ഭവാൻപോലും സ്വവല്ലഭയുടെ മരണത്തിന്നു ഹേതുഭൂതനായ രാക്ഷസാപശദനിൽ പ്രതിക്രിയ ചെയ്യാതെ പരവശനായി പലതും പ്രലപിക്കുന്നതു്.

ധന— (സംഭ്രമത്തോടെ എഴുനീററു്) എന്തു്! അപരാധികളായ ശത്രുജനത്തിൽ പ്രതികാരം ചെയ്യാൻ ധനഞ്ജയൻ അശക്തനെന്നോ? (മുകളിലേക്കു നോക്കി) എടാ! എടാ! എൻെറ പ്രേയസിയുടെ പ്രാണനെ അപഹരിച്ച രാക്ഷസാധമ! നീ എവിടെ ചെന്നു് എൻെറ ബാണങ്ങളെ പരിഹരിക്കുന്നു!

ദുഷ്ട! ശൌരി തവ രക്ഷയെങ്കിലനലോപ-
മാസ്ത്രശതമെയ്തുടൻ
രുഷ്ടനാഗവരതുല്യചാപരടിതങ്ങ-
ളാൽ ക്ഷിതികുലുക്കി ഞാൻ,
അഷ്ടമൂർത്തി ഭഗവാൻ പുരത്രിതയമെന്ന
മട്ടു യുധി നിന്നെയും
കോട്ടമററ യമന്റേയുമായവനെഴും പുര
ത്തെയുമെരിക്കുവൻ. ൧

അല്ലെങ്കിൽ, മാധവി സ്വശരണാഗതയും വിശിഷ്യ തൻെറ സഹോദരിയും ആയിരുന്നിട്ടും അവളെ രക്ഷി

ക്കാതിരുന്ന ചണ്ഡികയാണിതിൽ അപരാധിനി വില്ല്, വില്ല്.

(അനന്തരം ദ്രൌപദീവേഷം ധരിച്ച കാത്ത്യായനിയും, ഗോപാലികാവേഷം ധരിച്ച സുഭദ്രയും പ്രവേശിക്കുന്നു)

കാത്ത്യായനി— അജ്ജുനൻെറ പ്രഭാവം അചിന്തനീയമത്രേ. ഇദ്ദേഹത്തിൻെറ സംരഭമറിഞ്ഞു ഭയപ്പെട്ടിട്ടാണു ഞാൻ യാജ്ഞസേനീവേഷം ധരിച്ചുവന്നിരിക്കുന്നതു്.

സുഭദ്ര—(ഭയംനടിച്ചു്) അഹോ! എൻെറ ഭഗിനിയായ ഈ ഭഗവതിയോടൊന്നിച്ചു് ആയ്യപുത്രൻെറ അടുക്കലേയ്ക്കു പോകുന്ന എനിയ്ക്കു് ഇപ്പോഴും ആ നിശിചരാപശദൻ മുമ്പിൽതന്നെ ഉള്ളതുപോലെതോന്നുന്നു.

കാത്ത്യാ—(അടുത്തുചെന്നു) നാഥൻ ജയിച്ചാലും. നാഥ! ഈ സംരംഭത്തെ ഉപസംഹരിക്കുക. അങ്ങയുടെ സഹധമ്മചാരിണിയായ മാധവിയെ ഭഗവതി അക്ഷതശരീരയായി എൻെറ കയ്യിൽ ഏല്പിച്ചിരിക്കുന്നു, അവളെ സ്വീകരിച്ചു.

സുഭദ്ര—ആയ്യപുത്രൻ ജയിക്കട്ടെ.

ധന— (സന്തോഷത്തോടും ആശ്ചര്യത്തോടുംകൂടെ ആത്മഗതം) ഇവൾ യഥാത്ഥത്തിൽ മാധവിതന്നെയാണെങ്കിൽ എൻെറ ജന്മം ഇന്നു സഫലമായി. എന്നാൽ ഇവളോടുകൂടെ ദ്രൌപദിയും വന്നിരിക്കയാൽ ഞാൻ കത്തവ്യമൂഢനായിത്തീന്നിരിക്കുന്നു. (പയ്യാകുലനായി നില്ക്കുന്നു)

വിദൂ—(ജനാന്തികം) പ്രാണേശ്വരിമാരായ ദേവികളെ പ്രത്യക്ഷമായി കണ്ടിട്ടും ഭവാൻ മൌനമവലംബിക്കുന്നതെന്താണു്?

ധന—സഖേ! സത്യമായും ഇവർ യാജ്ഞസേനിയും സുഭദ്രയുംതന്നെ. എങ്കിലും ഈദൃശഭാഗധേയങ്ങൾ ഈയുള്ളവനുണ്ടാകുമോ എന്നാണ് സംശയം.

വിദൂ—വയസ്യ! വിചാരിക്കാതിരിക്കുമ്പോൾ കൈവന്ന അഭ്യുദയത്തെ വെറും സന്ദേഹത്താൽ നഷ്ടമാക്കരുതേ!

സുഭദ്ര—(കോപത്തോടെ ആത്മഗതം) എങ്ങിനേയോ മൃത്യുമുഖത്തുനിന്നും രക്ഷപ്പെട്ട എന്നിൽ ആര്യപുത്രനിപ്പോൾ പണ്ടു കാണാത്ത ഒരു സ്ത്രീയിലെന്നപോലെ ഉദാസീനത കാണിക്കുന്നതെന്താണ്?

വിദൂ—(സുഭദ്രയെ നോക്കി ജനാന്തികം) വയസ്യ! ഇതാ തത്രഭവതി സുഭദ്ര ഭംഗുരമായ ഭ്രൂവിക്ഷേപത്താലും വിശാലമായ ദൃഷ്ടിപാതത്താലും അന്തർഗ്ഗതമായ അമർഷത്തെ വെളിപ്പെടുത്തുന്നു. ഭവാനാകട്ടെ ചിരവിരഹിതയായ യാജ്ഞസേനിയിലും, അന്തകപുരത്തിൽ പോയി തിരിച്ചുവന്ന അത്രഭവതിയിലും സന്ദേഹം തീൎന്നിട്ടും ഔദാസീന്യം ആചരിക്കുകയും ചെയ്യുന്നു!

ധന—സത്യമായിട്ടും എനിക്കിപ്പോൾ സംശയം തീൎന്നു. എന്നാൽ—

സന്ദിഗ്ദ്ധജീവിതമിയന്നുള്ള മാധവിയൊടോ-
തേണ്ട സാന്ത്വമൊഴിയി-
ന്നൊന്നും പുറപ്പെടുവതില്ലെങ്കൽനിന്നുമിഹ പാ-
ഞ്ചാലി മേവിടുകയാൽ;

എന്നല്ലഹോ! വിരഹദൂനതപമേന്തി വിലസീ-
ടുന്ന കൃഷ്ണയുടെ നൽ-
കുന്നൊത്ത കൊങ്ക ഹൃദിചേപ്പാനുമില്ലതര,മി-
ബ്ഭദ്രയിങ്ങെഴുകയാൽ. ൮

(പ്രകാശം) പ്രിയേ! പാഞ്ചാലി! സുഭദ്രയെ പുനൎജ്ജീവിപ്പിച്ചു നമ്മെ ശോകസമുദ്രത്തിൽനിന്നും ഉദ്ധരിച്ച ഭഗവതിയുടെ അനുഗ്രഹം അതിമഹത്തരംതന്നെ.

സുഭദ്ര—(ആത്മഗതം) ഭാഗ്യത്താൽ ആൎയ്യപുത്രൻ എങ്കൽ ഉദാസീനത കാണിച്ചതല്ല; ഇദ്ദേഹം ഈ ഭഗവതിയെ വാസ്തവത്തിൽ ആൎയ്യയായ ദ്രൌപദിയാണെന്നു വിചാരിച്ചു ദാക്ഷിണ്യംനിമിത്തം ഒന്നും മിണ്ടാതിരുന്നതാണു്. ഇതു മനസ്സിലാക്കാതെ ഞാൻ വൃഥാ കോപിച്ചു! കഷ്ടം!

(അനന്തരം ചേടിയോടുകൂടെ കണ്ണുനീർ പൊഴിച്ചുംകൊണ്ടു ദ്രൌപദി പ്രവേശിക്കുന്നു)

ദ്രൌപദി— സഖി! നന്ദിനികേ! എന്നെ വന്ദിക്കുവാൻ വേണ്ടി ഗോപാലികാവേഷം ധരിച്ചുവന്ന ആ വാസുഭദ്രഭഗിനി ചരമഗതി പ്രാപിക്കയാലിനി ഒരു നിമിഷംപോലും ജീവസന്ധാരണം ചെയ്യാനെനിക്കാഗ്രഹമില്ല. നാഥനിപ്പോഴും ജീവനോടെ ഇരിക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തെക്കൂടി ഒന്നു കണ്ടിട്ടു്, കൃതാൎത്ഥയാകാം. അതിനാൽ നഗരബാഹ്യോദ്യാനത്തിലേക്കുള്ള വഴി കാണിക്കുക.

ചേടി—(സാസ്രഗൽഗദം) ഈ മരണപരിണാമദുഃഖത്തിനു് ഏകഹേതുവായ ഞാൻ ഇനി മുതൽ നന്ദിനികയല്ല. സ്വാമിനി ഇതിലെ, ഇതിലെ.

(രണ്ടുപേരും ശോകപാരവശ്യത്തോടുകൂടി ചുററി നടക്കുന്നു)

ചേടി—(മുമ്പിൽനോക്കി സസന്തോഷം) സ്വാമിനി! വ്യസനിക്കേണ്ട. ഇതാ ഭർത്തൃദാരികയായ മാധവി കുമാരൻെറ അടുക്കൽ നില്ക്കുന്നു.

ദ്രൌപദി—(കണ്ടിട്ടു സന്തോഷാശ്ചര്യങ്ങളോടെ) സഖി! ഇതു സത്യമായിരിക്കുമോ?

ചേടി— (വീണ്ടുംനോക്കി സവിസ്മയം) അയ്യോ! മറെറാരാശ്ചര്യം! അങ്ങോട്ടു പോകുന്ന സ്വാമിനിയെ തന്നെയും അവിടെ കാണപ്പെടുന്നു! ഇതെന്തായിരിക്കാം.

ദ്രൌപദി— ഹാ! ഭഗവാനേ! (പരവശയായി നില്ക്കുന്നു)

ചേടി—സ്വാമിനി! ഭയപ്പെടേണ്ട. കുമാരനുണ്ടല്ലോ. അടുത്തുചെന്നു വാസ്തവം മനസ്സിലാക്കാം.

ദ്രൌപദി—ആകട്ടെ, എങ്കിലും പലവിധ ശങ്കകളാലെൻെറ മനസ്സു പര്യാകുലമായി ഭവിക്കുന്നു. (സംശയിച്ചുകൊണ്ടു് അടുത്തുചെല്ലുന്നു)

സുഭദ്ര—(ആത്മഗതം) അഹോ! വേഷച്ഛന്നയായ ഭഗവതിയെപ്പോലെയുള്ള മറെറാരു സ്ത്രീ ഇതാ വരുന്നു. ആര്യയായ ദ്രൌപദിയായിരിക്കുമെന്നാണു തോന്നുന്നതു്. ഇവർ അടുത്തുവന്നാൽഭഗവതിയുടെ രഹസ്യം വെളിപ്പെടും. ഏതായാലും സമയംപ്രതീക്ഷിക്കുക തന്നെ.

വിദൂ—(നോക്കി ഭയത്തോടെ) വയസ്യ! രക്ഷിച്ചാലും. ഈ ഉദ്യാനം രാക്ഷസമയമായിത്തീന്നിരിക്കുന്നു! അങ്ങുന്നു കാണുന്നില്ലേ, ഓരോ ദിക്കിൽനിന്നും ഓരോ ദ്രൌപദി വരുന്നതു്! ഇതെല്ലാം മായയായിരിക്കണം.

ധന—സഖേ! ചേടിക്കേണ്ട. എല്ലാം കണ്ടറിയാം.

കാത്ത്യാ—(സ്വഗതം) എൻെറ വേഷപരിഗ്രഹത്തെ വി ഫലമാക്കി ഇതാ പാഞ്ചാലി വരുന്നു.

ദ്രൌപദി—നാഥൻ ജയിക്കട്ടെ.

ചേടി—കുമാരൻ ജയിക്കട്ടെ.

വിദൂ—വയസ്യ! വാസ്തവത്തിലുള്ള യാജ്ഞസേനി ഏതാണെന്നു ഭവാന്നു മനസ്സിലായോ?

ധന—(സവിതക്കം) സഖേ! രണ്ടാമത്തെ ദ്രൌപദി എൻെറ ദൃഷ്ടിയിൽ പ്രേമവതിയായി കാണപ്പെടുന്നതിനാൽ യഥാത്ഥത്തിലുള്ളവളാണെന്നു തോന്നുന്നു. പ്രഥമയാകട്ടെ ഔദാസീന്യം ആചരിക്കുന്നതു നിമിത്തം മായാവിനിയായിരിക്കണം. തന്മൂലം ഇവളെ ശാസിക്കേണ്ടതാണു്. (സക്രോധം) അനാര്യേ! ഈവിധം അകൃത്യമാചരിക്കുന്നതെന്തിനു്?

കാത്ത്യാ—(ദ്രൌപദീവേഷത്തെ മാററി)

വത്സ! തവ പ്രണയിനിയാം
മത്സഹജയെയിന്നു നല്കുവാൻ വേണ്ടി,
വന്നിതുടനാര്യയാം ഞാൻ,
കുന്നിച്ചീടൊല്ല ഹൃദി രോഷം.

(എല്ലാവരും സംഭ്രമം നടിക്കുന്നു)

വിദൂ—ആര്യേ! ഇതും മായയായിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു!

ധന—(സാമോദം)സഖേ, അങ്ങിനെയല്ല. ഇതു പരമാത്ഥത്തിൽ ഭഗവതിതന്നെയാണെന്നു് എൻെറ രോമാഞ്ചം പറയുന്നു. (വിദൂഷകനോടുകൂടെ നമസ്കരിച്ചു കൈകൂപ്പി)

മന്നമമ്മഹിഷമൂൎദ്ധ്നി ചേൎത്ത ചരണത്തെ
　　യും, ധനുഷി ഞാൺവലി-
ച്ചുന്നതാരവമുതിൎത്തിടുന്ന മൃദുലാഷ്ട
　　ബാഹുനിവഹത്തെയും,
സാന്ദ്രചാരുകലമാഭപൂണ്ടു, വിഗളിച്ചി-
　　ടുന്ന പുതുവെണ്ണിലാ-
വാൎന്നവക്ര ശശിലേഖചേൎന്ന ജടയേയു
　　മേ തവ നമിപ്പു ഞാൻ. ൧൦

കൂടാതെ അജ്ഞതകൊണ്ടു് ഈയുള്ളവൻ ജല്പിച്ച വാക്കു കളെയെല്ലാം അവിടുന്നു ക്ഷമിക്കുകയും വേണം. (കാല്ക്കൽ വീഴുന്നു)

കാത്ത്യാ—(എഴുന്നേല്പിച്ചു) വത്സ! ധനഞ്ജയ! ദുഃഖിക്കേണ്ട.

ഭദ്രനായ തനയൻ ഭവിച്ചിടും
ഭദ്രയിൽ തവ സമൻ ധനുൎദ്ധരൻ,
ആൎത്തവിഘ്നമൊടു പോരിൽ നീയുമ-
ങ്ങാൎത്തിവി,ട്ടസുരരെജ്ജയിച്ചിടും. ൧൧

ധന— ഞാനനുഗൃഹീതനായി.

ദ്രൌപദി—ഭഗവതി! ഞാൻ വന്ദിക്കുന്നു. (കാല്ക്കൽ വീഴുന്നു)

കാത്ത്യാ— (എഴുന്നേല്പിച്ചു്) ഭദ്രേ! പാഞ്ചാലി! നീ അഞ്ചു ഭൎത്താക്കന്മാരിൽനിന്നും അപ്രതിമന്മാരായ അഞ്ചു പുത്രന്മാരെ പ്രാപിക്കും. നീ ആരുടെ ആപത്തിനെപ്പററി ശങ്കിച്ചു സാഹസക്രിയ ചെയ്വാനൊരുമ്പെട്ടുവോ, ആ ഭഗിനിയായ ഇവളെ ഇനി സ്വീകരിച്ചാലും (സുഭദ്രയെ കാണിച്ചുകൊടുക്കുന്നു).

ദ്രൌപദി— ഞാൻ അനുഗ്രഹിക്കപ്പെട്ടു.

സുഭദ്ര— (ആത്മഗതം) കഷ്ടം! ഞാൻ കാരണമായി ആൎയ്യ മരിക്കുവാനുമൊരുമ്പെട്ടുവോ? (പ്രത്യക്ഷം) ആൎയ്യേ! വന്ദിക്കുന്നു.

ദ്രൌപദി— ഒരിക്കലും ഭൎത്താവിനാൽ വിയുക്തയാകാതെ ഭവിച്ചാലും. വരൂ, എന്നെ ആലിംഗനം ചെയ്യുക. (അങ്ങിനെ ചെയ്യുന്നു)

സുഭദ്ര— (സ്വഗതം) സ്നേഹംകൊണ്ടു് ഇവർ എനിക്കു മാതാവായ ദേവകീദേവിയെപ്പോലെയാണു്.

ധന— (വന്ദിച്ച) ഭവതി! എനിക്കു വന്നുചേൎന്ന ഈ വ്യസനത്തിന്നുള്ള യഥാൎത്ഥകാരണം അറിയുവാനാഗ്രഹിക്കുന്നു.

കാൎത്ത്യാ— വത്സ! കേട്ടാലും. പണ്ടു ദുൎയ്യോധനൻ ഈ മാധവിയെ പരിണയനം ചെയ്യാനിച്ഛിച്ച വാസുഭദ്രഭയത്താൽ, അവളെ ഗൂഢമായി അപഹരിക്കുവാൻ ഭൂതരൂപധാരിയായ 'അലംബുസൻ' എന്ന രാക്ഷസനെ അയച്ചു. അന്നു നീ തന്നെയാണല്ലോ അവളെ രക്ഷിച്ചതു്.

ധന— (ഓൎമ്മിച്ചു്) ശരിതന്നെ. എന്നിട്ടു്—

കാൎത്ത്യാ— ഇപ്പോഴും ആ ദുരാത്മാവുതന്നെ അവന്റെ പ്രേരണയാൽ മായാരൂപമെടുത്തു് ഇവളെ കൊണ്ടുപോയി. ഞാൻ കണ്ടു രക്ഷിക്കയും ചെയ്തു.

ധന— ഞാനനുഗൃഹീതനായി.

കാൎത്ത്യാ— (ചിന്തിച്ച) വത്സ! യുധിഷ്ഠിരഭീമസേനന്മാരൊത്തു് ആൎയ്യ വാസുഭദ്രൻ ഇങ്ങോട്ടുവരുന്നുണ്ടു്. അതിനാൽ ഞാൻ പോകട്ടെ. (പോയി)

ധന— (പാഞ്ചാലിയെ നോക്കി) ദേവി! ഭവതിയുടെ സൌഹാർദ്ദത്താൽ മാധവിയുടെ പോയ പ്രാണൻ തിരിച്ചു വന്നു.

ദ്രൌപദി— നാഥ! എന്റെ സൌഹാർദ്ദംകൊണ്ടല്ല, അവശേഷിച്ച ഭാഗ്യലേശംകൊണ്ടാണ് ഈ സോദരി മടങ്ങിവന്നതു്. (ഓർമ്മനടിച്ചു്) ഇപ്പോൾതന്നെ യദുക്കൾ വരുന്നുണ്ടു്. അവരെ സൽക്കരിക്കാൻ ഞാൻ പോകേണ്ടതാണല്ലോ.

ധന— ഇതു യുക്തംതന്നെ. എന്നാൽപോവുക. ഞാനും വഴിയെ വരാം. (ദ്രൌപതി ചേടിയോടുകൂടെ വന്ദിച്ചുപോയി)

വിദൂ— ഭാഗ്യത്താലിപ്പോൾ സൈരന്ധ്രീനദി അപഗതഗ്രാഹിയായി ഭവിച്ചു. അതിനാൽ അത്രഭവാൻ യഥേഷ്ടം അവഗാഹനം ചെയ്യാലും. ഭവാന്റെ സ്നേഹം സർവ്വകാലമുല്ലളിതമാണു്. എന്തെന്നാൽ, ആദ്യം ഇവളുടെ അപത്തിനെപ്പററി കേട്ടപ്പോൾ മോഹിച്ചു മരണത്തിന്നടുത്ത ഘട്ടത്തിലായി. കണ്ടപ്പോഴാകട്ടെ ആനന്ദപരവശനായി നില്ക്കുകയും ചെയ്യുന്നു.

സുഭ:— ഹാ! അധന്യയായ എനിക്കുവേണ്ടി ആര്യപുത്രനും മോഹിച്ചു. കഷ്ടം!

ധന— പ്രിയേ! എന്റെ വക്ഷസ്സിന്റെ അഭിലാഷത്തെ പൂരിപ്പിച്ചാലും. (ആലിംഗനം ചെയ്യുന്നു)

വിദൂ— ഭവതി! ഈ സന്തോഷാവസരത്തിൽ ഷട്പദികയെ ഇവിടെ കാണാത്തതിനാൽ ഞാനൂഹിക്കുന്നു, രാക്ഷസനാൽ നിശ്ശേഷം ഭക്ഷിക്കപ്പെട്ടിരിക്കുമെന്നു്.

സുഭദ്ര— മൂർഖ! അമംഗളം പറയേണ്ട. ആ തപസ്വിനി

മററു സഖിമാരെ കൂട്ടിക്കൊണ്ടുവരുവാൻ യാദവശിഖരത്തിലേക്കു പോയിരിക്കയാണു്.

വിദൂ— വയസ്യ! ഈ ഗാത്രികയെ ഭണ്ഡാഗാരത്തിൽ നിക്ഷേപിക്കുകയോ, അത്രഭവതിയുടെ കുചമണ്ഡലത്തിന്നലങ്കാരമാക്കുകയോ ചെയ്യുക. എനിക്കിതു സൂക്ഷിക്കുവാൻ പ്രയാസമാകുന്നു.

ധന—സഖേ! ഓർമ്മപ്പെടുത്തിയതു നന്നായി. എനിക്കു ജീവനെ ദാനം ചെയ്ത ഇതിന്നിപ്പോൾ പ്രത്യുപകാരം ചെയ്യാം. (ഗാത്രിക കുചത്തിലർപ്പിക്കുന്നു)

(അനന്തരം യുധിഷ്ഠിരഭീമസേനന്മാരോടൊ
രുമിച്ചു വാസുഭദ്രൻ പ്രവേശിക്കുന്നു)

വാസുഭദ്രൻ— (സാനന്ദം)

സദ്രത്നൌഘാദിനാനാധനമുപഹൃതമായ്;
കുന്തിതൻപാദപത്മം
മൂർദ്ധാവിൽചേർന്നി;തെല്ലാമധികവിഫലമായ്
ധാർത്തരാഷ്ട്രന്റെ യത്നം,
പ്രീത്യാവന്നെത്തി വൃഷ്ണിപ്രവരരൊടുമുടൻ
സീരി;യെന്നല്ലുറച്ചു
സദ്ധർമ്മംഹന്ത!ഞാനുംസഹജരുമധുനാ.
നിർവൃതന്മാരുമായി. ൧൨

യുധിഷ്ഠിരൻ— (സഹർഷം). ദേവ! അങ്ങയുടെ പാദത്തെ ആശ്രയിച്ചിരിക്കുന്ന പുരുഷാർത്ഥസിദ്ധികളോടുകൂടിയ ഞങ്ങൾ നിർവൃതന്മാർതന്നെയായി. വാതജന്റെ വാക്കു കേട്ടു ശോകാന്ധന്മാരായ ഞങ്ങളെ വാസ്തവം മനസ്സിലാക്കി സമാശ്വസിപ്പിച്ചതും അവിടുന്നാണല്ലോ. കൂടാതെ—

ജീവികൾക്കുടയ സൃഷ്ടിരക്ഷണവിനാശ
　　　　കർമ്മകരനായ്, പരം
ശ്രീവളർന്നൊരുദരത്തിനുള്ളിലുലകങ്ങൾ
　　　　ചേർത്തു വിലസും ഭവാൻ
ഈവിധം സുഖമെനിയ്ക്കുിയററവതിനെപ്പൊ
　　　　ഴും നിരതനാകയാൽ
ദേവ! ധന്യനിവനോളമില്ലൊരുവനന്യ-
　　　　നിത്രിഭുവനങ്ങളിൽ. ൧൩.

ഭീമസേനൻ— (ഓർമ്മനടിച്ച് അവജ്ഞയോടെ) ആര്യ്യ! അന
ർത്ഥനാശം ഭവിക്കേണമെന്നു ഞാനാഗ്രഹിക്കുന്നില്ല.
എന്തെന്നാൽ—

ധൂർത്തനാകിയൊരു ധാർത്തരാഷ്ട്രഹതകൻ മ-
　　　　ദത്തൊടുമയച്ചൊര-
ക്ഷുദ്രരാക്ഷസകുലാധമൻ സപദികട്ടു
　　　　മത്സഹജപത്നിയെ,
അദ്രിപുത്രിപരിരക്ഷ ചെയ്യിടുകകൊണ്ടു
　　　　സമ്പ്രതി രണോർവ്വിയിൽ
കൈത്തരിപ്പു ബത! മാററവാനവസരം ന
　　　　മുക്കുകിടയാതെയായ്! ൧൪

(എല്ലാവരും ചുററിനടക്കുന്നു)

വാസു— ഇതാണ് ആ ഉദ്യാനം. അകത്തു കടക്കാം

(എല്ലാവരും പ്രവേശം നടിക്കുന്നു)

ധന— ഇതാ ചക്രപാണിഭഗവാൻ ആര്യ്യന്മാരോടൊ
ന്നിച്ച് ഇവിടേയ്ക്കുവരുന്നു.

(അടുത്തുചെന്നു യുധിഷ്ഠിരവൃകോദരന്മാരെ വന്ദിക്കുകയും
വാസുദേവനെ ആശ്ലേഷിക്കയും ചെയ്യുന്നു)

(സുഭദ്രയും വന്നു് എല്ലാവരേയും ക്രമപ്രകാരം പ്രണമിക്കുന്നു)

എല്ലാവരും— വത്സേ! അവിധവയായി ചിരം മേല്ക്കുമേ ലഭ്യുദയം പ്രാപിച്ചാലും.

വിദൂ— അങ്ങിനെതന്നെ ഭവിക്കട്ടെ.

യുധി— വത്സ! ധനഞ്ജയ! വിരഹദുഃഖപ്രദായകമായിരുന്ന ഇക്കഴിഞ്ഞ ഒരു വഷത്തിലെ നിന്റെ തീത്ഥയാത്ര, സവ്വലോകഗുരുവും സങ്കഷ്ണാനുജനുമായ ഭഗവാനോടുള്ള സംബന്ധത്തിന്നു ഹേതുവാകയാൽ മംഗളകരമായി പയ്യവസാനിച്ചിരിക്കുന്നു.

ഭീമ— വത്സ! ബീഭത്സോ! പുരപ്രവേശത്തിനുള്ള മുഹൂത്തം അടുത്തു. കൂടാതെ ദേവനോടൊന്നിച്ചുവന്ന സങ്കഷണസനാഥമായ സാത്വതസൈന്യം നിന്റെ വരവുകാത്തുകൊണ്ടു നില്ക്കുകയും ചെയ്യുന്നു. തന്മൂലം വേഗത്തിൽ പുരപ്രവേശത്തിന്നു സന്നദ്ധനാവുക.

ധന— (സപരിതോഷം) ആയ്യന്മാരെ! ത്രൈലോക്യനായകനായ ഈ ഭഗവാന്റെ മൈത്രിയാൽ സ്വയംവൃതനാവുകയാൽ അനുഗ്രഹിക്കപ്പെട്ട എങ്കൽ സമ്പത്തുകളെല്ലാം അഭിമുഖീഭവിക്കാതിരിക്കുന്നതെങ്ങിനെ?

വാസു— സഖേ! ഫൽഗുന! ഇനിയും ഞാൻ ഭവാനു് എന്തൊരു അഭീഷ്ടത്തെയാണു ചെയ്യേണ്ടതു്?

ധന—

ശ്രീതാവും ധരണീധരേന്ദ്രസുതയാ-
 ലിബ്‌ഭദ്ര മേ ലബ്ധയായ്;
സ്ഥീതാനഘ്ഗുണപ്രദൻ മമ, ഭവാൻ
 വന്നെത്തി സൈന്യത്തൊടും;

ഹേ ദാമോദര! മൂർദ്ധ്നി ചേൎന്നു, മുദിത
ന്മാരായ സോദൎയ്യർ തൻ
പാദാബ്ജങ്ങളുപേക്ഷണീയമധുനാ-
മറ്റൊന്നുമില്ലിന്നുമേ. ൮൩

എങ്കിലും ഇങ്ങിനെ ഭവിക്കട്ടെ.

(ഭരതവാക്യം)

പൃത്ഥ്വീഭാഗത്തെ, മേഘാവലി നവകളമ-
ശ്യാമഭാസ്സാക്കിടേണം;
തീൎത്തീടേണം ഭവാനും പ്രജകളുടെ മഹാ
തങ്ക,മാനന്ദബന്ധു;
പ്രദ്ധ്യാനസുധാന്തമോലുംഘനരുചിരതനോ!
ചക്രപാണേ! പ്രിയം മേ
വൎദ്ധിക്കേണം ഭവാങ്കൽ ഭുവി ജനിതജഗൽ
ചക്ര! ജന്മങ്ങൾ തോറും. ൮൪

അഞ്ചാമങ്കം കഴിഞ്ഞു.

യഃസവ്വൈരപികഥ്യതേ ഭുവിനവഃ
ശുക്രക്ഷ്മീരേവംബുധൈഃ
‘സീതാരാമ’ ഇതിപ്രസിദ്ധധരണീ
ദേവാഗ്ര്യമുക്താമണിഃ
ശഷ്യേണാസിമുദാ ഹിസ്യേവിദുഷാ
‘ഗോപാല’നാമ്നാകൃതം
കൈരള്യാം വിമലംവിവത്തനമിദം
ഭദ്രാജ്ജുനീയം ശുഭം.

---

“ദേഹഃസ[illegible]ദംബുജാക്ഷ്യാ” കലിതസരഭരം
[illegible] സേവ്യമാനഃ
[illegible]ാഹരമ്യസ്സ ഉ നരകജിതഃ
[illegible]സേ ഭൂയസേ നഃ
യോ നിത്യം നാഭിപങ്കേരുഹലസിതരമാ-
മന്ദഹാസാംശുമിശ്രഃ
സ്വാങ്ഗംഗാംബുപ്രവാഹോന്മിളിതരവിസുതാ-
കാന്തിപൂരം ബിഭത്തി.

MUL
165500
165500
38428
015:2I22:2
32 HI
UNIVERSITY LIBRARY
13 JUL 1955

-6 JAN 1960